MUNNU MAHARAYAKKANMAR.

VOL. II. PILLAI.

V222:21WM5
32F9

V222:21WM5
32F9

MURUGAN BINDING
WORKS,
NO. 3, BOMMULIER STREET,
ELEPHANT GATE, MADRAS-1.

MUL
097738

097738

# മൂന്നു മഹാരാജാക്കന്മാർ.

174A

ടി. കെ. വേലുപ്പിള്ള, ബി. എ., ബി. എൽ.

B. V. BOOK DEPOT & PRINTING WORKS
PRINTERS, PUBLISHERS
BOOK SELLERS &c.
TRIVANDRUM, TRICHUR

പകർപ്പവകാശം ഗ്രന്ഥകർത്താവിനു്.

എസ്സ്. ആർ. ബുക്ക്ഡിപ്പോ,
തിരുവനന്തപുരം.

ഗ്രന്ഥകർത്താവിന്റെ കയ്യൊപ്പില്ലാത്ത പുസ്തകം വ്യാജമാകുന്നു.

രണ്ടാം പതിപ്പ് കാപ്പി—5000.

വി. വി. പ്രസ്സ് (ബ്രാഞ്ച്)

തിരുവനന്തപുരം.

1104.

97738
V222:21wM5
32 F9

# മൂന്ന് മഹാരാജാക്കന്മാർ.

തിരുവിതാംകൂർ രാജവംശത്തോളം പുരാതനമായ രാജവംശങ്ങൾ വളരെ അപൂർവ്വമാകുന്നു. സമർത്ഥന്മാരായ അനേകം മഹാരാജാക്കന്മാർ ഇവിടെ രാജ്യഭാരം ചെയ്തിട്ടുണ്ടു്. അവരിൽ ചിലർ യുദ്ധങ്ങൾ നടത്തുകയും അന്യൽ ദേശങ്ങളെ പിടിച്ചടക്കുകയും ചെയ്തിട്ടുണ്ടു്. മറ്റു ചിലർ സമാധാനമായി കാലംകഴിച്ചു് രാജ്യത്തിന്റെ അഭ്യന്തരമായ ഐശ്വര്യത്തിൽ മാത്രം ശ്രദ്ധിച്ചിരുന്നു. പ്രാചീനകാലങ്ങളിൽപോലും നമ്മുടെ രാജാക്കന്മാർ പ്രായേണ വിദ്വാന്മാരായിരുന്നു. വിദ്യ സമ്പാദിക്കുവാനും അതിനെ പ്രചാരപ്പെടുത്തുവാനും ഇത്രത്തോളം യത്നിച്ചിട്ടുള്ള ഭരണകർത്താക്കന്മാർ മറ്റു ദിക്കുകളിൽ കാണ്മാനില്ലെന്നുതന്നെ പറയാം.

നമ്മുടെ രാജാക്കന്മാരിൽ ചിലർ വലിയ കവികളായിരുന്നു. ടിപ്പുസുൽത്താൻ തിരുവിതാംകൂറിനെ അക്രമിച്ച കാലത്തു് ഇവിടെ രാജ്യഭാരം ചെയ്തിരുന്ന കാർത്തിക തിരുനാൾ മഹാരാജാവു് തിരുമനസ്സുകൊണ്ടു അനേകം കൃതികൾ ഉണ്ടാക്കീട്ടുണ്ടു്. ഇരുപത്തിരണ്ടാമാണ്ടു് നാടുനീങ്ങിയ സ്വാതിതിരുനാൾ മഹാരാജാവു് തിരുമനസ്സുകൊണ്ടു് പല ഭാഷകളിലും കാവ്യനിർമ്മാണം ചെയ്തിട്ടുള്ളതും നമുക്കറിയാം. നമ്മുടെ രാജാക്കന്മാർക്കു് ശാസ്ത്രങ്ങളിൽ ഉള്ള അറിവു് വളരെ ദൃഢമായിരുന്നു. പൂർവ്വകാലങ്ങളിൽ രാജ്യഭാരം ചെയ്തിരുന്ന രാജാക്കന്മാർ സംസ്കൃതഭാഷയിലും ഹിന്ദുക്കളുടെ ശാസ്ത്രങ്ങളിലുമാണു്

അധികമായി പരിശ്രമിച്ചുവന്നതു്. സ്വാതിതിരുനാൾ മഹാരാജാവു് തിരുമനസ്സിലേയ്ക്കും, അവിടത്തെ അനുജനായ ഉത്രം തിരുനാൾ തിരുമനസ്സിലേയ്ക്കും ഇംഗ്ലീഷ് ഭാഷ പരിചയമുണ്ടായിരുന്നു. എന്നാൽ സ്വദേശഭാഷകളും പാശ്ചാത്യഭാഷയും പഠിച്ചു കാലത്തിന്റെ ഗതിക്കനുസരണമായി ശാസ്ത്രങ്ങളിലും കലാവിദ്യകളിലും വിജ്ഞാനം സമ്പാദിച്ച നമ്മുടെ മഹാരാജാക്കന്മാരിൽവച്ചു് ഏററവും പ്രസിദ്ധരായി തീൎന്നിട്ടുള്ളതു് ആയില്യം, വിശാഖം, ശ്രീമൂലം എന്നീ മഹാശയന്മാരാകുന്നു. ശ്രീമൂലംതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു് പാണ്ഡിത്യത്തിലും രാജ്യഭരണത്തിലും അതിനിപുണനായി, ഈശ്വരഭക്തിയിലും ഭൂതദയയിലും ലീനമാനസനായി, നാല്പതു സംവത്സരക്കാലം ഈ രാജ്യത്തെ അനുഗ്രഹിച്ചു. പത്മനാഭസേവിനിയും രാജരാജേശ്വരിയും വഞ്ചിധൎമ്മവൎദ്ധിനിയും ആയ മഹാറാണി റീജൻറു തിരുമനസ്സിലെ പ്രജാക്ഷേമപരമായ ഭരണനിപുണതയ്ക്കുള്ള അടിസ്ഥാനങ്ങൾ ശരിപ്പെടുത്തിയതു ഈ മൂന്നു മഹാരാജാക്കന്മാരും ആയിരുന്നു. പാരമ്പൎയ്യക്രമം അനുസരിച്ചു് സ്വായത്തമായ രാജ്യത്തെ ആയില്യം മഹാരാജാവു് തിരുമനസ്സുകൊണ്ടു് പൂൎവ്വാധികം അഭിവൃദ്ധമാക്കി അനുജനായ വിശാഖം മഹാരാജാവു് തിരുമനസ്സിലെ ഏല്പിച്ചു. അവിടുന്നു് ഭരണസമ്പ്രദായങ്ങളെ ഒന്നുകൂടി പരിഷ്കരിച്ചു് രാജ്യഭാരത്തെ പ്രിയ ഭാഗിനേയങ്കൽ അൎപ്പിച്ചു. ഈ മൂന്നു രാജാക്കന്മാരും പ്രജാക്ഷേമത്തിനായി അഹമഹമികയാ യത്നിച്ചിട്ടുള്ളവരാണു്. ഇങ്ങിനെ സമൎത്ഥന്മാരായ രാജാക്കന്മാർ തുടരെ തുടരെ ഉണ്ടാകാനുള്ള മഹാഭാഗ്യം വഞ്ചിരാജ്യത്തിനുള്ളതുപോലെ മററു രാജ്യങ്ങൾക്കു് സിദ്ധിച്ചിട്ടില്ല.

—(൦)—

## ൧. ആയില്യംതിരുനാൾ.

ആയില്യംതിരുനാൾ മഹാരാജാവു് കൊല്ലവൎഷം ൧൦൦൭-ാമാണ്ടു് ഭൂലോകജാതനായി. അവിടത്തെയും വിശാഖം തിരുനാൾ മഹാരാജാവു് തിരുമനസ്സിലെയും മാതാവു് രുക്മിണിഭായിതമ്പുരാട്ടിതിരുമനസ്സുകൊണ്ടു് ആയിരുന്നു. സ്വാതിതിരുനാൾ മഹാരാജാവിന്റെയും, ഉത്രംതിരുനാൾ മഹാരാജാവിന്റെയും സഹോദരിയായ അവിടുന്നും വലിയ വിദുഷിയായിരുന്നു.

അവിടുത്തേയ്ക്കു സംസ്കൃതത്തിലുണ്ടായിരുന്ന വ്യുൽപ്പത്തി അക്കാലത്തെ പല പണ്ഡിതന്മാരുടെയും അനുമോദനത്തെ അർഹിച്ചിട്ടുണ്ടു്. അവിടുത്തെ ഭർത്താവായ പാലിയക്കര കോയിത്തമ്പുരാനും അതിബുദ്ധിമാനും നല്ല പണ്ഡിതനും ശീലഗുണസമ്പന്നനും ആയിരുന്നു. റാണി രുക്മിണിഭായി തിരുമനസ്സിലേയ്ക്കു് ഏഴു സന്താനങ്ങൾ ഉണ്ടായിരുന്നു. അതിൽ മൂന്നുപേർ കുട്ടിക്കാലത്തിൽതന്നെ അന്തരിച്ചുപോയി. നാലുപേർ ശേഷിച്ചതിൽ രണ്ടുപേൎക്കു ബുദ്ധിവികാസമില്ലാതെ ചമഞ്ഞു. ആയില്യംതിരുനാൾ തിരുമനസ്സുകൊണ്ടും വിശാഖം തിരുനാൾ തിരുമനസ്സുകൊണ്ടും മാത്രം ശ്രീപത്മനാഭപ്രസാദത്താൽ കൌമാരം കടന്നു്, ബുദ്ധിശക്തിയാൽ യൌവനദശയെ ഫലവത്താക്കി, സകല കലാകോവിദന്മാരായി, കുലശേഖരപ്പെരുമാൾപദം പ്രാപിച്ചു്, രാജ്യത്തെ പരിപാലിച്ചു.

ആയില്യംതിരുനാൾ തിരുമനസ്സുകൊണ്ടു് കുശാഗ്രബുദ്ധിയായിരുന്നു. അവിടത്തേക്കു് ചെറുപ്പത്തിൽ തന്നെ മലയാളത്തിലും സംസ്കൃതത്തിലും ആദരണീയമായ വ്യുല്പത്തിയുണ്ടായി.

ഇംഗ്ലീഷുകാരുടെ മേൽക്കോയ്മ ആധുനികപരിഷ്കാരത്തിനുള്ള
പ്രധാന കാരണമായി വരികയാൽ ഉത്രം തിരുനാൾ മഹാരാ
ജാവു് ഭാഗിനേയന്മാരെ ഇംഗ്ലീഷു ഭാഷ അഭ്യസിപ്പിക്കുന്ന
വിഷയത്തിൽ ജാഗരൂകനായിത്തീൎന്നു.

രാജകുമാരന്മാരെ ഉന്നതവിദ്യാഭ്യാസം ചെയ്യിക്കുവാൻ
യോഗ്യനായ ഒരാളെ അയയ്ക്കണമെന്നു് അവിടുന്നു് മദ്രാസ് ഗവ
ൎണ്ണരോടാവശ്യപ്പെട്ടു. പ്രതിഭാവിശേഷംകൊണ്ടും പരിശ്രമ
ശീലംകൊണ്ടും പാണ്ഡിത്യത്തിനും ഭരണനിപുണതയ്ക്കും രാജ്യ
സ്നേഹത്തിനും പ്രസിദ്ധനായിത്തീൎന്ന സർ ടി. മാധവരായർ
അന്നു പഠിത്തം കഴിഞ്ഞു് ഉദ്യോഗത്തിൽ പ്രവേശിക്കുവാൻ
സൌകൎയ്യത്തെ കാത്തിരിക്കയായിരുന്നു. പഠിത്തം പൂൎത്തിയാകു
ന്നതിനു മുമ്പുതന്നെ സഹവയസ്യന്മാരെ പഠിപ്പിക്കുവാൻ അതേ
പാഠശാലയിൽ നിയോഗിക്കപ്പെട്ടു എന്നുള്ള വസ്തുതതന്നെ
മാധവരായരുടെ അസാമാന്യസാമൎത്ഥ്യത്തിനു മതിയായ ലക്ഷ്യ
മാകുന്നു. മഹാരാജാവിന്റെ ആവശ്യപ്രകാരം ഗവൎണ്ണർ തിര
ഞ്ഞെടുത്ത ഉപാദ്ധ്യായൻ മാധവരായർ ആയിരുന്നു. അദ്ദേഹ
ത്തിന്റെ പിതാവായ രങ്കരായരും പിതൃവ്യനായ വെങ്കിട്ടരാ
യരും തിരുവിതാംകൂർ ദിവാൻജിമാരായിരുന്നിട്ടുണ്ടു്. അതിനാൽ
തിരുവിതാംകൂർ രാജ്യത്തിന്റെ മാഹാത്മ്യവും മഹാരാജാക്കന്മാ
രുടെ മനോഗുണവും നല്ലപോലെ കേട്ടറിഞ്ഞിരുന്ന മാധവ
രായൎക്കു ഈ നിയമനം സന്തോഷപ്രദമായിത്തീൎന്നു. പാരമ്പൎയ്യ
മായ ബന്ധത്തെ ഒന്നുകൂടി ഉറപ്പിക്കുവാൻ ആഗ്രഹം തോന്നു
ന്നതു് ഉത്തമന്മാരുടെ ലക്ഷണവും ആണല്ലോ.

മാധവരായർ ഉപാദ്ധ്യായനായിത്തീൎന്നതോടുകൂടി രാജ
കുമാരന്മാരുടെ വിദ്യാഭ്യാസത്തിനു് അസാധാരണയായ പുല്ഗന

യുണ്ടായി. ഒരേകാലത്തുതന്നെ പലേ കാൎയ്യങ്ങളിൽ വൈദഗ്ദ്ധ്യം സമ്പാദിക്കാനുള്ള ശക്തി ആയില്യം തിരുമനസ്സിലേയ്ക്കു സ്വായത്തമായിരുന്നു. അവിടുന്നു് തമിഴ്, തെലുങ്ക്, ഹിന്ദുസ്ഥാനി, മറാത്തി എന്നീഭാഷകളിൽ അസാമാന്യമായ പരിജ്ഞാനം സമ്പാദിച്ചു. അവിടുന്നു സംഗീതത്തിലും സാഹിത്യത്തിലും ഒന്നുപോലെ ശോഭിച്ചു. ചെയ്യാനുള്ള കാൎയ്യങ്ങൾ അതതു സമയങ്ങളിൽ ചെയ്യുകയെന്നുള്ളതു നമ്മുടെ മഹാരാജാക്കന്മാരുടെ സാധാരണ സ്വഭാവമാകുന്നു. ആയില്യം തിരുമനസ്സുകൊണ്ടു ചെറുപ്പംമുതല്ക്കേ സമയത്തിന്റെ വില അറിഞ്ഞു. പുസ്തകങ്ങൾ വായിക്കുന്നതിനും, രാജ്യകാൎയ്യങ്ങൾ മനസ്സിലാക്കുന്നതിനും, യോഗ്യന്മാരായ ആളുകളുടെ സഹവാസത്തെ ഉഭയകക്ഷികൾക്കും ഫലപ്രദമാക്കിത്തീൎക്കുന്നതിനും, അവിടുത്തേയ്ക്കു് അസാമാന്യമായ സാമൎത്ഥ്യമുണ്ടായിരുന്നു. അവിടുത്തെ സംഭാഷണചാതുൎയ്യം സൎവ്വസമ്മതമായിരുന്നു. അല്പം ഒരു വിക്കുണ്ടായിരുന്നതു് സംസാരത്തിന്റെ രീതിക്കു ഒരു ഭേദം ഉണ്ടാക്കി എന്നല്ലാതെ അവിടുത്തെ മധുരഭാഷണത്തിനു് അതു ഒരിക്കലും ബാധകമായിരുന്നില്ല.

ഇങ്ങിനെ പുസ്തകപാരായണവും, സംഗീതപരിചയവും, സുഹൃജ്ജനസമ്മേളനവും, ഈശ്വരഭക്തിയുമായി രാജകുമാരൻ സകല സൌഭാഗ്യങ്ങളോടുംകൂടി ദിവസം കഴിക്കവെ അവിടുത്തെ ചുമതലകൾ പൊടുന്നനെ വൎദ്ധിച്ചു. ഉത്രംതിരുനാൾ മഹാരാജാവു് അനന്തവിക്ടോറിയാമാൎത്താണ്ഡവൎമ്മതോട്ടു് വെട്ടുന്നജോലി ആരംഭിക്കുന്നതു തൃക്കൺപാൎക്കാനായി ദക്ഷിണ തിരുവിതാംകൂറിലേയ്ക്കു് എഴുന്നള്ളി. അവിടെവച്ചു് ആലസ്യം തുടങ്ങുകയാൽ ഉടനെ തിരുവനന്തപുരത്തേയ്ക്കു തിരിയെ എഴുന്നള്ളി. രോഗവും വാശിയായി. എന്നാൽ ആലസ്യം

രണ്ടാമത്തും തുടങ്ങുകയും മഹാരാജാവു് സ്വർഗ്ഗംപ്രാപിക്കുകയും ചെയ്തു. മാർത്താണ്ഡവർമ്മമഹാരാജാവിന്റെ രാജ്യഭരണം കുറേക്കാലം മന്ത്രിമാരുടെ പിടിപ്പില്ലായ്മയാൽ മ്ലാനശോഭമായിരുന്നു. എന്നാൽ മാധവരായരെ ദിവാൻജിയായി നിയമിച്ചതോടുകൂടി തിരുവിതാംകൂർ സംസ്ഥാനം മാതൃകാരാജ്യം എന്ന സ്ഥാനത്തേയ്ക്കുള്ള പുരോഗമനം തുടങ്ങി. അങ്ങിനെ ഇരിയ്ക്കുവേയാണു് ഉത്രം തിരുനാൾ മഹാരാജാവു് നാടുനീങ്ങിയതു്. ഇക്കാലത്തു് മഹാരാജാക്കന്മാരുടെ നാമധേയങ്ങൾ അവർ ജനിക്കുന്ന നക്ഷത്രങ്ങളുടെ പേർചേർത്തു ആയില്യം തിരുനാൾ, വിശാഖം തിരുനാൾ, മൂലം തിരുനാൾ, ചിത്തിരതിരുനാൾ എന്നിങ്ങനെയാണല്ലോ. എന്നാൽ മുൻകാലങ്ങളിൽ രാജ്യഭാരം ചെയ്തിരുന്ന മഹാരാജാക്കന്മാരുടെ പേരുകൾ ഇരുപത്തിരണ്ടാമാണ്ടുതമ്പുരാൻ മുപ്പത്താറാമാണ്ടു് തമ്പുരാൻ എന്നിങ്ങനെയാകുന്നു. ഏതു വർഷത്തെ ആധാരമാക്കി പറയുന്നോ ആ വർഷത്തിൽ നാടുനീങ്ങിയ തമ്പുരാൻ എന്നാണു് അർത്ഥമാക്കേണ്ടതു്. ജനന നക്ഷത്രത്തെ കണക്കാക്കി നാമകരണം ചെയ്യുന്നതു ശരിയാണെങ്കിൽ മരണവത്സരത്തെ കണക്കാക്കി പേരിടുന്നതും ഉചിതമെന്നേ പറവാനുള്ളൂ. ഏതായാലും പഴയസമ്പ്രദായത്തിൽ പേർപറയുന്നമഹാരാജാക്കന്മാരിൽ ഒടുവിലത്തെയാളായ മുപ്പത്താറാമാണ്ടു് മഹാരാജാവു് നാടുനീങ്ങി. പുതിയസമ്പ്രദായത്തിൽ പേർലഭിച്ച ആയില്യം തിരുനാൾ തിരുമനസ്സുകൊണ്ടു സിംഹാസനത്തെ ആരോഹണവും ചെയ്തു. രാജാവിനും രാജ്യവാസികൾക്കും ഒന്നുപോലെ സന്തോഷമുണ്ടായി.

കിരീടധാരണസമയത്തു് തിരുമനസ്സുകൊണ്ടു് ഇപ്രകാരം അരുളിച്ചെയ്തു. “സർവ്വശക്തന്റെ അനുഗ്രഹത്താൽ എന്റെ പൂർവ്വികന്മാരുടെ സിംഹാസനം എനിക്കും ലഭിച്ചിരിക്കുന്നു.

ഈ സ്ഥാനം അത്യന്തം ഭാരമേറിയ ഒന്നാണെന്നും അതുസംബന്ധിച്ചുള്ള ചുമതലകൾ ആൎക്കും വിഷമത്തെ ഉണ്ടാക്കുന്നവയാണെന്നും എനിക്കറിയാം. ഒരു പരിഷ്കൃത ഗവൺമെൻറിൻെറ പ്രധാന ഉദ്ദേശം പ്രജകളുടെ അഭിവൃദ്ധിയാകുന്നു. അതത്വം ഞാൻ നല്ലവണ്ണം മനസ്സിലാക്കീട്ടും ഉണ്ട്. നാടുനീങ്ങിപ്പോയ പ്രിയമാതുലൻെറ ഭരണകാലത്തു അനേകം രാജ്യക്ഷേമപദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. അതുകൾ ശരിയായി നിൎവഹിക്കുന്നതിനു സൌകൎയ്യം ലഭിച്ചതു എൻെറ മഹാഭാഗ്യമാണ്. കുരുമുളകിനെ സംബന്ധിച്ച സൎക്കാരിനുള്ള പ്രത്യേകാവകാശം നിൎത്തിയതും അതിനുപകരം ന്യായമായ ഒരു തീരുവ ഏൎപ്പെടുത്തിയതും പ്രജകൾക്കു ഏററവും ഗുണകരമായ വ്യവസ്ഥകളാണ്. പണിവക മരാമത്തുകൾ പലതും ഊൎജ്ജിതമായി നടന്നുവരുന്നു. വിക്ടോറിയാമാൎത്താണ്ഡവൎമ്മതോടിൻെറ കാൎയ്യം പ്രത്യേകം സ്മരണീയമാണ്. ഇങ്ങിനെരാജ്യാഭിവൃദ്ധിക്കുതകുന്ന വിഷയങ്ങളിൽ ഞാൻ സദാ ശ്രദ്ധിക്കുന്നതാണ്. ഖജനാവിൽ മുതൽ ഉള്ളതുപോലെ ഞാൻ പ്രജാക്ഷേമത്തെ പുഷ്ടിപ്പെടുത്തിക്കൊള്ളാം. സമാധാനകരവും നീതിയുക്തവും ആയ ഭരണം കൊണ്ടു പ്രജാസമൂഹങ്ങളെ പരിപാലിക്കുന്നതു വിക്ടോറിയാ മഹാരാജ്ഞി തിരുമനസ്സിലേയ്ക്കു അമിതമായ സന്തോഷം നൾകുമെന്നും ആ സന്തോഷത്തെ അൎഹിക്കുവാൻ അതിൽപ്പരം നല്ലതായ മാൎഗ്ഗം മറെറാന്നും തന്നെ ഇല്ലെന്നും എനിക്കറിയാം."

തിരുമനസ്സിലെ ആഗ്രഹം ഇപ്രകാരമായിരുന്നു. എന്നാൽ തിരുവിതാംകൂർ ചരിത്രത്തിൽ അതിപ്രശസ്തമായിത്തീൎന്നിരിക്കുന്ന ആ ഭരണത്തിൻെറപ്രാരംഭഘട്ടത്തിൽ അനാവൃഷ്ടിനിമിത്തം വലിയ ക്ഷാമം ഉണ്ടാകുകയും തന്നിമിത്തം ജനങ്ങൾ വളരെ കഷ്ടപ്പെടുകയും ചെയ്തു. മഹാരാജാവും ദിവാൻജിയും ക്ഷാമ-

പീഡിതരായ ജനങ്ങൾക്കു പലവിധമായ സഹായങ്ങൾ നൽകി. സൎക്കാരിൽ നിന്നുതന്നെ പണം ചിലവു ചെയ്തു അന്യരാജ്യങ്ങളിൽ നിന്നു നെല്ലുവരുത്തി സാധുക്കൾക്കു വെറുതെ കൊടുത്തു. വേല ചെയ്വാൻ ശക്തിയുള്ളവരെ കൊണ്ടു മരാമത്തുവകുപ്പിലെ ജോലികൾ ചെയ്യിപ്പിച്ചു ശമ്പളം കൊടുത്തു. ക്ഷാമനിവാരണാൎത്ഥം ഗവൎമ്മെന്റു മാത്രമല്ലാ ധൎമ്മരാജ്യത്തിലെ ധനികന്മാരായ ജനങ്ങളും വളരെ സഹായം ചെയ്തു. സൎക്കാരിൽ നിന്നും രണ്ടുലക്ഷത്തിൽപ്പരം ഉറുപ്പിക അതിലേയ്ക്കു ചിലവായി. ഇതു് അന്നത്തെ കാലത്തു വളരെ വലുതായ തുകയായിരുന്നു. അന്നു ഒരുപറ നെല്ലിനു ആറോ എട്ടോ ചക്രമേ വിലയുണ്ടായിരുന്നൊള്ളു. ഇന്നത്തെ വില പറയ്ക്കു ഒരു രൂപായിൽ കുറയാറില്ല. അതുപോലെ തന്നെ രാവിലെ മുതൽ രാത്രിവരെ എല്ലുമുറിഞ്ഞു വേല ചെയ്യുന്നവൎക്കു അന്നു നാലും അഞ്ചും ചക്രമേ കൂലിയുണ്ടായിരുന്നൊള്ളു. ഇപ്പോളാകട്ടെ കൂലിക്കാരുടെ ശമ്പളം ദിവസമൊന്നിനു അരരൂപാമുതൽ കൂട്ടതലായും ഇരിക്കുന്നു. അതുകൊണ്ടു അന്നു സൎക്കാരിൽ നിന്നും ക്ഷാമനിവാരണത്തിനു ചിലവാക്കിയ പണം ഇപ്പോഴത്തെ കണക്കിനു എട്ടു പത്തുലക്ഷം ഉറുപ്പിക ആയി കൂട്ടാവുന്നതാണു്.

൧൦൩൫-ാമാണ്ടും ൧൦൩൬-ാമാണ്ടും ഖജനാവിൽ പണമില്ലാത്ത കാലമായിരുന്നു. ഉത്രം തിരുനാൾ മഹാരാജാവിന്റെ സ്വൎഗ്ഗാരോഹണം സംബന്ധിച്ചുള്ള അടിയന്തിരങ്ങൾക്കും ദാനധൎമ്മങ്ങൾക്കുംമററുമായിവളരെപണം ചിലവായിപ്പോയി. കുരുമുളകിലും പുകയിലയിലും നിന്നും ഉണ്ടാക്കിവന്ന ആദായങ്ങൾ കുറയുകയാലും ക്ഷാമപീഡിതരായ പ്രജകളിൽനിന്നു കരങ്ങൾ പിരിക്കാൻ പ്രയാസമായിരുന്നതിനാലും രാജഭണ്ഡാരം ശോഷിച്ചു. കച്ചവടം മുതലായ തുറകളിൽനിന്നും കിട്ടിക്കൊണ്ടിരുന്ന

ആദായങ്ങളും കുറഞ്ഞു. എങ്കിലും മഹാരാജാവും ദിവാൻജിയും, മിതവ്യയംകൊണ്ടും ഭരണകുശലതകൊണ്ടും കാൎയ്യങ്ങൾ ഭംഗിയായി നടത്തി. കാൎയ്യങ്ങൾ ശരിയായി മനസ്സിലാക്കി ബുദ്ധിപൂൎവ്വമായ പരിഷ്കാരങ്ങൾ ഏൎപ്പെടുത്തുന്നതുകൊണ്ടു ഭണ്ഡാരത്തിൽ മുതൽ കുറവുണ്ടാകയില്ലെന്നുള്ളതിനു പുകയില നികുതിയുടെ കാൎയ്യം മതിയായ ഒരു ദൃഷ്ടാന്തമാകുന്നു. മുൻകാലങ്ങളിൽ കുത്തകക്കാർ മുഖേന ചരക്കു വാങ്ങി സൎക്കാരിൽനിന്നും കച്ചവടം ചെയ്തു ലാഭമെടുക്കുകയായിരുന്നു പതിവു്. ബ്രിട്ടീഷിലും കൊച്ചിയിലും പുകയിലയ്ക്കു വില വളരെ കുറവായിരുന്നു. അവിടെ ചെന്നു സഹായ വിലയ്ക്കു വാങ്ങി വ്യാജമായി കടത്തിക്കൊണ്ടു വന്ന ചരക്കിന്മേൽ വാണിജ്യം ചെയ്യുന്നവൎക്കു വളരെ ലാഭം കിട്ടിവന്നു. പലപ്പോഴും മാധവരായർ തന്നത്താൻ വ്യാജപ്പുകയില കണ്ടു പിടിക്കാൻ പോയിട്ടുണ്ടു്. ശങ്കുണ്ണിമേനവൻ പേഷ്കാർ മുതലായ ഉദ്യോഗസ്ഥന്മാരും ആ വിഷയത്തിൽ നിരന്തരമായ ജാഗ്രതകാണിച്ചുവന്നു. എന്നിട്ടും പഴയ വ്യവസ്ഥയുടെ ദോഷങ്ങളെ തടയുവാൻ സാധിച്ചില്ല. മാധവരായരുടെ ഉപദേശപ്രകാരം സൎക്കാരിനു പുകയിലയിലുള്ള ഏകാവകാശം നിറുത്തി ഇറക്കമതിച്ചുങ്കം ഏൎപ്പെടുത്തുവാൻ രാജകല്പന വന്നു. ഈ പരിഷ്കാരംകൊണ്ടു സൎക്കാരിനു വളരെ നഷ്ടമുണ്ടാകയേയുള്ളെന്നു പലരും ശങ്കിച്ചു. എന്നാൽ പഴയ സമ്പ്രദായപ്രകാരം ഈടായിവന്നിരുന്ന 8,48,978 ഉറുപ്പികയിൽ പുതിയവ്യവസ്ഥ നടപ്പിൽവന്ന ആദ്യത്തെക്കൊല്ലം ആകപ്പാടെ 12,294 ഉറുപ്പികമാത്രമേ കുറവുണ്ടായുള്ളൂ. ആ കുറവു് വളരെ തുഛമാണെന്നു പ്രത്യേകിച്ചു് പറയേണ്ടതില്ലല്ലോ. നാൾ പോകുന്തോറും ഇറക്കമതി ചുങ്കം കൂടി കൂടി വന്നു ഖജനാവിനെ നിറച്ചു. അക്രമങ്ങളും അഴിമതികളും നാമാവശേഷമായിത്തീരുകയും ചെയ്തു.

തിരുവിതാംകൂറിലെ വാണിജ്യം നാൾക്കുനാൾ അഭിവൃദ്ധിയെ പ്രാപിച്ചു. എന്നാൽ ഈ രാജ്യത്തിൽനിന്നും പോകുന്ന ഏററുമതി ചരക്കുകൾക്കും ഇവിടെ കൊണ്ടുവരുന്ന ഇറക്കുമതിസാമാനങ്ങൾക്കും വലുതായ ചുങ്കങ്ങൾ കൊടുക്കാതെ ബ്രിട്ടീഷ് തുറമുഖങ്ങളിൽ നമ്മുടെ സാമാനങ്ങൾ കൊണ്ടുചെല്ലുവാനും അവിടെനിന്നും കൊണ്ടുവരാനും അനുവാദമില്ലായിരുന്നു. അതുകൊണ്ടു നമ്മുടെ കച്ചവടക്കാരെല്ലാം ഏററുമതിയും ഇറക്കുമതിയും കൊച്ചിത്തുറമുഖത്തിൽ പോകേണ്ടിവന്നു. കൊച്ചിഗവണ്മെൻറിൽനിന്നും ഒരു നിസ്സാരമായ നികുതി മാത്രമേ പിരിച്ചുവന്നൊള്ളു. കച്ചവടക്കാർ ധാരാളമായി അവിടെ ചെല്ലുകയാൽ ആ തുറമുഖം നല്ലനിലയെ പ്രാപിക്കയും ആലപ്പുഴ മുതലായ നമ്മുടെ തുറമുഖങ്ങൾ ക്ഷയിച്ചു തുടങ്ങുകയും ചെയ്തു. എന്നു മാത്രവുമല്ല നികുതികളുടെ വിവിധത്വം ബ്രിട്ടീഷും തിരുവിതാംകൂറും തമ്മിലുള്ള വാണിജ്യത്തിനു വലിയ പ്രതിബന്ധമായും തീർന്നു. ഈ തടസ്സങ്ങളെ മാററാൻ എല്ലാ കക്ഷികൾക്കും താല്പര്യമുണ്ടായി. വ്യാപാരസ്വാതന്ത്ര്യം അത്യാവശ്യമെന്നു ബ്രിട്ടീഷുഗവണ്മെൻറു നിർബന്ധം തുടങ്ങി. എന്നാൽ തിരുവിതാംകൂറിലെ മുതലെടുപ്പിന്റെ ഒരു പ്രധാനഭാഗം തീരുവകൾ ആയിരുന്നതിനാൽ ഉപ്പിൽനിന്നും പുകയില മുതലായ ചരക്കുകളിൽനിന്നും കിട്ടിക്കൊണ്ടിരുന്ന ആദായം ഒരിക്കലും ഉപേക്ഷിക്കാൻ നിവൃത്തിയില്ലെന്നു മാധവരായർ മറുപടി കൊടുത്തു. എഴുത്തുകുത്തുകൾ ബലമായും നിർബന്ധമായും നടന്നു. എന്നാൽ അവസാനം തീർച്ച രണ്ടു കക്ഷികൾക്കും പൊതുഗുണകരമായിട്ടാണ് പരിണമിച്ചതു്. നൂതനവ്യവസ്ഥകൊണ്ടു നമ്മുടെ രാജ്യത്തിനു വരാവുന്ന നഷ്ടത്തെ പരിഹരിക്കാനായി ബ്രിട്ടീഷുഗവണ്മെൻറിൽ നിന്നും വർഷംപ്രതി നാല്പതിനായിരം രൂപായിൽ കവിയാത്ത ഒരു തുക തന്നുകൊള്ളാമെന്നു മദ്രാസ്

ഗവന്മെൻറു സമ്മതിച്ചു. ഈ വ്യവസ്ഥയെ ഇൻറർപോർട്ടൽ കൺവെൻഷൻ എന്നു പറഞ്ഞുവരുന്നു. അതു് ഇന്നും ഊർജ്ജിതത്തിൽതന്നെ ഇരിക്കുകയും ചെയ്യുന്നു.

കൃഷിയും കൈത്തൊഴിലും കച്ചവടവുംകൂടാതെ ഒരു രാജ്യത്തിനും അഭിവൃദ്ധിയുണ്ടാകുന്നതല്ല. തിരുവിതാംകൂർ അന്നും ഇന്നും കൃഷികൊണ്ടു കഴിയുന്ന രാജ്യമാണു്. നമ്മുടെ ധനികന്മാർക്കു അന്നു നെല്ലും നാളികേരവും ധാരാളം ഉണ്ടായിരുന്നു. പ്ലാവും മാവും പുളിയും നട്ടുണ്ടാക്കുന്നതിൽ കൃഷിക്കാർ ശ്രദ്ധയുള്ളവരായും ഇരുന്നു. എന്നാൽ ഭൂനികുതി പിരിക്കുന്ന ക്രമം പരിശ്രമശീലത്തിനു ഹാനികരമായിത്തീർന്നു. സകല ഭൂമികളും ഒന്നുകിൽ സർക്കാരിൻെറയോ അല്ലെങ്കിൽ ജന്മിമാരുടെയോ വക എന്നായിരുന്നു അന്നത്തെ നിയമം. ജന്മിമാർ പ്രായേണ ബ്രാഹ്മണരായിരുന്നു. അബ്രാഹ്മണരായ ജന്മിമാരും ചിലർ ഇല്ലാതിരുന്നില്ല. ദേവസ്വങ്ങൾക്കും ജന്മവസ്തു ഉടമസ്ഥതയുണ്ടായിരുന്നു. കൃഷിക്കാർക്കു ഭൂമിയിൽ ഉടമസ്ഥാവകാശങ്ങൾ ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. സർക്കാരിൻെറ ഇഷ്ടംപോലെ വസ്തുക്കൾ തിരിച്ചെടുക്കാമെന്നായിരുന്നു അന്നത്തെ വ്യവസ്ഥ. വസ്തുക്കൾ എഴുതിക്കൊടുക്കാൻ കുടിയാനവന്മാർക്കു് അധികാരമുണ്ടായിരുന്നില്ല. പാട്ടക്കാരൻെറ നിലയല്ലാതെ ഉടമസ്ഥൻെറ നില അവർക്കു് ഇല്ലായിരുന്നു. ഗവന്മെൻറിൻെറ യുക്തംപോലെ ഭൂമി വീണ്ടെടുക്കാമെന്നിരുന്നതിനാൽ നിലംപുരയിടങ്ങളിൽ സ്ഥിരമായ ദേഹണ്ഡംചെയ്തു് അവയെ നന്നാക്കാൻ കൃഷിക്കാർക്കു താല്പര്യം ഇല്ലാതായി. അതുകൊണ്ടു വിളവുകൾക്കും വളരെ കുറവുണ്ടായി. അതുപോലെതന്നെ ജന്മിമാരുടെ വകയായ വസ്തുക്കൾ ഉഴവന്മാരെ വിട്ടു് ഒഴിപ്പിക്കുവാൻ ജന്മിമാർക്കും അവകാശമുണ്ടായിരുന്നു. മിച്ചവാരവും ജന്മിഭോഗവും കൊടുത്തു

കൃഷകന്മാർ വളരെ സങ്കടപ്പെട്ടു. ജനസമുദായത്തിൻെറ നട്ടെല്ലു കൃഷിക്കാർ ആണല്ലോ. നിലവും പുരയിടവും നല്ലപോലെ കൃഷി ചെയ്തില്ലെങ്കിൽ ആഹാരസാധനങ്ങൾ കിട്ടുകയില്ല. കൈത്തൊഴിലും കച്ചവടവും ഒന്നുംതന്നെ കൃഷി കൂടാതെ നടക്കുകയുമില്ലല്ലോ. അതുകൊണ്ടു് കൃഷിയെ പുഷ്ടിപ്പെടുത്തേണ്ടതു പരിഷ്കൃതമായ രാജ്യഭരണസമ്പ്രദായത്തിന് അപരിത്യാജ്യമാണു്. മഹാരാജാവും മന്ത്രിയും ഈ സൂക്ഷ്മതത്വം മനസ്സിലാക്കി. സർക്കാരിനു കരം പിരിക്കാൻ മാത്രമേ അധികാരമുള്ളുവെന്നും ഭൂമിയുടെ ഉടമസ്ഥന്മാർ കുടിയാനവന്മാർ തന്നെ ആണെന്നും ക്രയവിക്രയാദികൾക്കു അവർക്കു പൂർണ്ണമായ അധികാരമുണ്ടെന്നും മററും ഒരു വിളംബരം അചിരേണ പ്രസിദ്ധീകരിക്കപ്പെട്ടു. അനാവശ്യവും പ്രയോജനശൂന്യവും ആയിരുന്ന പല കരങ്ങളും നിറുത്തലാക്കി. ജന്മവസ്തുക്കൾ ഉഴവൻെറ പക്കൽനിന്നും ഒഴിപ്പിച്ചെടുക്കാൻ പാടില്ലെന്നും ഒരു തിരുവെഴുത്തു വിളംബരം ഉണ്ടായി. വസ്തുവിന്മേൽ ജന്മാവകാശമുള്ള ബ്രഹ്മസ്വങ്ങളും ദേവസ്വങ്ങളും എല്ലാം ഓരോ ക്ലിപ്തതുകകൾ ഈടാക്കിക്കൊള്ളാമെന്നും വ്യവസ്ഥ ചെയ്തു. ഇങ്ങിനെയുള്ള പരിഷ്കാരങ്ങൾകൊണ്ടു നാൾക്കുനാൾ ജനക്ഷേമം വർദ്ധിച്ചു.

ഭൂമി എത്രതന്നെയുണ്ടായിരുന്നാലും, കരകൌശലങ്ങൾ എത്രമാത്രം അഭിവൃദ്ധിയെ പ്രാപിച്ചാലും, പ്രജകൾക്കു വിദ്യാഭ്യാസമില്ലാതെ ഇരുന്നാൽ മററുള്ള സൌകര്യങ്ങൾ എല്ലാം ഫലശൂന്യമായിപ്പോകുമെന്നു രാജ്യകാര്യധുരന്ധരന്മാർ അറിഞ്ഞു. മലയാളംപള്ളിക്കൂടങ്ങളും ഇംഗ്ലീഷുപാഠശാലകളും പല സ്ഥലങ്ങളിലും ഏർപ്പെടുത്തി. പെൺകുട്ടികൾക്കും പള്ളിക്കൂടങ്ങൾ ഉണ്ടായി. തിരുവനന്തപുരം കാളേജിനു് ഒരു മനോഹരമായ കെട്ടിടം പണിയിച്ചു. അതിൻെറ ശിലാസ്ഥാപനക്രിയ തിരു

മനസ്സുകൊണ്ടുതന്നെ നടത്തി. ആ സന്ദർഭത്തിൽ അവിടുന്നു ചെയ്ത പ്രസംഗം ഏററവും ശ്രദ്ധേയമാകുന്നു.

പ്രജാക്ഷേമത്തിനുതകുന്ന ഒരു വിഷയത്തിലെങ്കിലുംതിരുമനസ്സിലെയും മാധവരായരുടെയും ശ്രദ്ധ പതിയാതിരുന്നില്ല. കൃഷിയ്ക്കു ഉപയോഗപ്പെടുന്ന മരാമത്തുകളും ഗതാഗതത്തിനുള്ള റോഡുകളും തോടുകളും പാലങ്ങളും വർദ്ധിച്ചു. അങ്ങിനെയുള്ള വേലകൾക്കായി മുതലെടുപ്പിൻെറ ഒരു പ്രധാനഭാഗം വിനിയോഗിക്കപ്പെട്ടു. മഹാരാജാവു സിംഹാസനാരോഹണം ചെയ്തുന്ന കാലത്തു തിരുവിതാംകൂർ സംസ്ഥാനത്തിൽ ആകപ്പാടെ ഒരു റോഡ് മാത്രമേയുണ്ടായിരുന്നൊള്ളു. അതു തിരുവനന്തപുരത്തുനിന്നും ആരുവാമൊഴിവരെയുള്ള റോഡായിരുന്നു. എട്ടുപത്തു സംവത്സരത്തിനുള്ളിൽ ആയിരത്തിൽ ചില്വാനം മൈൽ രാജപാതയുണ്ടായി. ആണ്ടൊന്നുക്കു ഒരുലക്ഷം രൂപാ ചിലവാക്കിക്കൊണ്ടിരുന്ന പബ്ളിക്ക്വൊർക്ക്സ് വകുപ്പിൽ 13½ ലക്ഷം ചെലവാക്കി. പുത്തൻകച്ചേരിയും കാളെജും ജനറൽആശുപത്രിയുംകോടതികളും കച്ചേരികളും ആലപ്പുഴ ദീപസ്തംഭവും എല്ലാം പണിചെയ്തു. പുനലൂർ പാലവും വർക്കലെ തുരപ്പും ജനങ്ങൾക്കു് അത്യാശ്ചര്യം വളർത്തി. ഡൾഹൌസി പ്രഭുവിൻെറ ഭരണപാടവത്താലും ശാസ്ത്രജ്ഞാനത്തിൻെറ അഭിവൃദ്ധിയാലും ബ്രിട്ടീഷു ഇൻഡ്യായിൽ നടപ്പിൽവന്ന പല പരിഷ്കാരങ്ങളും തിരുവിതാംകൂറിലും നടപ്പിൽ വന്നു.

1862-ാംവർഷത്തിൽ മദ്രാസ് ഗവർണ്ണറായ സർ വില്യം ഡെനിസൻ തിരുവിതാംകൂറിനെ സന്ദർശിച്ചു. നമ്മുടെ രാജ്യത്തിൻെറ സൽക്കാരവിധങ്ങൾ സുപ്രസിദ്ധമാണല്ലോ. പ്രകൃതിയുടെ രാമണീയകവും സൽക്കാരത്തിൻെറ സൌഹാർദ്ദവും രാജ്യത്തിൻെറ സർവതോമുഖമായ ഐശ്വര്യവും സായ്പ് അവർ

കൾക്കും മദാമ്മയ്ക്കും വളരെ സന്തോഷം നൾകി. അവരുടെ അനുഭവങ്ങളെക്കുറിച്ചു മദാമ്മ ബഹുരസകരമായ ഒരു വിവരണം എഴുതീട്ടുണ്ട്. ആയില്യം തിരുമനസ്സിലേയും ഇളയരാജാവായ വിശാഖതിരുമനസ്സിലേയും ബുദ്ധിശക്തിയേയും സ്വഭാവഗുണത്തേയും സംഭാഷണ ചാതുര്യത്തെയുംപററി അതിൽ വളരെ ശ്ലാഘിച്ചിട്ടുണ്ട്.

ആയില്യംതിരുനാൾ തിരുമനസ്സിലെ ഭരണനൈപുണ്യത്തെ ആദരിച്ചു് വിക്ടോറിയാ മഹാറാണിതിരുമനസ്സുകൊണ്ടു് അവിടുത്തേയ്ക്കു ഉചിതമായ സ്ഥാനമാനങ്ങൾ നൾകി. തിരുവിതാംകൂർ രാജവംശത്തിലെ മൂത്തതമ്പുരാനു മഹാരാജാവു് എന്ന സ്ഥാനവും പാരമ്പര്യമായി കൊടുത്തു. ജി. സി. എസ്സ്. ഐ. എന്ന കീർത്തിമുദ്രയും അവിടുത്തേയ്ക്കു ലഭിച്ചു. ബിരുദസ്വീകരണത്തിന്നായി തിരുമനസ്സുകൊണ്ടു മന്ത്രിവര്യനായ മാധവരായർ മുതലായ പ്രധാന ഉദ്യോഗസ്ഥന്മാരൊടുംകൂടി മദ്രാസ്സിൽ എഴുന്നള്ളി. ഗവണ്ണരായ നേപ്പിയർപ്രഭു തീവണ്ടിസ്റ്റേഷനിൽ വന്നു തിരുമനസ്സിലെ എതിരേററു. മദ്രാസിലുള്ള സകല മഹാന്മാരെയും ക്ഷണിച്ചുവരുത്തി പുഷ്ടിപ്പെടുത്തിയ മഹാസദസ്സിൽ വച്ചു് ഗവണ്ണർസായ്പ് മഹാറാണി തിരുമനസ്സിലെ നീട്ടു് വായിച്ചു. ഗവണ്ണർ ഇപ്രകാരം പറഞ്ഞു.

"മഹാരാജാവെ അവിടുത്തെ ഭാഗ്യാതിരേകത്തിൽ ഞാൻ അത്യന്തം സന്തോഷിക്കുന്നു. അവിടുത്തെ വംശം പല മാതിരി വിഷമഘട്ടങ്ങളെ കടന്നു് പൂർവാധികമായ ശോഭയോടുകൂടി ഉജ്ജ്വലിക്കുന്നതിൽ എനിക്കു വളരെ സന്തോഷമുണ്ടു്. അവിടുന്നു് പൂർവികന്മാരിൽനിന്നും ലഭിച്ച രാജ്യത്തെ അപകടമോ ഉപദ്രവമോ കൂടാതെ ഭരിച്ചുവരുന്നു. രാജാക്കന്മാരുടെ രക്ഷയ്ക്കു് കോട്ടകൊത്തളങ്ങളെക്കാൾ ആവശ്യമായിരിക്കുന്നതു പ്രജ

കളുടെ ഭക്തിയും സ്നേഹവുമാണ്. അതുകൾ അവിടുത്തേക്കു ധാരാളമായുണ്ട്. സൎവ്വൈശ്വൎയ്യപ്രദമായ അവിടുത്തെ രാജ്യഭരണത്തിന് മഹാറാണിതിരുമനസ്സിലെ രക്ഷയും ഉപദേശവും അനസ്യൂതമായി ഉണ്ടായിക്കൊണ്ടിരിക്കുന്നു. അവിടുത്തെ പ്രീതിയ്ക്ക് ഈ കൂടിക്കാഴ്ച തന്നെ ഉത്തമദൃഷ്ടാന്തമാണ്. മദ്രാസ് സംസ്ഥാനത്തിലെ തലസ്ഥാനമായ ഈ നഗരത്തിൽ അവിടുത്തെ ആഗമനം ഉണ്ടായിട്ടുള്ളതു് ഇന്ത്യയിലെ ജനങ്ങൾക്കും ഇംഗ്ലീഷ്ഗവൎമ്മെൻറിനും ഒന്നുപോലെ തൃപ്തിക്കും അഭിമാനത്തിനും കാരണമായിത്തീൎന്നിരിക്കുന്നു. മഹാനായ ഒരു് ഏതദ്ദേശീയ രാജാവിനെ അഭിമുഖമായി കാണുന്നതു ഇൻഡ്യാക്കാൎക്ക് പ്രത്യേകമായ സന്തോഷത്തിനും ചാരിതാൎത്ഥ്യത്തിനും ഹേതുവായിരിക്കുന്നു. ബ്രിട്ടീഷ്ഗവൎമ്മെൻറു അവിടുത്തെ സാധാരണ ഒരു ബന്ധുവായിട്ടു മാത്രമല്ലവിചാരിക്കുന്നതു്. അവിടുന്നു് അവരുടെ പ്രത്യേക സ്നേഹത്തിന് പാത്രമായിരിക്കുന്നു. ഭാരതഖണ്ഡത്തിലെ പ്രജാസമൂഹങ്ങൾക്കു പരിഷ്കാരവുംക്ഷേമവും വൎദ്ധിപ്പിക്കുന്ന മഹാപ്രസ്ഥാനത്തിൽ അവിടുന്നു് ഒരു പ്രധാനസഹായിയെന്നാണ് ബ്രിട്ടീഷ്ഗവൎമ്മെൻറു കരുതിയിരിക്കുന്നതു്."

ഇതിനെക്കാൾ കൂടുതലായ ഒരു പ്രശംസ ഒരു ഗവൎണ്ണറിൽനിന്നു ഒരു മഹാരാജാവിനെങ്കിലും ലഭിച്ചിട്ടുള്ളതായി കാണുന്നില്ല. ഗവൎണ്ണരുടെ ഹൃദയസ്പൃക്കുകളായ വാചകങ്ങൾ മഹാരാജാവിൻെറ ഭരണനൈപുണ്യത്തിനു വിജയസ്തംഭമായി എന്നും പ്രശോഭിക്കുന്നതാണ്. അങ്ങിനെയുള്ള ഭരണത്തിൽ തിരുമനസ്സിലെ മന്ത്രിയും ഉപദേഷ്ടാവുമായ മാധവരായരേയും കെ. സി. എസ്സ്. ഐ. എന്ന കീൎത്തിമുദ്രയാൽ ഗവൎണർ അലങ്കരിച്ചു. ഉചിതമായ വാഗ്വിലാസത്തോടും

നിഷ്കളങ്കമായ സന്തോഷത്തോടുംകൂടി ഗവർണർ മാധവരായരുടെ ഗുണഗണങ്ങളെ ഉപന്യസിച്ചു. കൂടിക്കാഴ്ച അത്യന്തം വിജയകരമായി അവസാനിച്ചു. മഹാരാജാവും പരിവാരവും സന്തോഷകുതൂഹലന്മാരായി തിരുവനന്തപുരത്തേക്ക് മടങ്ങുകയും ചെയ്തു. ഏകദേശം രണ്ടു കൊല്ലം കഴിഞ്ഞപ്പോൾ നേപ്പിയർ പ്രഭു തിരുവനന്തപുരത്തു വരികയും തിരുമനസ്സിലെ സന്തോഷപുരസ്സരമായ സൽക്കാരങ്ങളാൽ സന്തുഷ്ടനായി തിരിച്ചുപോകയും ചെയ്തു. രണ്ടു കൊല്ലം കഴിഞ്ഞ് മഹാരാജാവ് ബ്രിട്ടീഷ് രാജവംശത്തിലെ ഒരംഗമായ എഡിൻബറോയിലെ ഡ്യൂക്കിനെ സന്ദർശിക്കാനായി വീണ്ടും മദ്രാസിൽ എഴുന്നള്ളി. ആ പ്രഭു മഹാരാജാവ് എഴുന്നള്ളിയിരുന്ന ബംഗ്ലാവിൽ ചെന്ന് അവിടുത്തെ സന്ദർശിക്കുകയും രണ്ടുപേരും സന്തോഷത്തോടുകൂടി പരസ്പരസ്നേഹത്തോടുകൂടി പിരിയുകയും ചെയ്തു.

തിരുവിതാംകൂറിന് മാതൃകാരാജ്യമെന്ന അപൂർവ്വഖ്യാതി സിദ്ധിച്ചു. എന്നാൽ മഹാരാജാവിനും മാധവരായർക്കും തമ്മിൽ പല കാരണങ്ങളാലും സ്വരച്ചേർച്ചയില്ലാതെ ആയിത്തീർന്നു. ഗുരുശിഷ്യബന്ധവും പൂർവ്വസ്നേഹവുമെല്ലാം രണ്ടുപേരും വിസ്മരിച്ചു. ഗുണവാനും പ്രജാഹിതൈകതൽപ്പരനുമായ രാജാവ് ആധുനിക തിരുവിതാംകൂറിന്റെ അഭ്യുദയത്തിനു അസ്തിവാരമിട്ടുറപ്പിച്ച മന്ത്രിവര്യനെ ഉദ്യോഗത്തിൽനിന്നും പിരിച്ചയക്കുകയും ചെയ്തു. രാജപ്രീതി അവസാനിച്ചുപോയാൽ മന്ത്രിയെ ആരും ബഹുമാനിക്കുന്നില്ലല്ലോ. അതിനാൽ മാധവരായർ യാതൊരു ബഹുമാനചിഹ്നങ്ങളും കൂടാതെ കേവലം ഒരു സാധാരണനെപ്പോലെ യാത്ര പുറപ്പെട്ടു. താൻ സകല അധികാരവും വഹിച്ചിരുന്ന കാലത്ത് സാമന്ദഹാസത്തിൽ കളിയാടിക്കൊണ്ടിരുന്ന ഭൂവിഭാഗങ്ങൾ കടന്ന് യാത്ര ചെയ്യുന്ന മന്ത്രിവര്യന്റെ മനസ്സ് തീവ്രദുഃഖത്താൽ ശിഥിലമായി. മഹാരാജാവിന്റെ അപ്രീ

തിയെ ഭയന്ന് അദ്ദേഹത്തിനെ ചെന്നു കാണ്മാനും ബഹുമാനിക്കാനും ആൎക്കും ധൈൎയ്യമുണ്ടായിരുന്നുമില്ല. എന്നാൽ ഉദ്യോഗത്തിലിരിക്കുന്ന കാലത്ത് എന്നും മുഷിച്ചിലായി കഴിഞ്ഞ ഒരു ധീരനായ പേഷ്കാർ മാത്രം വലിയ അകമ്പടിയോടുകൂടി വന്ന് ഉദ്യോഗമൊഴിഞ്ഞുപോകുന്ന മന്ത്രിപുംഗവനെ യഥായോഗ്യം എതിരേറ്റ് വലുതായ സൽക്കാരങ്ങൾ ചെയ്തു. മാധവരായരുടെ മനസ്സ് ഇളകി അദ്ദേഹം ആനന്ദബാഷ്പാകുലനായി തീൎന്നു. ഈ വിവരങ്ങളെല്ലാമറിഞ്ഞ മഹാരാജാവു് ശങ്കുണ്ണിമേനോൻപേഷ്കാർ മുഖം കാണിക്കാൻ ചെന്നപ്പോൾ വളരെ കലശൽകൂട്ടി. എന്നാൽ രാജ്യത്തിന്റെയും രാജവംശത്തിന്റെയും സൽകീൎത്തിയെ രക്ഷിക്കാനായിട്ടു മാത്രമാണെന്നുള്ള ശങ്കുണ്ണിമേനോന്റെ മറുപടി കേട്ടു് മഹാരാജാവു് അത്യന്തം സന്തോഷിച്ചു. അങ്ങിനെയുള്ള മഹാഗുണങ്ങൾ ആയില്യം തിരുനാൾ മഹാരാജാവിനു സൎവ്വസാധാരണമായിരുന്നു.

മാധവരായർ പോയശേഷം അദ്ദേഹത്തിന്റെ സഹപാഠിയായിരുന്ന ശേഷയ്യാശാസ്ത്രികൾ ദിവാൻജിയായി നിയമിക്കപ്പെട്ടു. പഴയ ദിവാൻജിയുമായുള്ള വഴക്കുകളുടെ സ്മരണ മഹാരാജാവിന്റെ മുൻകരുതൽ സ്വഭാവത്തെ ഒന്നുകൂടി ദൃഢപ്പെടുത്തി. അതിനാൽ സ്വരച്ചേൎച്ച ഇല്ലാതെ വരികയാണെങ്കിൽ ദിവാൻജിയെ പിരിച്ചയക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ശേഷയ്യാശാസ്ത്രിയെ ഒരു വൎഷത്തെയ്ക്കാണു് നിയമിച്ചതു്. ശാസ്ത്രികൾ അതിബുദ്ധിമാനും അത്യന്തം ക്ഷമാശീലനും ആരുടേയും വിരോധം കൂടാതെ കാൎയ്യം സാധിക്കാൻ സമൎത്ഥനുമായിരുന്നു. മഹാരാജാവിനു് നിൎബന്ധമുള്ള സംഗതികളിൽ ചാഞ്ഞും ചരിഞ്ഞും പ്രവൎത്തിക്കുവാനുള്ള കൌശലങ്ങൾ അദ്ദേഹത്തിനു സ്വായത്തമായിരുന്നു. എന്നാൽ തരംപോലെ കാൎയ്യങ്ങൾ പറഞ്ഞു് മഹാരാജാവിനു് കോപ

വരുത്താതെ ധൈൎയ്യത്തോടും നീതിയോടും ഭരണകാൎയ്യം നിൎവ്വഹിക്കുവാൻ പുതിയ ദിവാൻജിക്കു കഴിഞ്ഞു. ശേഷയ്യാശാസ്ത്രി ഗവൎമ്മേണ്ടിൻെറ ചെലവുകൾ ചുരുക്കി. ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കൂട്ടി അവരെ സംതൃപ്തരാക്കി. എഴുത്തുകുത്തുകൾക്കു കാലമാററി കടലാസ്സാക്കി. അളവുകളും തൂക്കങ്ങളും ക്രമപ്പെടുത്തി. മാധവരായർ ആരംഭിച്ച തോട്ടുകളും, റോഡുകളും, പാലങ്ങളും കെട്ടിടങ്ങളുമെല്ലാം പൂൎത്തിയാക്കി. ശേഷയ്യാശാസ്ത്രിയുടെ ബുദ്ധിയും ശ്രദ്ധയും എല്ലാക്കാൎയ്യങ്ങളിലും പതിഞ്ഞു. മതസംബന്ധമായും രാജ്യഭാരസംബന്ധമായുമുള്ള സകല കാൎയ്യങ്ങളിലും ദിവാൻജിയുടെ ഉപദേശം മഹാരാജാവു് ആദരിച്ചു.

ആയില്യംതിരുനാൾ തിരുമനസ്സുകൊണ്ടു് ഭാരതഖണ്ഡത്തിലെപല പ്രധാനസ്ഥലങ്ങളും സന്ദർശിച്ചിട്ടുണ്ടു്. ബോംബെയിലും, കല്ക്കട്ടയിലും, ആഗ്രാ, ഡെൽഹി മുതലായ പ്രസിദ്ധപ്പെട്ട പട്ടണങ്ങളിലും അവിടുന്നു് എഴുന്നള്ളീട്ടുണ്ടു്. ഗവൎണ്ണറന്മാൎക്കും വൈസറായിമാൎക്കും അവിടുത്തെക്കുറിച്ചു വലിയ ബഹുമാനമായിരുന്നു. വിക്ടോറിയാ മഹാരാജ്ഞിയുടെ മൂത്തമകൻ മദ്രാസിൽ എഴുന്നള്ളിയപ്പോൾ മഹാരാജാവു് തിരുമനസ്സുകൊണ്ടും അവിടെ എഴുന്നെള്ളി വിലയേറിയ സമ്മാനങ്ങൾ കൊടുത്തു. രാജകുമാരൻ മഹാരാജാവിനെയും എഴുന്നള്ളിക്കണ്ടു. അതിൻെറ ശേഷം മഹാരാജാവു് കല്ക്കട്ടയിൽ ചെന്നു് രാജകുമാരനോടു യാത്ര പറഞ്ഞു പിരിയുകയും, കാശിയിൽചെന്നു് സ്നാനാദികൎമ്മങ്ങൾ നടത്തി, തിരുവനന്തപുരത്തേക്കു് തിരിച്ചെഴുന്നള്ളുകയും ചെയ്തു. അങ്ങിനെയിരിക്കുമ്പോൾ, ൧൮൭൭-ൽ ഡെൽഹിഡർബാർ എന്ന മഹായോഗത്തിൽ ഭാഗഭാക്കാകണമെന്നു കാണിച്ചു് വൈസറായി അവർകൾ തിരുമനസ്സിലെ ക്ഷണിച്ചു. എന്നാൽ ദേഹാസ്വാസ്ഥ്യത്താൽ അവിടെ എഴുന്നെള്ളുവാൻ സാധിച്ചില്ല. മഹാരാജാവിനു് സമ്മാനിക്കു

വാനായി വിക്ടോറിയാ ചക്രവത്തിനി കല്പിച്ചയച്ചിരുന്ന കൊടി തിരുവനന്തപുരത്തുവച്ചു് ബ്രിട്ടീഷ്റസിഡൻറു് ഒരു ഡർബാർ നടത്തി മഹാജനസമക്ഷം തിരുമനസ്സിലേയ്ക്കു നൽകി.

ശേഷയ്യാശാസ്ത്രികൾ് അനുവദിച്ചിരുന്ന കാലം കഴിഞ്ഞും പരിചയം പഴകിപ്പഴകിവന്നപ്പോൾ, രാജാവിനും മന്ത്രിക്കും തമ്മിൽ അല്പം ചില രസക്കേടുകൾ ഉണ്ടാകാതിരുന്നില്ല. നാട്ടുകാരിൽ ഒരാളെ ദിവാൻജിയായി നിയമിക്കണമെന്നു മഹാരാജാവിനു താൽപ്പയ്യ്യവുമുണ്ടായി. ശാസ്ത്രികൾ, മഹാരാജാവു് കല്പിച്ചനുവദിച്ച കുടുത്തുൺപററി സ്വദേശത്തേക്കു മടങ്ങി കൃതജ്ഞതാപൂവ്വം കാലംകഴിച്ചു. ദിവാൻപേഷ്കാരായിരുന്ന നാണുപിള്ള എം. ഏ. ൽ ദിവാൻജിയായി നിയമിക്കപ്പെട്ടു. ഇദ്ദേഹം ദീർഘകാലത്തെ സർവീസുകൊണ്ടു് അതിസമത്ഥനായ ഒരു റവന്യൂ ഉദ്യോഗസ്ഥനായിരുന്നു. ഗുണവാനായ ദിവാൻജി ——സുദൃഢമായ സ്വാമിഭക്തിയോടുകൂടി കായ്യങ്ങൾ നടത്തി. എന്നാൽ നാട്ടുകാരായ ദിവാൻജിമാക്കു വിദേശീയന്മാരെപ്പോലെ സ്വാതന്ത്ര്യം ഉണ്ടാകുന്നതല്ല. അതിനാൽ തിരുമനസ്സിലെ കല്പനപ്രകാരം കായ്യങ്ങളെല്ലാം നടന്നു. നാണുപിള്ളയവർകളുടെ ഭരണകാലത്തു പ്രജാരക്ഷമത്തിനുള്ള വ്യവസ്ഥകൾ തടവുകൂടാതെ നടന്നു. ആശുപത്രികളും പള്ളിക്കൂടങ്ങളും സത്രങ്ങളും വദ്ധിച്ചു. ഭണ്ഡാരത്തിൻെറ നിലയും അത്യന്തം തൃപ്തികരമായിരുന്നു. കൊച്ചീരാജാവുതിരുമനസ്സുകൊണ്ടു് മഹാരാജാവിനെ സന്ദർശിക്കാനായി തിരുവനന്തപുരത്തു് എഴുന്നള്ളിയപ്പോൾ ഇവിടത്തെ ഭരണവ്യവസ്ഥകൾ കണ്ടു് വളരെ പ്രശംസിച്ചിട്ടുണ്ടു്. ഗവണ്ണന്മാരും റസിഡണ്ടന്മാരും എന്നുവേണ്ട ഇംഗ്ലണ്ടിലെ ഭരണാധിപന്മാർപോലും തിരുമനസ്സിലെ ബുദ്ധിസാമ

ൎത്ഥ്യത്തേയും കാൎയ്യക്ഷമവും വിവേകപൂൎവ്വവും ആയ ഭരണത്തേയും സൎവ്വാത്മനാ ബഹുമാനിച്ചിട്ടുണ്ട്.

ആധുനിക തിരുവിതാംകൂറിൽ നടപ്പിൽവന്നിട്ടുള്ള പല പരിഷ്കാരങ്ങളും ആയില്യംതിരുനാൾ തിരുമനസ്സിലെ കാലത്തു കുഴിച്ചിട്ട വിത്തുകൾ മുളച്ചു കാലാനുകൂലമായി വളൎന്നിട്ടുള്ളവയാകുന്നു. അവിടുന്നു രാജ്യഭരണത്തിൽ എന്നപോലെ കലാവിദ്യകളിലും സമൎത്ഥനായിരുന്നുവെന്നു മുൻപു് പറഞ്ഞിട്ടുണ്ടല്ലൊ. അവിടുത്തെ ദിനചൎയ്യതന്നെ രാജയോഗ്യവും പണ്ഡിതോചിതവും ആയിരുന്നു. അതിനെക്കുറിച്ചു സൂക്ഷ്മജ്ഞാനമുണ്ടായിരുന്ന ഒരു സൎവ്വാധികാൎയ്യക്കാർ എഴുതീട്ടുള്ളതു് ഇപ്രകാരമാണു്:

"കാലത്തെ സവാരികഴിഞ്ഞാൽ അവിടുത്തെ മുഖംകാണിക്കാൻ വന്നുനില്ക്കുന്നവരെ കണ്ടു് സംസാരിച്ചതിന്റെ ശേഷം, സ്നാനം അമൃതു് മുതലായവയും അനന്തരം തന്റെ എഴുത്തുജോലിയും വഹിച്ചു് വലിയകൊട്ടാരത്തിൽ എഴുന്നള്ളി രാജ്യകാൎയ്യവിഷയത്തിൽ മാതുലനു വേണ്ട സഹായം ചെയ്കയും ചെയ്തു് ഭജനപ്പുരയിൽ എഴുന്നള്ളും. പിന്നീടു് ആ കാലത്തു തിരുവനന്തപുരത്തുണ്ടായിരുന്ന വിദ്വാന്മാരായ ശാസ്ത്രിമാർ, വൈയാകരണന്മാർ, താൎക്കികന്മാർ മുതലായവരുമായി സദസ്സുകൂടി ഓരോ തൎക്കപ്രതിവാദവിഷയങ്ങളിൽ പ്രവേശിച്ചിരിക്കും. അനന്തരം ഭാഗവതന്മാരുടെ പാട്ടും അതുകഴിഞ്ഞാൽ വയ്യിട്ടത്തെ സവാരിയും പതിവായിരുന്നു."

യുവരാജാവായിരുന്ന കാലത്തു് ശീലിച്ചതായ പതിവിനു രാജ്യകാൎയ്യക്ലേശങ്ങൾ നിമിത്തം മാറ്റമുണ്ടായില്ല. തിരുമനസ്സുകൊണ്ടു വിദ്വാന്മാരെ പ്രോത്സാഹിപ്പിക്കുന്ന വിഷയത്തിൽ ബദ്ധവ്രതനായിരുന്നു. സാഹിത്യത്തിലും സംഗീതത്തിലും അവിടുന്നു ഒന്നുപോലെ സഹൃദയനായി ശോഭിച്ചു. പുസ്തകങ്ങൾ

വായിച്ചുനോക്കി തൽക്കൎത്താക്കന്മാരെ അഭിനന്ദിക്കുവാനും അവിടുന്നു സദാ സന്നദ്ധനായിരുന്നു. വിദ്വാനായ പാച്ചുമൂത്തതിനു കല്പിച്ചുകൊടുത്ത ഒരു സൎട്ടിഫിക്കററു് ഇവിടെ ചേൎത്തുകൊള്ളുന്നു.

“നമ്മുടെ അടുക്കൽ ചിരകാലാശ്രിതനും പ്രീതിപാത്രനും ആയിരിയ്ക്കുന്ന വൈദ്യൻ പാച്ചുമൂത്തതു് ഈയിടെ ഉണ്ടാക്കിയതായ വൈദ്യവിഷയകമായും സന്മാൎഗ്ഗവിഷയകമായും ഉള്ള രണ്ടുപുസ്തകങ്ങളെയും നാം കണ്ടു സന്തോഷിച്ചിരിക്കുന്നു, അവകൾ ജനങ്ങൾക്കു ഉപയോഗികളായി ഭവിക്കണമെന്നുള്ള ഗ്രന്ഥകൎത്താവിന്റെ ശ്ലാഘനീയമായുള്ള ഉദ്ദേശ്യത്തെ നാം അനുമോദിക്കുന്നു. പാച്ചുമൂത്തതിനു വ്യാകരണത്തിലും വൈദ്യത്തിലും ജ്യൌതിഷത്തിലും ഉള്ള പാണ്ഡിത്യത്തെയും കവനപരിചയത്തെയും സദ്ചിത്തതയേയും ഇതിനു മുമ്പിൽത്തന്നെ നാം അറിഞ്ഞു് നല്ലപോലെ സമ്മതിച്ചിട്ടുള്ളതാകുന്നു.”

ഇപ്രകാരമുള്ള അനുമോദനങ്ങൾ എത്രമാത്രം ഗുണപ്രദമാണെന്നു പറയേണ്ടതില്ലല്ലോ. സാഹിത്യകാരന്മാരെപ്പോലെ സംഗീതവിദ്വാന്മാരും അവിടത്തെ ആതപത്രച്ഛായയിൽ വിഹരിച്ചു. ദക്ഷിണഇൻഡ്യയിൽ പ്രസിദ്ധന്മാരായിരുന്ന ഗായകന്മാരും വൈണികന്മാരും മൃദംഗക്കാരും തിരുവനന്തപുരത്തു വന്നു വളരെനാൾ താമസിച്ചിട്ടുണ്ടു്. രാജസമ്മാനം തന്നെ അനൎഘമായ ബഹുമതിയായിരിക്കെ ഗുണദോഷജ്ഞാനമുള്ള രാജാവിന്റെ സമ്മതം കലാകുശലന്മാൎക്കു് അത്യന്തം ആഹ്ലാദജനകമാണല്ലോ. മഹാരാജാവു് തിരുമനസ്സുകൊണ്ടു് സംഗീതത്തിൽ ഭാഗവതരന്മാരെക്കാൾ സമൎത്ഥനായിരുന്നു. അവിടത്തെ ശരീരഗുണം അത്ഭുതജനകമായിരുന്നുവത്രേ. അതുപോലെ

തന്നെ തിരുമനസ്സുകൊണ്ടു സാഹിത്യത്തിലും പരിശ്രമിച്ചു.
അറേബിയൻ കഥകളിൽനിന്നും ഒരു കഥ എടുത്തെഴുതി മീന
കേതനചരിതം എന്നൊരു ഗദ്യഗ്രന്ഥവും പുരാണപ്രസിദ്ധമായ
ശാകുന്തളം കഥയും അവിടുന്നു രചിച്ചിട്ടുണ്ടു്. ആ കൃതികൾ
രണ്ടും ഗ്രന്ഥകർത്താവു നാടുനീങ്ങിയതിൽപിന്നെ വിദ്വാനും
മഹാകവിയും ആയ കേരളവർമ്മവലിയകോയിത്തമ്പുരാൻ തിരു
മനസ്സുകൊണ്ടു് അച്ചടിപ്പിച്ചു പ്രസിദ്ധം ചെയ്തിട്ടുണ്ടു്.

"വിദ്യാധനം സർവ്വധനാൽപ്രധാനം" എന്നുള്ള സൂക്ഷ്മ
തത്വത്തെ അവിടുന്നു വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും അനു
ഷ്ഠിച്ചു. ഹജൂർകച്ചേരിയുടെ പണി ആരംഭിക്കുന്ന അവസര
ത്തിൽ അവിടുന്നുതന്നെ സ്ഥലത്തു് എഴുന്നള്ളി തൃക്കൈകൊണ്ടു
തന്നെ അടിസ്ഥാനശില സ്ഥാപിച്ചു. ആ സന്ദർഭത്തിൽ
അവിടുന്നു ചെയ്ത പ്രസംഗം ഉത്തമങ്ങളായ അനേകം ആശയ
ങ്ങളാൽ ഉജ്ജ്വലിക്കുന്നു. ബുദ്ധിവികാസത്തിനും സന്മാർഗ്ഗനി
ഷ്ഠയ്ക്കും കാര്യശേഷിക്കും വിദ്യാഭ്യാസം അപരിത്യാജ്യമാണെന്നു്
അവിടുന്നു വിശ്വസിച്ചു. പഠിത്തമുള്ളവരെയല്ലാതെ ഉയർന്ന
തരം ഉദ്യോഗങ്ങളിൽ നിയമിക്കുന്നതല്ലെന്നു് അവിടുന്നു തിരു
മാനിച്ചു. അതോടുകൂടിത്തന്നെ സ്ത്രീപുരുഷവ്യത്യാസമെന്യേ
പ്രജകൾക്കെല്ലാം വിദ്യാഭ്യാസം ചെയ്യാൻ വേണ്ട സൌകര്യ
ങ്ങൾ ഉണ്ടാക്കിക്കൊടുത്തു. ഇന്നു തിരുവിതാംകൂർ സംസ്ഥാനം
വിദ്യാഭ്യാസവിഷയത്തിൽ ഭാരതഖണ്ഡത്തിലുള്ള മററു രാജ്യ
ങ്ങളെക്കാൾ വളരെ മുമ്പിൽ നില്ക്കുന്നു. നമ്മുടെ രാജ്യത്തിൽ
എഴുതാനും വായിക്കാനും അറിയാൻ പാടില്ലാത്ത ആളുകൾ
വളരെ കുറവാണു്. പാശ്ചാത്യശാസ്ത്രങ്ങളിലും സാഹിത്യകല
കളിലും തിരുവിതാംകൂർകാരുടെ പദവി ഒന്നിനൊന്നു ഉയ
ർന്നുവരുന്നു. മലയാളഭാഷയ്ക്കു തിരുവിതാംകൂറിൽ സിദ്ധിക്കുന്നതു

പോലെയുള്ള പ്രോത്സാഹനം മററാരിടത്തും ലഭിക്കുന്നില്ല. ഇങ്ങിനെയുള്ള പ്രചാരം വരുത്താനായി ആയില്യംതിരുനാൾ തിരുമനസ്സുകൊണ്ടു ഒട്ടേറെ പരിശ്രമിച്ചിട്ടുണ്ടു. പണ്ടത്തെ കാലത്തു നല്ലനിലയിലുള്ള പള്ളിക്കൂടങ്ങൾതന്നെ ഉണ്ടായിരുന്നില്ല. ശബ്ദാഷ്ടകവും പരല്പേറും ശ്രീരാമോദന്തവും മററുമല്ലാതെ ഇപ്പോഴത്തെപ്പോലെ പാഠപുസ്തകങ്ങൾ ഉണ്ടായിരുന്നില്ല. ആ ന്യൂനതയെ പരിഹരിക്കുന്നതിനായിട്ടാണു് ആയില്യംതിരുനാൾ മഹാരാജാവും മാധവരായരും വേണ്ടപോലെ ആലോചിച്ചു ബുക്ക്കമ്മിററി ഏർപ്പെടുത്തിയതു്. കമ്മിററിയിൽനിന്നും പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ അധികവും എഴുതിയുണ്ടാക്കിയതു കേരളവർമ്മ വലിയകോയിത്തമ്പുരാനായിരുന്നു.

തിരുമനസ്സിലെ സുഖജീവിതം സുപ്രസിദ്ധമാണു്. ഐഹികസുഖങ്ങളിലുള്ള ആസക്തി വൈദികന്മാർക്കു യോജിച്ചതല്ലായിരിക്കാം. എന്നാൽ രാജാക്കന്മാർക്കു ഭൗതികസുഖങ്ങളും ആഡംബരപ്രൌഢിയും വിഹിതംതന്നെ. ഉദാരമതിയായ അവിടുന്നു് ആശ്രിതജനങ്ങൾക്കു വളരെ പണവും മററു സമ്മാനങ്ങളും കൊടുത്തു വന്നു. എന്നാൽ ഉത്തരഇൻഡ്യയിൽ സഞ്ചരിക്കുന്നതിനിടയിൽ അവിടുത്തേക്കു് പരിചയപ്പെട്ട ചില രാജാക്കന്മാരുടെ ഉപദേശം അവിടുത്തെ കുറേ ലുബ്ധനാക്കിത്തീർത്തു. സർക്കാർ ഖജനാവിലെന്നപോലെ കൊട്ടാരത്തിലെ ഭണ്ഡാരത്തിലും ധാരാളം പണം ഉണ്ടായിരിക്കണമെന്നു തിരുമനസ്സിലേയ്ക്കു ബലമായ ആഗ്രഹമുണ്ടായി. ചെല്ലംവകയിൽ സ്വർണ്ണം കട്ടികട്ടിയായി ശേഖരിച്ചു വച്ചിരുന്നതായി ജനങ്ങൾ ഇക്കാലത്തും പറഞ്ഞുവരുന്നുണ്ടു്.

രാജവംശത്തിനോടു ബന്ധുത്വമുള്ള കുടുംബങ്ങളോടു മഹാരാജാവു് പ്രത്യേകമായ കാരുണ്യം പ്രദർശിപ്പിച്ചു.

പണ്ഡിതന്മാരെയും പ്രഭുക്കന്മാരെയും മതാചാര്യന്മാരെയും അവിടുന്ന് യഥായോഗ്യം ബഹുമാനിച്ചു. പുരാതനനിയമങ്ങൾകൊണ്ടും വിദ്യാഭ്യാസത്തിന്റെയും ധനത്തിന്റെയും അഭാവംകൊണ്ടും അപകൃഷ്ടരായിരുന്ന സമുദായങ്ങളെ കരുണാർദ്രമായ വാത്സല്യത്തോടുകൂടി അവിടുന്നു കടാക്ഷിച്ചു.

മുപ്പത്താറാമാണ്ടു നാടുനീങ്ങിയ ഉത്രംതിരുനാൾ വലിയതമ്പുരാന് ഭാഗിനേയന്മാരെ വളരെ സ്നേഹമായിരുന്നു. അവിടത്തെ പുത്രിയ്ക്കാണ് ആയില്യംതിരുനാൾ തിരുമനസ്സുകൊണ്ടു പട്ടും പരിവട്ടവും കൊടുത്തതു്. നാടുവാഴുന്ന മാതുലനാകട്ടെ ബുദ്ധിമാനും കാര്യശേഷിയുള്ളവനും ജാമാതാവും ആയ പ്രിയഭാഗിനേയന്റെ ആലോചനയോടുകൂടിയാണ് രാജ്യഭാരം നടത്തിവന്നതു്.

സുദൃഢമായ ദൈവഭക്തി, സർവ്വതോമുഖമായ ഭൂതദയ, പ്രജാവർഗ്ഗങ്ങളോടു അത്യധികമായ വാത്സല്യം എന്നിങ്ങനെയുള്ള വിശിഷ്ടഗുണങ്ങൾ എല്ലാം തിരുമനസ്സിലെ സകല പ്രവൃത്തികളിലും തെളിഞ്ഞു. അവിടത്തെ രണ്ടാമത്തെ ഭാമിനിയായ നാഗരുകോവിൽ അമ്മച്ചി അത്യുത്തമയായ സ്ത്രീരത്നമായിരുന്നു. തിരുമനസ്സിലെയ്ക്കു സഹോദരങ്ങളുടെ നേർക്കും അനന്തിരവരുടെ നേർക്കും ഉണ്ടായിരുന്ന വാത്സല്യം സുപ്രസിദ്ധമാണ്. അവർക്ക് അങ്ങോട്ടും അങ്ങിനെതന്നെയായിരുന്നു. ആയില്യം തിരുനാൾ തിരുമനസ്സുകൊണ്ടും വിശാഖം തിരുനാൾ തിരുമനസ്സുകൊണ്ടും വളരെ സ്നേഹമായിട്ടാണ് കഴിഞ്ഞുവന്നതു്. എന്നാൽ ജീവിതത്തിന്റെ അവസാനഘട്ടത്തിൽ ജ്യേഷ്ഠാനുജന്മാർ തമ്മിൽ വളരെ രസക്കേടുണ്ടായി. തമ്മിൽ കാണുകയില്ലെന്നുള്ള നിർബന്ധവും രണ്ടുപേരും തുടങ്ങി. ഉദ്യോഗസ്ഥന്മാരും ആശ്രിതന്മാരും എല്ലാം രണ്ടു കക്ഷിയായി പിരിഞ്ഞു. എന്നാൽ മഹാരാജാ

ചിന്‌ അവസാനത്തെ അലസ്യം ആരംഭിച്ചപ്പോൾ വിശാഖം തിരുനാൾതിരുമനസ്സിലെ വജ്രതുല്യമായ ഹൃദയം ഉരുകി. ജ്യേഷ്ഠനെ കാണണമെന്നുള്ള ആഗ്രഹം നിമിഷംപ്രതി വളൎന്നു. മഹാരാജാവു കുറേ ദിവസം അനുവാദം കൊടുത്തില്ല. ഇളയ രാജാവു് വീണ്ടും വീണ്ടും നിർബന്ധിക്കയാൽ ജ്യേഷ്ഠന്റെ മനസ്സ് സഹോദര വാത്സല്യത്തിന്‌ അധീനമായിത്തീൎന്നു. വളരെക്കാലമായി പരസ്പരസ്പൎദ്ധാലുക്കളായിരുന്ന ജ്യേഷ്ഠാനുജന്മാർ തമ്മിൽ കണ്ടസമയം രണ്ടുപേരും കരഞ്ഞുപോയി. അവരുടെ വിരോധങ്ങൾ എല്ലാം വിസ്മൃതമായി. അനുജൻ ജ്യേഷ്ഠസന്നിധിയിൽനിന്നും ഒരുസമയവുംമാറാതെ അതിസ്നേഹത്തോടുകൂടി ശുശ്രൂഷകൾ ചെയ്തു. എന്നാൽ അതു കൊണ്ടാകട്ടെ ഭിഷഗ്വരന്മാരുടെ ചികിത്സാപാടവംകൊണ്ടാകട്ടെ യാതൊരു ഫലവും ഉണ്ടായില്ല. ൧൮൮൦ മേ മാസം ൩൧-ാനു മഹാരാജാവിന്റെ പ്രപഞ്ചഃക്ലേശങ്ങൾ അവസാനിച്ചു. അവിടത്തെ രാജ്യഭരണം തിരുവിതാംകൂർ ചരിത്രത്തിൽ അതിപ്രധാനമായ കാലമാണെന്നുള്ളതു് സുപ്രസിദ്ധമായ സംഗതിയാണ്‌.

# ശ്രീ വിശാഖം തിരുനാൾ.

അയില്യം മഹാരാജാവു് തിരുമനസ്സിലെ കിരീടം അനുജനായ വിശാഖം തിരുമനസ്സിലെ ശിരസ്സിൽ സവിശേഷം ശോഭിച്ചു. വിശാഖം തിരുനാൾ തിരുമനസ്സുകൊണ്ടു് ൧൦൧൨-ാമാണ്ടു ഭൂലോകജാതനായി. രുഗ്മിണിഭായി തമ്പുരാട്ടിയുടെ ഏഴു സന്താനങ്ങളിൽ മഹാരാജാവു് തിരുമനസ്സുകൊണ്ടു് ഒടുവിലത്തെ പുത്രനായിരുന്നു വിശാഖംതിരുനാൾ. അവിടത്തെ സഹോദരന്മാരിൽ രണ്ടു പേർ ബുദ്ധിഭ്രമമുള്ളവരായി തീർന്നു. ശിഷ്ടമുള്ള അഞ്ചു കുട്ടികളിൽ മൂന്നുപേർ അല്പായുസ്സായും വന്നു.

അവരിൽ ഒരാളിന്റെ മരണം വിശാഖംതിരുനാൾ ഗർഭത്തിൽ കിടക്കുമ്പോൾ ആണു് ഉണ്ടായതു്. പുത്രനാശത്താൽ മാതാവിനുണ്ടായ വ്യസനം ഗർഭത്തിൽ കിടന്ന ശിശുവിന്റെ ആരോഗ്യത്തിനു ഹാനിയുണ്ടാക്കിയതായി പറയാറുണ്ടു്. വിശാഖംതിരുനാൾ തിരുമനസ്സിലെ പ്രസവിച്ചു് രണ്ടു മാസം കഴിയുന്നതിനു മുമ്പു് അവിടത്തെ മാതാവു് നാടുനീങ്ങി. ജനനാൽ തന്നെ ദുർബ്ബലനായ ശിശുവിനു് മാതാവിന്റെ മരണം വലുതായ ഒരാപത്തായിരുന്നു. എങ്കിലും അമ്മൂമ്മയും അച്ഛനും ശിശുവിനെ നല്ലപോലെ പരിപാലിക്കുകയാൽ രാജകുമാരൻ ശൈശവദശയെ കടന്നു് യൌവനത്തെ പ്രാപിച്ചു.

ആരോഗ്യം എന്നതു മനുഷ്യജീവിതത്തിന്റെ ഫലപ്രാപ്തിക്കുള്ള പ്രധാന സഹായമാണു്. എങ്കിലും ലോകത്തിൽ വിശ്രുതന്മാരായി തീർന്നിട്ടുള്ളവരിൽ ചിലർക്കു് ജനനം മുതൽ മരണം വരെ രോഗങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നതായി നാം ചരിത്രപുസ്തകങ്ങളിൽ കാണുന്നുണ്ടു്. വിശാഖംതിരുനാൾ തിരുമനസ്സി

ലെ അനുഭവം അതിന്നു തക്കതായ ദൃഷ്ടാന്തമാകുന്നു. അവിട്ട
ത്തേക്കു പല വിധേനയുള്ള ബാലാരിഷ്ടതകൾ ഉണ്ടായിക്കൊ
ണ്ടിരുന്നു. എങ്കിലും പള്ളിവായന തുടങ്ങിയ ദിവസം മുതൽ
അവിടത്തെ വിദ്യാഭ്യാസം ക്രമമായി നടന്നു. ഓരോ വിഷയങ്ങൾ
പഠിപ്പിക്കുവാനും പ്രത്യേകം പ്രത്യേകം വാദ്ധ്യാന്മാരുണ്ടായിരുന്നു.
എങ്കിലും രാജകുമാരന്റെ പഠിത്തത്തിൽ അവിട്ടത്തെ പിതാവി
നും വളരെ നിഷ്കൃഷ്ടയായിരുന്നു. അച്ഛന്റെ മേൽനോട്ടവും
മകന്റെ ബുദ്ധിശക്തിയും യോജിച്ചപ്പോൾ അതിൽ നിന്നുണ്ടായ
ഫലം അത്ഭുതകരമായിത്തീർന്നു. മലയാളത്തിൽ നല്ല പരിച
യവും സംസ്കൃതത്തിൽ സാമാന്യമായ അറിവും അവിട്ടത്തെ
ക്ക് വളരെ വേഗത്തിൽ ലഭിച്ചു. ഒൻപതാമത്തെ തിരുവയ
സ്സിൽ അവിട്ടന്നു് ഇംഗ്ലീഷ് പഠിക്കാനാരംഭിച്ചു. അവിടത്തെ
യും ആയില്യം തിരുനാൾ മഹാരാജാവിന്റേയും ഇംഗ്ലീഷ്
അദ്ധ്യാപകൻ ദിവാൻ ഉദ്യോഗത്തിൽ ഇരുന്നിരുന്ന സുബ്ബരായ
രായിരുന്നു. ഈ ബ്രാഹ്മണനെ ഇക്കാലത്തുപോലും ഇംഗ്ലീഷ്
സുബ്ബരായരെന്നു് പറഞ്ഞുവരുന്നു.

വിശാഖംതിരുനാൾ തിരുമനസ്സിലെ പഠിത്തത്തിന്നു് രോ
ഗങ്ങൾകൊണ്ടു് തടസ്സമുണ്ടാകാതിരുന്നില്ല. എങ്കിലും പുസ്തകം
കയ്യിലെടുക്കുമ്പോൾ ശരീരക്ലേശങ്ങൾ മറന്നു് അവിട്ടന്നു പഠി
ത്തവിഷയത്തിൽ ഏകാഗ്രതയോടുകൂടി പ്രവേശിക്കുക പതിവാ
യിരുന്നു. അല്പകാലം കൊണ്ടു് അവിട്ടന്നു് ഗുരുക്കന്മാരുടെ സ്നേ
ഹബഹുമാനങ്ങൾക്കു് പാത്രീഭവിച്ചു. ഒരു കൃത്യത്തെ പകു
തിയാക്കി നിറുത്തുന്നതു് അവിടത്തേക്കു് ചെറുപ്പത്തിലെ ത
ന്നെ വിരോധമായിരുന്നു. ദൃഢമായ ആലോചനാശക്തിയും
കാര്യസാദ്ധ്യത്തിന്നുള്ള സ്ഥിരോത്സാഹവും അവിടത്തേക്കു്
സ്വതസ്സിദ്ധമായിരുന്നു ഇപ്രകാരമുള്ള വിശേഷഗുണങ്ങൾക്കു്

പിതാവിന്റെ ശാസനാനിമിത്തം പൂർവ്വാധികമായ ബലം സിദ്ധിച്ചു. ഇങ്ങിനെ വിദ്യാഭ്യാസം നടക്കുന്നതിന്നിടയ്ക്കു രാജകുമാരനിൽ ക്ഷയരോഗത്തിന്റെ ആദ്യ ചിഹ്നങ്ങൾ പ്രത്യക്ഷപ്പെട്ടുതുടങ്ങി. ദേഹം വളരെ ശോഷിച്ച് ബലഹീനമായിത്തീർന്നു. എന്നിട്ടും മനസ്സിന്റെ ഉറപ്പിന്നും വിദ്യാഭ്യാസത്തിലുള്ള നിഷ്ഠയ്ക്കും യാതൊരു കുറവും ഉണ്ടായില്ല. അങ്ങിനെയിരിക്കവെയാണ് രാജകുമാരന്മാരെ പഠിപ്പിക്കാനായി മാധവരായർ തിരുവനന്തപുരത്തു വന്നതു്.

തിരുമനസ്സുകൊണ്ടു് നാലുവർഷക്കാലം ആ ഗുരുവിന്റെ അടുക്കൽ പഠിച്ചു. ഇംഗ്ലീഷ് സാഹിത്യവും പാശ്ചാത്യശാസ്ത്രങ്ങളും അഭ്യസിക്കുവാൻ അവിടത്തേക്ക് അനല്പമായ താൽപ്പര്യം ഉണ്ടായിരുന്നു. ഗുരുവിങ്കൽ നിന്നും ലഭിക്കുവാനുള്ള ജ്ഞാനമെല്ലാം ചുരുങ്ങിയകാലം കൊണ്ടു പ്രിയശിഷ്യൻ കരസ്ഥമാക്കി.

മാധവരായർ സർക്കാർ ഉദ്യോഗത്തിൽ പ്രവേശിച്ചതോടുകൂടി രാജകുമാരന്മാർ പഠിത്ത വിഷയത്തിൽ തന്നത്താൻ പ്രയത്നിച്ചു തുടങ്ങി. വിശാഖം തിരുനാൾ തിരുമനസ്സുകൊണ്ടു് ആയുഷ്ക്കാലം മുഴുവനും വിദ്യാർത്ഥിയായിരുന്നു. അവിടത്തെ വകയായ ഗ്രന്ഥശാലയിൽ സകലവിധമായ വിഷയങ്ങളെയും പററി പ്രതിപാദിക്കുന്ന അനവധി പുസ്തകങ്ങൾ ഉണ്ടായിരുന്നു. ഈ പുസ്തകങ്ങൾ കേവലം അലങ്കാരത്തിന്നായി വച്ചിരുന്നതല്ലന്നും അവയിൽ ഓരോന്നും അവിടുന്നു് ഒന്നിലധികം പ്രാവശ്യം വായിച്ചിട്ടുണ്ടായിരുന്നു എന്നും എല്ലാവർക്കും അറിവുള്ള സംഗതികളാണു്.

ശ്രീവിശാഖം തിരുനാൾ തിരുമനസ്സിലേക്ക് ശാസ്ത്രചർച്ചയിൽ അസാമാന്യമായ അഭിരുചിയുണ്ടായിരുന്നു. ആ വിഷയ

ത്തിൽ ഖ്യാതി സമ്പാദിക്കുവാൻ അവിടുന്നു് വളരെ പ്രയത്നം ചെയ്തിട്ടുണ്ടു്. അവിടുന്നു് പതിനെട്ടാമത്തെ വയസ്സിൽ "യുദ്ധത്തിന്റെ കഷ്ടതകളും സമാധാനത്തിന്റെ ഗുണങ്ങളും" എന്ന വിഷയത്തെപ്പററി ഒരുപന്യാസം എഴുതി. അതു് അക്കാലത്തു തിരുവിതാംകൂർ റസിഡൻറായിരുന്ന കല്ലൻസായ്പിന്റെ പ്രശംസയ്ക്കു പാത്രീഭവിച്ചിട്ടുണ്ടു്. ഇത്ര ചെറുപ്പക്കാരനായ ഒരാൾക്കു ഇങ്ങിനെ വിശേഷമായ ഒരു പ്രബന്ധം നിർമ്മിക്കുവാൻ സാധിച്ചതിൽ വച്ചു് മിസ്റ്റർ കല്ലൻ മനഃപൂർവ്വം സന്തോഷിച്ചു. സായ്പിന്റെ പ്രോത്സാഹനം രാജകുമാരനു് ആ വിഷയത്തിൽ ധൈര്യംകൊടുത്തു. അവിടുന്നു് പ്രധാനവർത്തമാനപ്പത്രങ്ങൾക്കും മാസികകൾക്കും ലേഖനങ്ങൾ അയച്ചു തുടങ്ങി. അക്കാലത്തു് ദക്ഷിണ ഇൻഡ്യയിൽ ഉണ്ടായിരുന്ന പത്രഗ്രന്ഥങ്ങളിൽ പ്രധാനപ്പെട്ടതു് "അഥീനിയം" ആയിരുന്നു. അഥീനിയം പത്രത്തിലേക്കു് തിരുമനസ്സുകൊണ്ടു് ആദ്യം എഴുതി അയച്ച ലേഖനം പത്രാധിപർ നിരാകരിച്ചു കളഞ്ഞതു നിമിത്തം അവിടത്തേക്കു് വളരെ വാശി ഉണ്ടായി. ആദ്യത്തെ തോൽവി അത്ര വകവയ്ക്കാതെ "തിരുവിതാംകൂറിലെ രാജ്യകാര്യസ്ഥിതി" എന്ന ഒരു ലേഖനം തയ്യാറാക്കി ആ പത്രത്തിലേയ്ക്കു തന്നെ അയച്ചു. പത്രാധിപരായിരുന്ന ജാൺബ്രൂസ്സ് നാർട്ടൺ ആ ലേഖനത്തെ അത്യധികം പ്രശംസിച്ചു. അതിന്റെ ശേഷം പത്രാധിപരും ലേഖകനും തമ്മിൽ വലുതായ സ്നേഹബഹുമാനങ്ങൾ ഉണ്ടാകുകയും രാജകുമാരന്റെ ലേഖനങ്ങൾ പത്രപംക്തികളിൽ സാധാരണമായി തീരുകയും ചെയ്തു. പുസ്തകപാരായണത്തിൽ തിരുമസ്സിലേയ്ക്കു അസാമാന്യമായ പ്രതിപത്തിയുണ്ടായിരുന്നു. ഗണിതം, പ്രകൃതിശാസ്ത്രം, രസതന്ത്രം. സസ്യശാസ്ത്രം മുതലായ വിഷയങ്ങളിൽ അവിടത്തേയ്ക്കുണ്ടായിരുന്ന പരിജ്ഞാനം ദിവസംപ്രതി വർദ്ധിച്ചുവന്നു. അതോടുകൂടി

ചരിത്രം, സാഹിത്യം, രാജ്യകാൎയ്യം. ധനശാസ്ത്രം എന്നതുകളിലും അവിടുന്ന് വലിയ പണ്ഡിതനായിത്തീൎന്നു.

ഇങ്ങിനെ ജ്ഞാനലാഭത്തിന്നായി പ്രയത്നിച്ചുകൊണ്ടിരുന്ന കാലങ്ങളിൽ അവിടുന്ന് മനഃക്ലേശങ്ങളിൽ നിന്ന് വിമുക്തനായിരുന്നില്ല. ൧൦൨൮-ൽ പാൎവ്വതിറാണി തിരുമനസ്സുകൊണ്ട് നാടുനീങ്ങി. പിന്നീടു നാലു സംവത്സരം തികയുന്നതിനു മുമ്പ് അവിടത്തെ സഹോദരിയായ ലക്ഷ്മീഭായി തമ്പുരാട്ടി പരലോകം പ്രാപിച്ചു. ൧൦൩൨-ൽ അച്ഛനും കാലധൎമ്മത്തെ പ്രാപിച്ചു. "ശോകമെന്നതു വരുന്നേരത്തു കൂട്ടത്തോടെ" എന്നാണല്ലോ പഴമൊഴി. എങ്കിലും വിശാഖം തിരുനാളിന്റെ മനോദുഃഖങ്ങൾക്കെല്ലാം ജ്ഞാനലാഭത്തിനുള്ള ശ്രമങ്ങൾ മതിയായ ഔഷധമായിരുന്നു.

അവിടുന്ന് ആരുമനനിന്നും ഒരു വനിതാരത്നത്തിന് പട്ടും പരിവട്ടവും കൊടുത്തു. ആ സതീരത്നത്തിന്റെ സൽസ്വഭാവം കേരളമൊട്ടുക്ക് പ്രസിദ്ധമാണ്. ആ സാധ്വീമണിയുടെ വംശം ഇപ്പോഴും മാന്യമായ നിലയിൽ ഇരിക്കുന്നുണ്ട്.

രാജ്യകാൎയ്യങ്ങളിൽ റെസിഡണ്ടിന്റേയും ദിവാൻജിയുടെയും ആലോചനകൾ മനസ്സിലാക്കുവാനും അവയ്ക്കുള്ള ന്യൂനതകൾ കാണിച്ചുകൊടുക്കുവാനും ഉത്തമങ്ങളായ ഏൎപ്പാടുകൾ നടപ്പിൽ വരുത്തുവാനും അവിടുന്നു സദാ സന്നദ്ധനായിരുന്നു. വിശാഖം തിരുനാൾ തിരുമനസ്സുകൊണ്ട് പ്രജകൾക്കുണ്ടാകുന്ന ഭാഗ്യത്തെക്കണ്ട് സന്തുഷ്ടനായി പാൎത്തു. എന്നാൽ അവിടുന്ന് ഒരു കാലത്തും അലസതയിൽ കാലം കഴിച്ചില്ല. പുസ്തകങ്ങൾ വായിക്കുന്നതിലും വിവിധങ്ങളായ വിഷയങ്ങളെപ്പറ്റി വൎത്തമാനപ്പത്രങ്ങളിൽ എഴുതി അയക്കുന്നതിലും അവി

ടുന്നു് എല്ലായ്പോഴും ജാഗരൂകനായിരുന്നു. സക്കാർ പാഠശാലകളിൽ മതവിദ്യാഭ്യാസം നൾകുന്നതു് അബദ്ധമാണെന്നും സംസ്കൃതസാഹിത്യം പഠിക്കുന്നതു്. പലപ്രകാരത്തിൽ ഗുണപ്രദമാണെന്നും കാണിക്കുവാനായി അവിടുന്നു് ഇക്കാലത്തു എഴുതിയ രണ്ടു ലേഖനങ്ങൾ വിലയേറിയവയാകുന്നു. രാജ്യകാൎയ്യങ്ങൾ നടത്തുന്നതിൽ ജ്യേഷ്ഠാനുജന്മാർ തമ്മിൽ ആലോചിക്കുന്നതും പതിവായിരുന്നു.

വിദ്യാഭ്യാസത്തിനു് പരിപൂൎണ്ണത വരണമെങ്കിൽ ധാരാളമായി ദേശസഞ്ചാരം ചെയ്യേണ്ടതു് ആവശ്യകമെന്നു അവിടുത്തേയ്ക്കു ബോധം ഉണ്ടായിരുന്നു. ആയില്യംതിരുനാൾ തിരുമനസ്സുകൊണ്ടു് അനുജനെ ഇഷ്ടംപോലെ അന്യരാജ്യങ്ങളിൽ സഞ്ചരിച്ചുകൊള്ളുവാൻ അനുവദിച്ചു. ൲൩൰൯-ൽ വിശാഖം തിരുനാൾ തിരുമനസ്സുകൊണ്ടു് മദ്രാസ്പട്ടണം സന്ദർശിക്കുവാനായി എഴുന്നെള്ളി. തിരുവിതാംകൂർ രാജവംശത്തിൽ ഉൾപ്പെട്ടവർ ഇൻഡ്യാ മഹാരാജ്യത്തിന്റെ മിക്ക ഭാഗങ്ങളിലും സഞ്ചരിക്കുന്ന ഇക്കാലത്തു് മദ്രാസുവരെ പോയി വരുന്നതു് ഒരു വലിയ കാൎയ്യമായി വിചാരിക്കാറില്ല. എന്നാൽ അന്നത്തെ കാലത്തു് അതു് പ്രശംസനീയമായ ഉദ്യമമായിരുന്നു. അവിടുന്നു് മദ്രാസ്സ് ഗവർണ്ണരെ സന്ദർശിച്ചപ്പോഴുണ്ടായ സന്തോഷബഹുമാനങ്ങൾ ഇത്രമാത്രമെന്നു പറവാൻ പ്രയാസം. അവിടത്തെക്കുറിച്ചു് ഗവൎണ്ണർ തിരുവിതാംകൂർ റസിഡൻറിനു ഇപ്രകാരം എഴുതിഅയച്ചു. "അവിടുന്നു ഞാൻ കണ്ടിട്ടുള്ള എല്ലാ നാട്ടുകാരേക്കാളും ബുദ്ധിമാനാകുന്നു. രാജ്യഭാരം ചെയ്യുവരുന്ന അവിടത്തെ ജ്യേഷ്ഠനും ഇതുപോലെ ബുദ്ധിയുള്ള ആളാണെങ്കിൽ തിരുവിതാംകൂറിന്റെ അതിഭാഗ്യം തന്നെ."

മദ്രാസിൽ നിന്നും പോരുന്നതിനു മുൻപു് അവിടത്തേയ്ക്കു എഫ്. എം. യൂ. എന്ന സ്ഥാനം ലഭിച്ചു. അതു കൂടാതെ

പല സഭകളിൽനിന്നും അവിടത്തേയ്ക്കു മംഗളപത്രങ്ങൾ സമൎപ്പിക്കുകയും തദവസരങ്ങളിൽ അവിടത്തെ പാണ്ഡിത്യവും വാഗ്ധാടിയും അന്യദേശങ്ങളിൽ പരസ്യമായി തീരുകയും ചെയ്തു. നാട്ടുകാരായും യൂറോപ്യന്മാരായും അനേകം വലിയ ആളുകൾ അവിടത്തെ സ്നേഹിതന്മാരായിത്തീൎന്നു. തിരുമനസ്സുകൊണ്ടു് മദ്രാസിൽനിന്നും സുഖമായി വന്നുചേൎന്നു.

അതിന്റെ ശേഷം തിരുവിതാംകൂറിൽ തന്നെ പലയിടങ്ങളിലും സഞ്ചരിച്ചു് വിശേഷ സ്ഥലങ്ങൾ കാണുന്നതിനും പ്രജകളുടെ കുശലങ്ങൾ അന്വേഷിക്കുന്നതിനും അവിടുത്തേയ്ക്കു അത്യഗ്രഹമുണ്ടായി. ദിക്സന്ദൎശനത്തിനുള്ള അഭിലാഷം നിമിത്തം അവിടുന്നു് സഞ്ചാരത്തിനുള്ള അസൌകൎയ്യങ്ങളെ അശേഷം വകവച്ചില്ല. അവിടുന്നു കണ്ടിട്ടില്ലാത്തതായ മലയോ ആറോ മറ്റു വിശേഷസ്ഥലങ്ങളോ തിരുവിതാംകൂറിൽ ഒരിടത്തും ഇല്ലെന്നു തന്നെ പറയാം. അവിടുത്തെ ഈ മാതിരി സഞ്ചാരങ്ങൾ കേവലം വിനോദത്തിനു മാത്രമായിരുന്നില്ല. ഓരോ ദിക്കുകളിലെ വിശേഷങ്ങളും ജനങ്ങളുടെ സ്ഥിതിഭേദങ്ങളും അറിയുവാൻ അവിടുത്തേയ്ക്കു അമിതമായ താല്പൎയ്യമുണ്ടായിരുന്നു. പുഷ്പങ്ങളും ഫലങ്ങളും ചെടികളും എന്നു വേണ്ട പക്ഷി, മൃഗം, പാമ്പു് മുതലായവയെപ്പോലും ശേഖരിച്ചുകൊണ്ടുപോരുന്നതിൽ അവിടത്തേയ്ക്കു വളരെ ഉത്സാഹമായിരുന്നു. ഈ വകകളെ അന്യരാജ്യങ്ങളിൽ അയച്ചുകൊടുക്കുന്നതും അവിടത്തെ പതിവായിത്തീൎന്നു.

തിരുവിതാംകൂറിന്റെ ഐശ്വൎയ്യം കൃഷിയെ ആശ്രയിച്ചിരിക്കുന്ന വിവരം മുൻകൂട്ടി മനസ്സിലാക്കി അവിടുന്നു് കൃഷിപരിഷ്കരണത്തിനായി നിൎവ്വിഘ്നം പരിശ്രമിച്ചു. സസ്യാദികൾ നട്ടുണ്ടാക്കുന്നതിൽ അവിടുന്നു് അനല്പമായ സാമൎത്ഥ്യം

പ്രദർശിപ്പിച്ചു. വർത്തമാനപ്പത്രങ്ങളിലും മാസികകളിലും കൃഷിയെ സംബന്ധിച്ച് എഴുതിക്കാണുന്ന ലേഖനങ്ങൾ സശ്രദ്ധം വായിച്ച് കൃഷിചെയ്യുന്ന സമ്പ്രദായത്തിൽ സ്വീകാര്യമായ ഭേദഗതികൾ നടപ്പിൽ വരുത്തുവാൻ അവിടുന്ന് താൽപ്പര്യമുള്ളവനായിരുന്നു. പരീക്ഷയ്ക്കായി അവിടുന്നു വടക്കേക്കൊട്ടാരം തോട്ടത്തിൽ നടത്തിവന്ന കൃഷികളും നൂതന സമ്പ്രദായങ്ങൾകൊണ്ടു വർദ്ധിച്ചുവന്നതായ ആദായങ്ങളും ഇപ്പോൾ ജീവിച്ചിരിക്കുന്നവരിൽ തന്നെ പലരും കണ്ടറിഞ്ഞിട്ടുള്ളതാണ്.

ഇന്ന് തിരുവിതാംകൂറിലുള്ള പാവപ്പെട്ട ജനങ്ങൾക്ക് മുഖ്യാഹാരമായി തീർന്നിരിക്കുന്ന മരച്ചീനിക്കു ഇവിടെ പ്രചാരം വരുത്തിയതു വിശാഖംമഹാരാജാവു് തിരുമനസ്സുകൊണ്ടായിരുന്നു. ഇപ്പോൾ നമ്മുടെ രാജ്യത്തിന്റെ ഏതുഭാഗത്തു നോക്കിയാലും മരച്ചീനിക്കൃഷി അഭിവൃദ്ധിയിൽ ഇരിക്കുന്നതു കാണാം. വലിയ മലകളിലും താണപ്രദേശങ്ങളിലും എന്നുവേണ്ട എല്ലാമാതിരി ഭൂമികളിലും മരച്ചീനി സാധാരണമായി നട്ടു വളർത്തിക്കാണുന്നു. ഈ കൃഷികൊണ്ടു വളരെ ആളുകൾ ധനികന്മാരായിട്ടുണ്ടു്. നമ്മുടെ ചന്തകളിൽ ക്രയവിക്രയത്തിനുള്ള ഒരു പ്രധാന സാധനം മരച്ചീനിക്കിഴങ്ങുതന്നെ. ഈ കിഴങ്ങു ശേഖരിച്ച് അന്യരാജ്യങ്ങളിൽ അയക്കുന്നതും വളരെ ലാഭമുള്ള ഒരു വ്യവസായമായി തീർന്നിട്ടുണ്ടു്. എന്നാൽ മരച്ചീനിയുടെ പ്രധാന ഗുണം ക്ഷാമകാലങ്ങളിൽ ആകുന്നു. നെൽകൃഷിയും മററും പിഴച്ചുപോയാൽകൂടി മരച്ചീനി മാത്രമുണ്ടായിരുന്നാൽ സാധുജനങ്ങൾ രക്ഷപ്പെട്ടുമെന്നുള്ളതു് നിത്യപരിചയമാണല്ലോ. ഇത്ര പ്രധാനമായ കൃഷിയെ പ്രചാരപ്പെടുത്തുന്നതിൽ വിശാഖം തിരുമനസ്സുകൊണ്ടു് കാണിച്ചിട്ടുള്ള

ദീർഘദർശിത്വവും ഉദാരബുദ്ധിയും സ്മരണീയമാകുന്നു. മരച്ചീനി കൂടാതെ മറെറാരു പ്രധാന കൃഷിയും നാട്ടിൽ വരുത്തുവാൻ അവിടുന്നു് ശ്രമിച്ചിട്ടുണ്ടു്. അതു പുകയിലക്കൃഷിയാകുന്നു. ഈ രണ്ടാമത്തെ ഉദ്യമം സഫലമായിത്തീൎന്നില്ലെന്നു് സമ്മതിക്കാതെ തരമില്ല. അവിടുന്നു് പരീക്ഷണാൎത്ഥം നട്ടുവളൎത്തിയ പുകയിലച്ചെടികൾ നല്ലവണ്ണം വളൎന്നു. എന്നാൽ പുകയിലക്കൃഷി തിരുവിതാംകൂറിൽ പ്രചാരപ്പെടാത്തതു് കൎഷകന്മാരുടേയും നാട്ടിന്റെയും പ്രത്യേക സ്വഭാവം കൊണ്ടെന്നേ പറവാനുള്ളു.

വംശപാരമ്പൎയ്യം അനുസരിച്ചു് വിശാഖം തിരുമനസ്സുകൊണ്ടും സകല കലാവല്ലഭനായിരുന്നു. അവിടത്തെ പ്രോത്സാഹനംകൊണ്ടു് ചിത്രമെഴുത്തു്, ദന്തവേല മുതലായ കരകൗശലങ്ങൾ അഭിവൃദ്ധിയെ പ്രാപിച്ചു. ചിത്രമെഴുത്തിൽ വാസനയുള്ള ചെറുപ്പക്കാരെ തിരിഞ്ഞുപിടിച്ചു് അവരുടെ പഠിത്തത്തിനു് വേണ്ട ഏൎപ്പാടുകൾ ചെയ്യുന്നതിനും ചായങ്ങൾ മുതലായവ വാങ്ങാൻ ധനസഹായം ചെയ്യുന്നതിനും അവിടുന്നു് സദാ സന്നദ്ധനായിരുന്നു. അവിടത്തെ സഹായത്താൽ ചിത്രമെഴുത്തു പഠിച്ചിട്ടുള്ള അനേകംപേർ വളരെ ധനവും കീൎത്തിയും സമ്പാദിച്ചിട്ടുണ്ടു്. അവരിൽ ഏററവും പ്രസിദ്ധനായിതീൎന്നതു് കിളിമാനൂർ രവിവൎമ്മ കോയിത്തമ്പുരാനാകുന്നു. രവിവൎമ്മകോയിത്തമ്പുരാന്റെ ചിത്രങ്ങൾ പരിഷ്കൃതലോകത്തിൽ എല്ലായിടത്തും ആദരിക്കപ്പെട്ടുവരുന്നു. അതുപോലെതന്നെ തിരുവിതാംകൂറിലെ ദന്തവേലകൾക്കും പ്രദൎശനങ്ങളിൽ ഉയൎന്ന സമ്മാനങ്ങൾ ലഭിക്കാറുണ്ടു്. അതിനാൽ വിശാഖം തിരുമനസ്സുകൊണ്ടു് മേൽ പറയപ്പെട്ട കലകളുടെ പ്രോത്സാഹനത്തിനായി വ്യയം ചെയ്ത അദ്ധ്വാനം വളരെ ഫലവത്തായിതീൎന്നി

ട്ടുണ്ടെന്നുള്ളതു് തിരുവിതാംകൂർ നിവാസികൾക്കു് ഏറ്റവും അഭിമാനജനകമായ ഒരു സംഗതിയാകുന്നു.

വിശാഖം തിരുമനസ്സിലെ പാണ്ഡിത്യം ഒരു വിഷയത്തിൽ മാത്രമായിരുന്നില്ല. ഗംഭീരങ്ങളായ വിഷയങ്ങളെ ശാസ്ത്രീയമായി പ്രതിപാദിക്കുന്ന പുസ്തകങ്ങളിലും, കേവലം വിനോദത്തിനായുള്ള പുസ്തകങ്ങളിലും അവിടത്തേയ്ക്കു് ഒരുപോലെ താൽപ്പര്യമുണ്ടായിരുന്നു. രാജാവിനു പഠിപ്പുണ്ടായാൽ അതു വിശേഷിച്ചും ശോഭിക്കുമല്ലോ. വിദ്വാന്മാരായ അസംഖ്യം മഹാന്മാർ അവിടത്തെ മുഖം കാണിച്ചിട്ടുണ്ടു്. അവർ ഓരോരുത്തരും തിരുമനസ്സിലെ ബുദ്ധിസാമർത്ഥ്യത്തേയും അറിവിനേയും സർവ്വാത്മനാ ബഹുമാനിച്ചിട്ടുണ്ടെന്നുള്ളതു് സർവ്വവിദിതമാകുന്നു. ഇംഗ്ലീഷ് സാഹിത്യത്തിൽ അവിടത്തേക്കുണ്ടായിരുന്ന പരിചയം വാചാമഗോചരമാകുന്നു. കവിതകളും ആഖ്യായികകളും എന്നു വേണ്ട വിവിധങ്ങളായ വിഷയങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന പ്രബന്ധങ്ങളും അവിടുന്നു് ശ്രദ്ധാപൂർവ്വം വായിക്കാറുണ്ടായിരുന്നു. ഇംഗ്ലീഷു എഴുതി ഫലിപ്പിക്കുവാൻ തിരുമനസ്സിലേയ്ക്കുണ്ടായിരുന്ന പാടവം നാൾക്കുനാൾ വർദ്ധിച്ചു "മനുഷ്യമാഹാത്മ്യം," "പ്രകൃതിയും കലാവിദ്യയും തമ്മിലുള്ള സംബന്ധം," "നമ്മുടെ പരിശ്രമസ്ഥിതി" എന്നീവിഷയങ്ങളെക്കുറിച്ചു് അവിടുന്നു എഴുതീട്ടുള്ള ഉപന്യാസങ്ങളും, തുലാഭാരം, ഹിരണ്യഗർഭം, മുറജപം മുതലായ അടിയന്ത്രങ്ങളുടെ വിവരണങ്ങളും വളരെ സാരവത്തുക്കളായ കൃതികളാകുന്നു.

അങ്ങിനെയിരിക്കുമ്പോൾ ആയില്യം തിരുനാൾ തിരുമനസ്സുകൊണ്ടും വിശാഖംതിരുനാൾ തിരുമനസ്സുകൊണ്ടും തമ്മിൽ മുഷിച്ചിലുണ്ടാവാൻ ഇടവന്നു. മാധവരായർ മന്ത്രിപദത്തെ പ്രാപിച്ചശേഷം രാജ്യത്തിനുണ്ടായ ഗുണങ്ങൾ സീമാ

തീതമായിരുന്നു. ആയില്യം തിരുമനസ്സുകൊണ്ടും മാധവരായരുംകൂടി പ്രജകളുടെ അഭ്യുദയത്തിനായി ചെയ്ത വ്യവസ്ഥകൾ പലതും ഇതിനുമുമ്പിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. നാട്ടിൽ എങ്ങും ഐശ്വൎയ്യം വ്യാപിച്ചു. രാജാവിന്റെയും മന്ത്രിയുടേയും പ്രസിദ്ധി ദേശാന്തരങ്ങളിൽ പരന്നു് തിരുവിതാംകൂറിനു് മാതൃകാരാജ്യമെന്ന സ്ഥാനവും ലഭിച്ചു. പലവിധേനയുള്ള അഴിമതികളാലും കൂടിക്കൂടി വരുന്ന കടത്താലും ബാധിക്കപ്പെട്ടിരുന്ന രാജ്യത്തെ ഇപ്രകാരം രക്ഷിച്ച രാജാവിനും മന്ത്രിക്കും ബ്രിട്ടീഷ് ഗവൎമ്മെണ്ടിൽനിന്നും വലിയ സ്ഥാനമാനങ്ങൾ കൊടുത്തു. എന്നാൽ അവരുടെ ഏകോപിതമായ പരിശ്രമംകൊണ്ടു് കൂടുതലായ അഭ്യുദയത്തെ പ്രാപിക്കുവാൻ തിരുവിതാംകൂറിനു് ഭാഗ്യമുണ്ടായില്ല. ആയില്യം തിരുമനസ്സിലേക്കും മാധവരായർ ദിവാൻജിക്കും തമ്മിൽ ഉണ്ടായിരുന്ന യോജിപ്പു് ക്രമേണ കുറഞ്ഞുതുടങ്ങി. മാധവരായർ മഹാരാജാവിനെ വേണ്ടപോലെ അനുസരിക്കുന്നില്ലെന്നു് അവിടത്തേക്കു തോന്നി. മഹാരാജാവു് മുൻപു തന്റെ ശിഷ്യനായിരുന്നു എന്നുള്ള ബോധം ദിവാൻജിയുടെ മനസ്സിൽ പ്രവൎത്തിക്കുകയാൽ അദ്ദേഹം ഓരോ കാൎയ്യങ്ങൾ ഇഷ്ടംപോലെ നടത്തുവാനാരംഭിച്ചു. രാജ്യത്തെ പരിഷ്കരിച്ചതു് താൻതന്നെയാണെന്നുള്ള വിചാരവും മാധവരായരുടെ മനസ്സിൽ സംഭവിക്കാതിരുന്നില്ല. ഇതു തിരുമനസ്സിലേക്കു് വലിയ രസക്കേടിനിടയാക്കി. ദിവാൻജിയുടെ പേരിലുള്ള തിരുവുള്ളക്കേടു് ക്രമേണ അധികമായിത്തീൎന്നു. സ്വാൎത്ഥതൽപ്പരന്മാരായ ചില ഉദ്യോഗസ്ഥന്മാർമഹാരാജാവിനും മന്ത്രിക്കും തമ്മിൽ ഉണ്ടായ വൈരത്തെ വളൎത്തി. ഫലത്തിൽ മാധവരായരെ അടുത്തൂൺകൊടുത്തു പിരിക്കുകയും ചെയ്തു.

വിശാഖംതിരുമനസ്സിലേക്കും മാധവരായരോടു അളവററ സ്നേഹബഹുമാനങ്ങൾ ഉണ്ടായിരുന്നതു് ഇതിനു മുമ്പുതന്നെ

പ്രസ്താവിച്ചിട്ടുണ്ടല്ലോ. തിരുവിതാംകൂറിനു വേണ്ടി ചിരപരിശ്രമംചെയ്ത ഒരു മന്ത്രിപുംഗവനെ ഇത്ര പെട്ടെന്നു പിരിച്ചയച്ചതിൽവച്ചു അവിടത്തേയ്ക്കു വളരെ കുണ്ഠിതം നേരിട്ടു. തന്റെ ഗുരുനാഥന്റെ യോഗ്യതകൾ അന്യദിക്കുകാരെ അറിയിക്കണമെന്നു അവിടത്തേയ്ക്കു ആഗ്രഹം ജനിച്ചു. മാധവരായർ തിരുവിതാംകൂറിൽ ഏർപ്പെടുത്തിയ പല പരിഷ്കാരങ്ങളേയും സംഗ്രഹിച്ചും അദ്ദേഹത്തിന്റെ സാമർത്ഥ്യത്തെ പ്രശംസിച്ചും ഒരു ലേഖനം എഴുതി അവിടുന്നു് "കല്ക്കട്ടാ റിവ്യൂ" എന്ന മാസികയ്ക്കു് അയച്ചു. നാട്ടുകാരായ രാജ്യകാര്യപ്രവീണന്മാരിൽ ഒന്നാമൻ മാധവരായരാണെന്നു് ആ ലേഖനത്തിൽ നിന്നും സ്പഷ്ടമായി. മാധവരായർ ഇൻഡോർരാജ്യത്തിലും പിന്നീടു ബറോഡായിലും ദിവാൻ പദത്തെ പ്രാപിച്ചു.

"കല്ക്കത്താ റിവ്യൂ"വിലെ ലേഖനവിഷയമായ ആൾക്കു് ഇങ്ങനെ ഗുണം സിദ്ധിച്ചു എങ്കിലും ലേഖന കർത്താവിനു ദോഷമാണുണ്ടായതു്. തന്റെ അപ്രീതിക്കു പാത്രമായ ഒരാളെപ്പറ്റി അമിതമായി പ്രശംസിക്കുക നിമിത്തം മഹാരാജാവിനു് അനുജന്റെ പേരിൽ സന്തോഷക്കേടുണ്ടായി. ജ്യേഷ്ഠന്റേയും അനുജന്റേയും സ്വഭാവംതന്നെ ചില കാര്യങ്ങളിൽ വ്യത്യാസപ്പെട്ടിരുന്നു. ആയില്യം തിരുമനസ്സുകൊണ്ടു സകല സുഖാനുഭവങ്ങളോടുകൂടി ഉത്സാഹമായി ദിവസം കഴിച്ചു. രാജപദവിക്കനുകൂലമായുള്ള നയങ്ങളും സമ്പ്രദായങ്ങളും അവിടത്തേയ്ക്കു വശമായിരുന്നു. തിരുമനസ്സുകൊണ്ടു ആരേയും മുഷിപ്പിക്കാറുണ്ടായിരുന്നില്ല. ഒരാളോടു് തിരുവുള്ളക്കേടുണ്ടായിരുന്നാൽ പോലും അതിനെ മറച്ചു് ലോഹ്യമായി പെരുമാറാൻ അവിടത്തേയ്ക്കു പാടവമുണ്ടായിരുന്നു. വിശാഖംതിരുനാൾ തിരുമനസ്സിലെ സ്വഭാവം ഇതിനു നേരെ വിപരീതമായിരുന്നു. ആ തിരുമേനി

യിൽ ശ്രദ്ധമൂലമായിരുന്ന കർത്തവ്യബോധം പരഹൃദയത്തിൽ താൽക്കാലികമായുണ്ടാകുന്ന സന്തോഷ സന്താപങ്ങളെ അശേഷം വകവച്ചില്ല. ഏത്ര ഇഷ്ടമുള്ള ആളിലായാലും തെററു കണ്ടാൽ അവിടുന്നു കോപിക്കും. മുഖം മുറിഞ്ഞു പറവാനും കാരണം ഉണ്ടായാൽ അടുത്തവനെ അകററാനും അവിടത്തേയ്ക്കു തീരെ മടിയുണ്ടായില്ല.

ഇപ്രകാരം സ്വഭാവത്തിൽ ചില വ്യത്യാസങ്ങളുള്ള രണ്ടു സഹോദരന്മാർ തമ്മിൽ എല്ലാക്കാര്യത്തിലും യോജിച്ചിരിക്കുക എന്നതു് പ്രയാസമാണല്ലോ. ഉൽകൃഷ്ട പദവിയിൽ ഇരിക്കുന്ന രണ്ടുപേർ സഹോദരന്മാരായിരുന്നാലും അവർ തമ്മിൽ വൈരക്കേടുണ്ടായാൽ അതിനെ വർദ്ധിപ്പിക്കുവാൻ പലരും ഉണ്ടായിരിക്കുന്നതു് സാധാരണമാണു്. എങ്കിലും ഉള്ളിൽ ആനുകൂല്യക്കുറവു് ഉണ്ടായിരുന്ന കാലത്തും രാജസഹോദരന്മാർ തമ്മിൽ കാണുമ്പോൾ അതിനെ വെളിപ്പെടുത്താതിരുന്നതു്, രണ്ടുപേരുടേയും ബുദ്ധിസാമർത്ഥ്യത്തിനും സഹജസ്നേഹത്തിനും തെളിവാകുന്നു. ഏതായാലും വിശാഖം തിരുമനസ്സിലേക്കു രാജ്യഭാര സംബന്ധമായ കാര്യങ്ങളിൽ ഉണ്ടായിരുന്ന പ്രവേശനം കാലക്രമംകൊണ്ടു് കുറഞ്ഞുതുടങ്ങി.

മാധവരായർക്കു പകരം ദിവാൻജിയായി നിയമിക്കപ്പെട്ടതു് ശേഷയ്യാശാസ്ത്രിയായിരുന്നു. മാധവരായർ ആരംഭിച്ച പരിഷ്കാരങ്ങൾ എല്ലാം ശരിയായി നടത്തിയതു കൂടാതെ ശേഷയ്യാശാസ്ത്രി സ്വയമായും പല നൂതന ഏർപ്പാടുകളും നടപ്പിൽ വരുത്തി. മഹാരാജാവു മന്ത്രിയുമായി വളരെ ഇഷ്ടമായിരുന്നു. എന്നിട്ടും അവസാനഘട്ടത്തിൽ തിരുമനസ്സിലേക്കു സ്വല്പം അപ്രീതി തോന്നാതിരുന്നില്ല. ശേഷയ്യാശാസ്ത്രി അടുത്തൂൺ വാങ്ങിപിരിഞ്ഞു. അന്യദേശക്കാരായ അള

കളെ ദിവാൻജി ഉദ്യോഗത്തിൽ നിയമിച്ചു് ഒട്ടക്കം അവരോട്ടു മുഷിയുന്നതിനെക്കാൾ നാട്ടുകാരിൽ ഒരാളെത്തന്നെ മന്ത്രിയാക്കുന്നതാണു് ഉത്തമമെന്നു് അവിടുന്നു നിശ്ചയിച്ചു. അങ്ങിനെയാണു് പേഷ്കാർനാണുപിള്ളക്കു് മന്ത്രിസ്ഥാനം ലഭിക്കാൻ ഇടയായതു്. അദ്ദേഹം ചെറുപ്പം മുതൽക്കു് ഓരോ ഉദ്യോഗങ്ങളിൽ ഇരുന്നു് ഭരണകാര്യങ്ങളിൽ വളരെ പരിചയം സമ്പാദിച്ച ആളായിരുന്നു. മഹാരാജാവു് പ്രധാനപ്പെട്ട പല സംഗതികളിലും ദിവാൻജിയോട്ടു് ആലോചിക്കാതെ ഇഷ്ടംപോലെ പ്രവൎത്തിച്ചു വന്നു. ജനനം മുതൽക്കു് തിരുവിതാംകൂർ രാജവംശത്തിന്റെ ഉപ്പും ചോറും തിന്നു വളൎന്നവനായ ദിവാൻജി തന്റെ അന്നദാതാവിന്റെ തിരുവുള്ളക്കേട്ടു് ഉണ്ടാക്കിത്തീൎക്കാതെ വിശ്വാസമായും ഭക്തിയായും മഹാരാജാവിനെ സേവിച്ചു. നാണുപിള്ള അവർകൾ ദിവാൻജിയായിരുന്ന കാലത്തു ഇളയരാജാവിനു് രാജ്യകാൎയ്യങ്ങളിൽ തീരെ പ്രവേശനം ഉണ്ടായിരുന്നില്ലെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. രാജ്യഭരണത്തിൽ പല തെറ്റുകളും സംഭവിക്കുന്നുണ്ടെന്നും അതു ഭരണകൎത്താക്കന്മാരുടെ കുറ്റമാണെന്നും അവിടുന്നു് വ്യസനസമേതം വിശ്വസിച്ചിരുന്നു. താൻ ജീവിച്ചിരിക്കുന്നപക്ഷം ജ്യേഷ്ഠന്റെ പിൻവാഴ്ചക്കാരൻ ആകാമെന്നും രാജ്യഭരണത്തിൽ ഇപ്പോൾ ഉണ്ടാകുന്ന ന്യൂനതകൾ അക്കാലത്തു തീൎത്തുകൊള്ളാമെന്നും വിചാരിച്ചു് അവിടുന്നു തൽക്കാലം സമാധാനപ്പെട്ടു.

൧൦൫൪-ൽ അവിടുന്നു് പീരുമേട്ടു് മുതലായ മലംപ്രദേശങ്ങൾ സന്ദൎശിക്കുവാനായി എഴുന്നെള്ളി. അവിടങ്ങളിൽ ഇക്കാലത്തുപോലും നല്ല റോഡുകളും ഗതാഗതത്തിനുള്ള മറ്റു സൌകൎയ്യങ്ങളും ചുരുക്കമാണു്. അന്നുണ്ടായിരുന്ന അസൌകൎയ്യം ഇപ്പോളുള്ളതിലും അധികമായിരുന്നു. ആ ദിക്കുകളിൽ

കുതിരപ്പുറത്തല്ലാതെ സഞ്ചരിക്കുവാൻ അസാദ്ധ്യമാകയാൽ തിരുമനസ്സിലേക്കു് യാതൊരു വിശ്രമവും കൂടാതെ വളരെ ദൂരം കുതിരസവാരി ചെയ്യേണ്ടതായി വന്നുകൂടി. ഇങ്ങനെ അത്യധികമായ വ്യായാമംകൊണ്ടു് അവിടുത്തേയ്ക്കു് ഉദരസംബന്ധമായ ഒരു രോഗം ഉണ്ടാകയും തന്നിമിത്തം വളരെ കഷ്ടത അനുഭവിക്കുകയും ചെയ്തു. പ്രകൃത്യാ ക്ഷീണമായിരുന്ന ശരീരം മുമ്പിലത്തതിലും ക്ഷീണിച്ചു. ആയുസ്സിനു തന്നെ ദോഷം വന്നേക്കുമെന്നു് ചികിത്സകന്മാൎക്കും ശങ്ക ഉണ്ടാകാതിരുന്നില്ല. ഇപ്രകാരം രോഗാതുരനായിരുന്ന കാലങ്ങളിൽപോലും അവിടുത്തേയ്ക്കു് ജ്ഞാനസമ്പാദനത്തിൽ ഉണ്ടായിരുന്ന അഭിരുചിക്കു് യാതൊരു കുറവും ഉണ്ടായില്ല. തീരെ കിടപ്പല്ലാത്ത സമയങ്ങളിൽ അവിടുന്നു് പതിവുപോലെ പുസ്തകങ്ങൾ വായിക്കാറുണ്ടായിരുന്നു.

വിദ്യാൎത്ഥികളെ പ്രോത്സാഹിപ്പിക്കുവാനായി അവിടുന്നു് ചെയ്തിട്ടുള്ള ശ്രമങ്ങൾ ഒരിക്കലും വിസ്മരിക്കത്തക്കതല്ല. തിരുവനന്തപുരം കാളേജിൽ ഇന്നത്തെപ്പോലെ അന്നും വിവാദസമാജമുണ്ടായിരുന്നു. ആ സ്ഥാപനത്തിന്റെ ഉദ്ദേശം വിദ്യാൎത്ഥികൾക്കു് പ്രസംഗപരിചയം വരുത്തുവാനാകുന്നു. തിരുമനസ്സുകൊണ്ടു് സഭായോഗങ്ങളിൽ എഴുന്നള്ളുകയും സരസഗംഭീരങ്ങളായ പ്രസംഗങ്ങൾകൊണ്ടു് അവരെ സന്തോഷിപ്പിക്കുകയും ചെയ്യാറുണ്ടായിരുന്നു. നാട്ടുകാരുടെ ഇടയിൽ അറിവു വൎദ്ധിപ്പിക്കുവാൻ അവിടുന്നു് നിരന്തരമായി പരിശ്രമിച്ചു. മാധവരായരുടെ കാലത്തു് മലയാളപുസ്തകങ്ങൾ നിൎമ്മിക്കുവാനായി ഏൎപ്പെടുത്തപ്പെട്ട ബുക്കുകമ്മററിക്കാൎക്കും അവിടത്തെ അടുക്കൽനിന്നും വലുതായ സഹായം ലഭിച്ചിട്ടുണ്ടു്. അവിടുന്നു് ചെറിയചെറിയ പുസ്തകങ്ങൾ എഴുതി പ്രസിദ്ധം ചെയ്യാ

റുണ്ടായിരുന്നു. സത്യം, വിദ്യാഭ്യാസം, ആരോഗ്യം, സൽകൃത്യങ്ങൾ എന്നിങ്ങനെയുള്ള വിഷയങ്ങളെപ്പററി അവിടുന്നു് എഴുതീട്ടുള്ള പുസ്തകങ്ങൾ വളരെ വിശേഷമായിട്ടുള്ളണു്. മഹച്ചരിതസംഗ്രഹത്തിലുള്ള ഏതാനും ജീവചരിത്രങ്ങളും അവിടുന്നു എഴുതീട്ടുള്ളവയാണു്.

വ്യവസായകാൎയ്യങ്ങളിൽ തിരുമനസ്സിലേക്കുണ്ടായിരുന്ന ശ്രദ്ധയെപ്പററി ഇതിനുമുമ്പുതന്നെ പ്രസ്താവിച്ചിട്ടുണ്ടല്ലൊ. കൃഷിയും കൈത്തൊഴിലും അഭിവൃദ്ധിയെ പ്രാപിച്ചാൽ രാജ്യത്തിനു് ക്ഷേമമുണ്ടാകുമെന്നു് അവിടുന്നു് ദൃഢമായി വിശ്വസിച്ചു. തൊഴിലാളികളുടെ അറിവു് വൎദ്ധിപ്പിക്കുവാൻ പ്രദർശനങ്ങൾ നടത്തുന്നതു് ഉത്തമമാൎഗ്ഗമാണെന്നു് അവിടുന്നു് അറിഞ്ഞു. അന്യദിക്കുകളിൽ നിന്നു വരുന്ന സാമാനങ്ങൾ കണ്ടാൽ നമ്മുടെ നാട്ടുകാരും അതുപോലെയുള്ള സാമാനങ്ങൾ നിൎമ്മിക്കുവാൻ ശ്രമിക്കുമല്ലോ. അതാണു് പ്രദർശനങ്ങൾ നടത്തണമെന്നു അവിടത്തേയ്ക്കു താല്പൎയ്യമുണ്ടായതു്. തിരുമനസ്സുകൊണ്ടു് ഈ നാട്ടിലുള്ള പല സാമാനങ്ങളും ശേഖരിച്ചു് അന്യദിക്കുകളിൽ നടക്കുന്ന പ്രദർശനങ്ങൾക്കയച്ചുകൊടുക്കുക പതിവായിരുന്നു. ആ വിഷയത്തിൽ അവിടത്തേയ്ക്കു പല ദിക്കുകളിൽ നിന്നും ഒന്നാംതരം സമ്മാനങ്ങൾ ലഭിച്ചിട്ടുണ്ടു്. അവയിൽ മദ്രാസിൽ ഒരു പ്രദൎശനത്തിനയച്ചിരുന്ന കാപ്പിയരിക്കു കിട്ടിയ സമ്മാനം പ്രസ്താവയോഗ്യമാണു്. കാപ്പികൃഷി ആദായമുള്ള തൊഴിലാണെന്നു അവിടുത്തേക്കു അറിയാമായിരുന്നു. ഈ കൃഷിയിൽനിന്നുള്ള ലാഭം നാട്ടുകാൎക്കു മനസ്സിലാക്കിക്കൊടുക്കാനായി അവിടുന്നു മാധവരായർ ദിവാൻജി മുതലായവരോടൊരുമിച്ചു് അശമ്പുമലയിൽ ഒരു വലിയ കാപ്പിത്തോട്ടം ഏൎപ്പെടുത്തി.

ആയില്യംതിരുനാൾ ൧൮൮൦-ൽ നാടുനീങ്ങി. ആയില്യം തിരുമനസ്സിലെ അനുജനും വിശാഖംതിരുമനസ്സിലെ ജ്യേഷ്ഠനും ആയിലുത്രാടംതിരുനാൾ എന്നൊരു രാജകുമാരൻ ഉണ്ടായിരുന്നു. എന്നാൽ അവിടത്തേയ്ക്കു ബുദ്ധിഭ്രമമായിരുന്നതിനാൽ രാജ്യഭാരം വിശാഖം തിരുനാൾ തിരുമനസ്സിലേയ്ക്കുതന്നെ ലഭിച്ചു. തിരുമനസ്സിലെ കിരീടധാരണ മഹോത്സവം ൧൮൮൦ ജൂൺ ൧൦-ാംനു ആയിരുന്നു. ആ മംഗളകൃത്യം നടന്നതു ഡർബാർ ഹാളിൽ വച്ചായിരുന്നു. നിശ്ചിതസമയത്തിനു വളരെ മുമ്പുതന്നെ പുരുഷാരങ്ങൾ നാലുപാടും വർദ്ധിച്ചുതുടങ്ങി. കാലാൾ പടയും അശ്വസൈന്യവും അമ്പാരിയോടു കൂടിയ ഗജവീരന്മാരും ഹാളിന്റെ മുൻവശത്തുള്ള വിശാലമായ മൈതാനത്തിൽ വിചിത്രാകൃതിയായി നിരന്നു. പല വിധേനയുള്ള വാദ്യങ്ങളും കേട്ടുതുടങ്ങി. ഉദ്യോഗസ്ഥന്മാർ പ്രഭുക്കന്മാർ തുടങ്ങിയ മാന്യ ജനങ്ങൾ ഹാളിനു ചുററും കൂട്ടംകൂടി. ക്ലിപ്തസമയത്തിനു അല്പം മുമ്പായി രാജകുമാരന്മാർ ഹാളിനകത്തു പ്രവേശിച്ചു.

അതിന്റെ ശേഷം വിശാഖംതിരുനാൾ തിരുമനസ്സുകൊണ്ടു ആ മഹാ സദസ്സിൽ എഴുന്നള്ളിയവസ്തുത ശ്രവണഭേരികളായ പീരങ്കിവെടികളാൽ പ്രസിദ്ധമാക്കപ്പെട്ടു. തിരുമനസ്സിലെ മുഖത്തിൽ തന്റെ പദവിയുടെ ഔന്നത്യത്തെപ്പററിയുള്ള ബോധവും സ്വാഭാവികമായ ഗാംഭീര്യരസവും കളിയാടിക്കൊണ്ടിരുന്നു. ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ പ്രതിനിധിയായ റസിഡണ്ട് ഹാളിനകത്തു പ്രവേശിച്ചപ്പോൾ തിരുമനസ്സുകൊണ്ട് അദ്ദേഹത്തെ ക്രമപ്രകാരം ബഹുമാനിച്ചു. എല്ലാവരും ആസനസ്ഥരായി സ്വല്പനേരം സംഭാഷണം ചെയ്തശേഷം റസിഡണ്ട് സ്വസ്ഥാനത്തു നിന്നും എഴുന്നേററു മഹാരാജാവിനെ സിംഹാസനത്തിലേക്കു ആനയിച്ചു. ഉടൻതന്നെ

കിരീടത്തെ എടുത്തു് ആദരപൂർവ്വം തിരുമനസ്സിലേക്ക നൽകുകയും ചെയ്തു. അവിടുന്നു തൻെറ പൂർവ്വികന്മാരുടെ കിരീടവും ധരിച്ചു് കാന്തിമാനായി വിളങ്ങി. ഭാഗിനേയൻെറ യൌവരാജ്യാഭിഷേകവും തദവസരത്തിൽ തന്നെ ചെയ്യപ്പെട്ടു.

കിരീടധാരണം കഴിയുന്ന അവസരത്തിൽ രാജാക്കന്മാർ ആ മംഗളകൃത്യത്തെ അടിസ്ഥാനമാക്കി സദസ്യരോടു സംസാരിക്കുക പതിവാണു്. തിരുമനസ്സുകൊണ്ടു് ആ സന്ദർഭത്തിൽ ചെയ്ത പ്രസംഗം ഉൽകൃഷ്ടങ്ങളായ ആശയങ്ങളാൽ പരിപൂർണ്ണമായിരുന്നു. ആ പ്രസംഗത്തിൻെറ ഒരു സ്ഥൂലതർജ്ജിമ താഴെ ചേർക്കുന്നു

"മഹാജനങ്ങളേ!

ഈ സന്ദർഭത്തിൽ നിങ്ങളോടു അല്പം സംസാരിക്കണമെന്നു് എനിക്കാഗ്രഹമുണ്ടു്. എന്നാൽ എൻെറ ഹൃദയത്തിൽ തള്ളിക്കയറുന്ന വികാരങ്ങൾ എന്നെ കേവലം അശക്തനാക്കി തീർത്തിരിക്കുന്നു. സർവ്വശക്തനായ ഈശ്വരൻെറ അനുഗ്രഹത്താൽ എനിക്കു് രാജ്യഭാരം ലഭിച്ചു. പ്രതാപംകൊണ്ടും മഹിമകൊണ്ടും നിസ്തുല്യമായിരിക്കുന്ന ഒരു മഹാസാമ്രാജ്യത്തിൻെറ പ്രതിനിധി എന്നെ ഈ സിംഹാസനത്തിലേയ്ക്കു നയിച്ചിരിക്കുന്നു. വിശ്രുതന്മാരായ എൻെറ പൂർവ്വികന്മാർ പലരും ഈ രാജ്യത്തെ ഭരിച്ചിട്ടുണ്ടു്. രാജ്യഭാരം ചെയ്യുന്നതനുള്ള ബുദ്ധിമുട്ടുകൾ എനിക്കു നല്ലവണ്ണംമനസ്സിലായിട്ടുണ്ടു്. എൻെറ നിസ്സാരത എനിക്കു തന്നെ ബോദ്ധ്യമാണു്. അനേകായിരം ജനങ്ങളെ ഭരിക്കുന്ന ഒരു രാജാവിനു മാനസികമായും കായികമായും വേണ്ടതായ ശക്തികൾ ഒന്നും തന്നെ എനിക്കില്ല. അതുകൊണ്ടു് എൻെറ മനസ്സിനു് അധികമായ അസ്വാസ്ഥ്യം സംഭവിച്ചിരിക്കുന്നു.

എന്നാൽ അങ്ങനെയുള്ള അസ്വാസ്ഥ്യത്തെ അകററി എനിക്കു് സമാധാനത്തെയും ധൈര്യത്തെയും നൾകുന്നതായ ഏതാനും സ്മരണകൾ എൻെറ മനസ്സിൽ ഉണ്ടാകാതിരിക്കുന്നില്ല. ഈ രാജവംശത്തെ അലങ്കരിച്ചിരുന്ന എൻെറ പൂർവ്വികന്മാൎക്കു് ബ്രിട്ടീഷ് ഗവർമ്മെൻറിൻെറ അകൈതവമായ സ്നേഹവും സഹായവും ലഭിച്ചുകൊണ്ടിരുന്നു. സമൎത്ഥനായ ക്ലൈവു് പ്ലാസിയിലെ യുദ്ധം ജയിച്ചു് ബ്രിട്ടീഷു് സാമ്രാജ്യത്തിൻെറ അടിസ്ഥാനങ്ങൾ ഉറപ്പിച്ചയിടയ്ക്കു് അതായതു് കൊല്ലവർഷം ൯൩൩-ൽ എൻെറ പ്രസിദ്ധ പൂർവ്വികന്മാരിൽ ഒരാൾ അവിടുത്തെ ഭാഗിനേയനെ അരികെ വിളിച്ചു നൽകിയതായ മരണാവസാനം ഇപ്രകാരമായിരുന്നു. "ഇംഗ്ലീഷുകാർ നമ്മുടെ" നാട്ടിൽ വളരെ പ്രബലന്മാരായിതീരുമെന്നും മുൻ കാലങ്ങളിൽ ആൎക്കും തന്നെ ലഭിച്ചിട്ടില്ലാത്തതായ മഹിമയെ സമ്പാദിക്കുമെന്നും ഞാൻ വിചാരിക്കുന്നു. അതുകൊണ്ടു് അവരുടെ സ്നേഹവും സഹായവും സമ്പാദിക്കുവാൻ സദാ യത്നിച്ചുകൊള്ളണം", ദീൎഘദൎശിയായ അവിടുത്തെ അനൎഘമായ ഉപദേശം എൻെറ ശ്രവണപുടങ്ങളിൽ മുഴങ്ങുന്നുണ്ടു്. ഈ ഉപദേശം എൻെറ വംശത്തിനു് ശാശ്വതമായസ്വത്തായിരിക്കട്ടെ.

എനിക്കു് ആശ്വാസം നൽകുന്നതായ സംഗതികൾ വേറെയും ചിലതുണ്ടു്. കഴിഞ്ഞുപോയ ജ്യേഷ്ഠൻ തിരുമനസ്സിലെ വിവേകപൂർവ്വമായ ഭരണംകൊണ്ടു് ഈ ഗവമ്മെൻറിനു ആവശ്യമുള്ളിടത്തോളം ദൃഢതയുണ്ടാകുകയും രാജ്യത്തിനുള്ളിൽ ഐശ്വര്യം വ്യാപിക്കുകയും ചെയ്തിട്ടുണ്ടു്. ഇപ്പോൾ രാജഭണ്ഡാരം തൃപ്തികരമായ സ്ഥിതിയിൽതന്നെയിരിക്കുന്നു. സൎക്കാർ ഉദ്യോഗസ്ഥന്മാർ മുമ്പിലുണ്ടായിരുന്നവരെക്കാൾ സമൎത്ഥന്മാരും യോഗ്യന്മാരും ആണു്. വിദ്യാഭ്യാസം, നാട്ടിൽ എങ്ങും പരന്നു്

ജനങ്ങൾക്ക് സന്മാൎഗ്ഗബോധത്തെ ഉണ്ടാക്കിതീൎത്തിരിക്കുന്നു. പ്രജകൾ നിയമാനുസാരികളായി വൎത്തിക്കുന്നു. മരാമത്തുകൾ ജനങ്ങളുടെ സുഖസൌകൎയ്യങ്ങളെ വൎദ്ധിപ്പിച്ചിരിക്കുന്നു. ഈ കാരണങ്ങൾകൊണ്ടു ഞാനും എന്റെ കീഴിലുള്ളവരും വഹിക്കേണ്ടതായ ജോലികൾക്ക് അല്പമെങ്കിലും കുറവുണ്ടാകുമെന്നുള്ളതിന്ന് സംശയമില്ല.

ഇങ്ങനെയുള്ള സന്ദൎഭങ്ങളിൽ ജനസാമാന്യത്തിനുണ്ടാകുന്ന അഭിലാഷങ്ങൾ നിരംകുശമായിരിക്കുന്നതു് സഹജമാണ്. എന്നാൽ ആശകൾ അധികമാകുന്നിടത്തോളം ആശാഭംഗങ്ങളും ദുസ്സഹമായിരിക്കും. നമ്മുടെ പുതിയ വൈസ്രായിയായ റിപ്പൺ പ്രഭു അവർകൾ ബാംബെയിൽ വന്നിറങ്ങിയ സമയത്തു അവിടത്തെ ജനങ്ങളോടു പറഞ്ഞ വാക്കുകൾ ഞാൻ ഓൎക്കുന്നുണ്ടു്. കവചവും ധരിച്ചു് യുദ്ധത്തിനായി പുറപ്പെടുന്ന ഒരുവൻ ആത്മസ്തുതി ചെയ്യുന്നതു് യോഗ്യതയല്ലെന്നും അതുകൊണ്ടു ദുസ്സാദ്ധ്യങ്ങളായ വാഗ്ദത്തങ്ങൾ ചെയ്വാൻ താൻ തയ്യാറില്ലെന്നുമാണ് അതിന്റെ സാരം. നാട്ടുകാൎക്ക് കഴിയുന്നിടത്തോളം ഗുണം ചെയ്വാൻ നിശ്ചയിച്ചിട്ടുണ്ടെന്നും അവ ചെയ്തു കഴിഞ്ഞതിന്റെ ശേഷം ജനങ്ങൾ ആ പ്രവൃത്തികളുടെ ഗുണദോഷങ്ങൾ തീരുമാനിച്ചുകൊള്ളട്ടെ എന്നും അദ്ദേഹം പ്രസ്താവിച്ചു. ഭരണകാൎയ്യം കൈയേൽക്കുന്നതായ സന്ദൎഭത്തിൽ വൈസ്രായി അവർകൾ പറഞ്ഞതിൽ കൂടുതലായി ഒന്നുംതന്നെ എനിക്കും പറവാനില്ല.

ബ്രിട്ടീഷ് ഗവൎമ്മെന്റും ആ ഗവൎമ്മെന്റിന്റെ പ്രതിനിധികളും എന്റെ പൂൎവ്വികന്മാൎക്ക് നല്കിയ സ്നേഹപൂൎവ്വമായ ഉപദേശങ്ങൾ എനിക്കും ലഭിക്കുമെന്ന് എന്റെ മനസ്സിൽ ദൃഢമായ വിശ്വാസമുണ്ടു്. ആ ഗവൎമ്മെന്റിനോടു്

എനിക്കുള്ള കൃതജ്ഞതയ്ക്കും ഭക്തിക്കും ഒരിക്കലും കുറവു വരുന്നതല്ല. എന്റെ പ്രജകളെ ശരിയാകുംവണ്ണം രക്ഷിക്കുകയും അവരുടെ സുഖാനുഭൂതിയെ വർദ്ധിപ്പിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നതിൽ ഞാൻ സദാ ജാഗരൂകനായിരിക്കുമെന്നു് ഈ സന്ദർഭത്തിൽ പ്രതിജ്ഞചെയ്യുന്നു. എന്റെ ചുമതല ഭാരമേറിയതാണെങ്കിലും അതിനു് പ്രത്യേകമായ വിശിഷ്ടതയുണ്ടെന്നു് ഞാൻ ഉറപ്പായി വിശ്വസിക്കുന്നുണ്ടു്. അങ്ങനെയുള്ള ചുമതലകൾ യഥായോഗ്യം നിർവ്വഹിക്കാനുള്ള ശക്തിയും വിവേകവും നൽകണമെന്നു് കരുണാനിധിയായ ജഗദീശ്വരനോടു ഞാൻ പ്രാർത്ഥിച്ചുകൊള്ളുന്നു.

ഡർബാർ ഹാളിലെ കൃത്യങ്ങൾ എല്ലാം ഭംഗിയായി അവസാനിച്ചതിൽപിന്നെ റസിഡൻറും മററും മടങ്ങിപ്പോയി. തിരുമനസ്സുകൊണ്ടു് ഭാഗിനേയന്മാരോടും ദിവാൻ മുതലായ ഉദ്യോഗസ്ഥന്മാരോടും കൂടി കുറേനേരം അവിടെ ഇരുന്ന ശേഷം സദസ്സുപിരിഞ്ഞു. അന്നു വൈകുന്നേരം അവിടുന്നു് വിശേഷമായ പള്ളിയന്ദിളാവിൽ കയറി കോട്ടയ്ക്കകത്തുള്ള തെരുവീഥികളിൽക്കൂടി പരിവാരസമേതം ഘോഷയാത്ര ചെയ്തു. കിരീടധാരണം പ്രമാണിച്ചു് അവിടുന്നു പല സൽകൃത്യങ്ങളും നടത്തി. അവയിൽ പ്രധാനമായതു നാട്ടുകാർക്കു ചില കരങ്ങൾ ഇളച്ചുകൊടുത്തതും ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണത്തിനായി പ്രതിവർഷം ൫000 രൂപാ അനുവദിച്ചതും ആകുന്നു.

തിരുമനസ്സിലേക്കു് രാജ്യഭാരം ലഭിച്ചുവെന്ന സന്തോഷവർത്തമാനം അറിഞ്ഞയുടൻ തന്നെ അന്നത്തെ ബ്രിട്ടീഷ് റസിഡണ്ടു് അവിടത്തേയ്ക്കു് അയച്ചിരുന്ന അനുമോദനക്കത്തിൽ അവിടത്തെപ്പററി സ്തുത്യമായി വളരെ ഒക്കെ പറഞ്ഞിരുന്നു. തിരുമനസ്സുകൊണ്ടു് രാജ്യഭാരം കൈയേൽക്കുന്നതു തിരുവിതാംകൂർ

നിവാസികളുടെ ഭാഗധേയമെന്നായിരുന്നു എഴുത്തിന്റെ സാരം. റസിഡണ്ടിന്റെ ഈ അഭിപ്രായം കേവലം ഭാഗ്യാനുസരിച്ചുള്ള ഒരു പ്രശംസയായിരുന്നില്ല: മഹാരാജാവിന്റെ ബുദ്ധിശക്തിയും കൃത്യനിഷ്ഠയും പരിശ്രമശീലവും തിരുവിതാംകൂറിലും ദക്ഷിണഇൻഡ്യയിലും മാത്രമല്ല ഇൻഡ്യാസംസ്ഥാനം ഒട്ടുക്ക് അറിയാമായിരുന്നു. അവിടത്തെ രാജ്യഭാരംകൊണ്ടു് തിരുവിതാംകൂർ സംസ്ഥാനത്തിന്ന് അഭൂതപൂർവ്വമായ ഐശ്വര്യം ഉണ്ടാകുമെന്ന് എല്ലാവരും ആശിച്ചു. കിരീടം ധരിക്കുന്ന അവസരത്തിൽ സദസ്സിൽ വായിക്കുവാനായി ഗവർണ്ണർ സായ്പ് അയച്ചിരുന്ന എഴുത്തിലും അപ്രകാരമുള്ള ആശയങ്ങൾ അടങ്ങിയിരുന്നു.

പട്ടം കെട്ടിയതിൽ പിന്നെ ഒന്നുരണ്ടു മാസക്കാലം കൊണ്ടു അവിടുന്ന് രാജ്യഭരണം സംബന്ധിച്ചുള്ള സകല വിവരങ്ങളും ഗ്രഹിച്ചു. പിന്നീട്ട് നാണുപിള്ള ദിവാൻജിക്കു പെൻഷൻ കൊടുത്തുംവച്ച് രാമയ്യങ്കാരെ ദിവാൻജി ഉദ്യോഗത്തിൽ നിയമിച്ചു. രാമയ്യങ്കാരുടെ പേരിൽ ബ്രിട്ടീഷു ഗവമ്മെൻറിന്ന് വലിയ തൃപ്തിയായിരുന്നു. അദ്ദേഹത്തിനു സി. എസ്സ്. ഐ. മുതലായ സ്ഥാനമാനങ്ങൾ ലഭിച്ചതു് അങ്ങനെയുള്ള തൃപ്തിയുടെ ഫലമാകുന്നു.

൧൮൮൦-ൽ രാമയ്യങ്കാർ ബ്രിട്ടീഷ് സർവീസിൽ നിന്നു പെൻഷൻ വാങ്ങിപ്പിരിഞ്ഞു. അതിന്റെ ശേഷമാണ് വിശാഖംതിരുനാൾ തിരുമനസ്സുകൊണ്ടു് അദ്ദേഹത്തെ തിരുവിതാംകൂർ ദിവാൻജിയായി നിശ്ചയിച്ചതു്. രാമയ്യങ്കാരെ തിരുവിതാംകൂർ ദിവാനായി നിയമിക്കേണ്ട കാര്യത്തെപ്പററി വളരെക്കാലമായി ആലോചന നടന്നിരുന്നു. എന്നാൽ ഇപ്പോഴാണ് അതു സാധിച്ചതു്. അതിനെക്കുറിച്ച് ശേഷയ്യാശാസ്ത്രികൾ ഒരു

സ്നേഹിതന്നു് ഇപ്രകാരം എഴുതി അയച്ചു. "എനിക്കു മുമ്പു തന്നെ രാമയ്യങ്കാൎക്കു ദിവാനുദ്യോഗം കിട്ടേണ്ടതായിരുന്നു. അന്നു അദ്ദേഹത്തിനു കിട്ടിക്കഴിഞ്ഞു എന്നുതന്നെ എല്ലാവരും വിചാരിക്കുകയും ചെയ്തു. എന്നാൽ ദൈവകല്പിതം മറിച്ചായിരുന്നു. ഇപ്പോൾ മുറ തെററീട്ടെങ്കിലും അതു് അദ്ദേഹത്തിനു ലഭിച്ചിരിക്കുന്നു. സൎവ്വശക്തൻ അദ്ദേഹത്തെ സഹായിക്കയും ജനങ്ങളോടു് രഞ്ജനയിൽ കഴിയാൻ സൽബുദ്ധി കൊടുക്കയും ചെയ്യട്ടെ."

മഹാരാജാവിനും ദിവാൻജിക്കും അന്യോന്യം സ്നേഹബഹുമാനങ്ങളും രണ്ടുപേൎക്കും രാജ്യകാൎയ്യങ്ങളെപ്പററി സൂക്ഷ്മജ്ഞാനവും ഉണ്ടായിരുന്നു. അതിനാൽ കാൎയ്യങ്ങൾ ഭംഗിയായി നിൎവ്വഹിക്കുന്നതിനും രാജ്യത്തിന്റെ അഭിവൃദ്ധിക്കു അവശ്യമായ പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തുന്നതിനും സൌകൎയ്യം ലഭിച്ചു. തിരുമനസ്സുകൊണ്ടു് രാജ്യഭാരം തുടങ്ങിയ കാലത്തു് പ്രജകളിൽനിന്നും സൎക്കാരിലേക്കു വരേണ്ടതായ കരത്തിൽ വളരെ കുടിശ്ശിഖ ഉണ്ടായിരുന്നു. കാലംതോറും കരം പിരിക്കുന്നതിൽ നിഷ്കൎഷ വയ്ക്കാഞ്ഞിട്ടും ക്ഷാമദേവതയുടെ ദുൎവൃത്തികൾ കൊണ്ടുമാണു് ഇങ്ങനെയുള്ള കരക്കുടിശ്ശിഖ ഉണ്ടായതു് സാധുക്കളായ പ്രജകൾക്കു കരം കൊടുത്തുതീൎക്കുവാൻ നിവൃത്തി ഉണ്ടായിരുന്നില്ല. സൎക്കാർ ഉദ്യോഗസ്ഥന്മാർ കരം പിരിക്കാൻ ചെല്ലുമ്പോൾ ജനങ്ങൾക്കു വളരെ കഷ്ടനഷ്ടങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. കള്ളക്കണക്കുകൾ വയ്ക്കുക, രസീതു കൊടുക്കാതിരിക്കുക, എന്നിങ്ങനെയുള്ള അന്യായങ്ങൾ കൊണ്ടു് നാട്ടുകാർ നന്നെ വലഞ്ഞു. അന്നു് സൎക്കാരിലേയ്ക്കു കൊടുക്കേണ്ട കരം മിക്കവാറും നെല്ലായിട്ടായിരുന്നു. അതുകൊണ്ടു് കരം പിരിക്കുവാൻ പോകുന്ന ഉദ്യോഗസ്ഥന്മാൎക്കു് ജനങ്ങളെ ഉപദ്ര

വിക്കുവാൻ നല്ല സൌകൎയ്യം ലഭിച്ചു. ഇങ്ങനെയുള്ള കുഴപ്പങ്ങളെ അമൎച്ച വരുത്തി പ്രജകളെ രക്ഷിക്കുവാൻ വിശാഖം തിരുനാൾ തിരുമനസ്സുകൊണ്ടു അനുസരിച്ച സമ്പ്രദായം വളരെക്കാലമായി കുടിശ്ശിഖ കിടന്ന കരങ്ങളെ ഇളച്ചു കൊടുക്കുകയായിരുന്നു. ഈ വകയിൽ ഗവൎമ്മെൻറിനു ഏഴെട്ടു ലക്ഷം രൂപാ നഷ്ടം ഉണ്ടായി. എങ്കിലും ബുദ്ധിപൂൎവ്വമായ ഈ ഏൎപ്പാടു നിമിത്തം പ്രജകൾക്കുണ്ടായ ഗുണങ്ങൾ സീമാതീതമായിരുന്നു.

സൎക്കാർ ഉദ്യോഗസ്ഥന്മാർ ശരിയായി ജോലി ചെയ്യാതിരുന്നാൽ സൎക്കാർകാൎയ്യങ്ങൾ വേണ്ടപോലെ നടക്കയില്ലെന്ന് അവിടത്തെയ്ക്കു ബോദ്ധ്യമുണ്ടായിരുന്നു. അവരെ പ്രോത്സാഹിപ്പിക്കുവാനും കൈക്കൂലി മുതലായ അഴിമതികളെ നിൎത്തുവാനുമായി അവിടുന്നു് യോഗ്യതപോലെ അവൎക്കു ശമ്പളക്കൂടുതൽ കൊടുത്തു. മുമ്പു് സൎക്കാർ ജീവനക്കാരുടെ അധികാരങ്ങളും ജോലികളും ചുമതലകളും അവൎക്കുതന്നെ സ്പഷ്ടമായി അറിയാമായിരുന്നില്ല. രാജ്യകാൎയ്യങ്ങൾ സംബന്ധിച്ചു് അനേകം റിഗ്ഗുലേഷനും തിരുവെഴുത്തു വിളംബരങ്ങളും മററു നിയമങ്ങളും ഉണ്ടായിരുന്നു. എങ്കിലും അവയെല്ലാം കുഴഞ്ഞു കിടന്നതുകൊണ്ടും കാൎയ്യങ്ങൾ ഗ്രഹിക്കുവാൻ വളരെ പ്രയാസമായിരുന്നു. ഈ വക നിയമങ്ങൾ എല്ലാം തിരഞ്ഞെടുത്തു് ക്രമപ്പെടുത്തുവാനായി തക്കതായ ഒരു കമ്മററി ഏൎപ്പെടുത്തി. അതിന്റെ ശേഷം മഹാരാജാവിന്റെയും ദിവാൻജിയുടേയും ശ്രദ്ധ ഓരോ ഡിപ്പാർട്ടുമെന്റുകളുടേയും പരിഷ്ക്കരണവിഷയത്തിൽ പതിഞ്ഞു. ഈ പരിഷ്കാരങ്ങൾ മിക്കവാറും നീതിപരിപാലനത്തേയും മുതലെടുപ്പിനേയും സംബന്ധിച്ചായിരുന്നു.

ആദ്യംതന്നെ പോലീസ്സ് ഡിപ്പാർട്ടുമെന്റിനെ ഊൎജ്ജിതപ്പെടുത്തുന്നതു് അത്യാവശ്യമെന്നുകണ്ടു് അതിലേക്കുള്ള യത്നം

തുടങ്ങി. ആ ഡിപ്പാൎട്ടുമെൻറു മേലധികാരിയായി ഒരു യൂറോപ്യനെ നിയമിച്ചു്, ആവശ്യങ്ങളായ മററു ഭേദഗതികളും നടപ്പാക്കി. നീതിന്യായക്കോടതികളെ തരം തിരിച്ചു് ഓരോന്നിൻേറയും അധികാരങ്ങളെ ക്ലിപ്തപ്പെടുത്തി. കോടതികൾ സിവിൾക്കോടതികൾ എന്നും, ക്രിമിനൽക്കോടതികൾ എന്നും, രണ്ടു തരമാണല്ലോ. അവയിൽ സിവിൾക്കോടതികളുടെ നടത്തിപ്പിനു സിവിൾക്കോട്ടു റിഗ്യുലേഷൻ എന്നൊരു നിയമം ഉണ്ടാക്കി. ഇതുകൂടാതെ തിരുവിതാംകൂറിലുള്ള എല്ലാ കോടതികളുടേയും മേലായായ സദിർക്കോടതിയേയും ഒന്നു പുതുക്കി. സദിർക്കോടതിയിൽ അന്നു് ആകെ മൂന്നു ജഡ്ജിമാരേ ഉണ്ടായിരുന്നൊള്ളു. ദിനംപ്രതി വൎദ്ധിച്ചുവരുന്ന ജോലികൾ യഥാകാലം നിർവഹിക്കുവാൻ മൂന്നു ജഡ്ജിമാർ പോരാത്തതിനാൽ തിരുമനസ്സുകൊണ്ടു് രണ്ടു ജഡ്ജിമാരെ കൂടെ നിയമിച്ചു. എല്ലാക്കോടതികളിലേയും ഉദ്യോഗസ്ഥന്മാൎക്കു് ഉചിതമായ ശമ്പളക്കൂടുതൽ കൊടുക്കയും ചെയ്തു.

റവന്യൂ സംബന്ധമായ ഡിപ്പാൎട്ടുമെൻറുകളുടെ പരിഷ്ക്കാരവും അചിരേണ ആരംഭിച്ചു. ഡിവിഷൻ കച്ചേരികളിലും താലൂക്കുകച്ചേരികളിലും ജോലി അധികമാകകൊണ്ടു് കൂടുതൽ ജീവനക്കാരെ നിയമിച്ചു ഉപ്പളങ്ങളെ പേഷ്ക്കാരന്മാരുടെ കീഴിൽ നിന്നും എടുത്തു് ഉപ്പളം പേഷ്ക്കാരെന്ന ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി. ഇതു കൂടാതെ പിറവക സംബന്ധമായ മുതലെടുപ്പു് വൎദ്ധിപ്പിക്കാനായി പല വ്യവസ്ഥകളും ചെയ്തു. ഇപ്രകാരമുള്ള പരിഷ്ക്കാരങ്ങൾകൊണ്ടു് രാജഭണ്ഡാരത്തിൽ ക്രമേണ മുതൽ കൂടിത്തുടങ്ങി. തിരുമനസ്സുകൊണ്ടു് രാജ്യഭാരം തുടങ്ങിയ കൊല്ലത്തിലെ അഭിവൃദ്ധിയെപ്പററി മദ്രാസ ഗവമ്മെൻറു് താഴെ പറയുംപ്രകാരം അഭിപ്രായപ്പെട്ടിരുന്നു.

"ആദ്യത്തെ കൊല്ലത്തിൽതന്നെ നാട്ടിൽ അഭൂതപൂൎവ്വമായ ഐശ്വൎയ്യം സംഭവിച്ചതുകൊണ്ടു് മഹാരാജാവിന്നു് വലുതായ ചാരിതാൎത്ഥ്യത്തിന്നു് അവകാശമുണ്ടു്. ഓരോ വകുപ്പിലും മുതൽ കൂടുതൽ കണ്ടിരിക്കുന്നു. അഞ്ചുലക്ഷം രൂപാ മിച്ചവും വന്നിട്ടുണ്ടു്."

വിശാഖം തിരുമനസ്സിലെക്കാലത്തു് നടപ്പിൽവന്ന മററു വ്യവസ്ഥകളിൽ പ്രധാനപ്പെട്ടവ കണ്ടെഴുത്തും സൎവ്വേയുമാകുന്നു. അവകൊണ്ടുള്ള ഉപയോഗത്തെ ജനങ്ങളെ മനസ്സിലാക്കുവാനായി രാമയ്യങ്കാർ പ്രമാണികളായ നാട്ടുകാരുടെ ഒരു യോഗം തിരുവനന്തപുരത്തുവച്ചു് വിളിച്ചുകൂട്ടി. അപ്രകാരം ചെയ്തതു മഹാരാജാവിന്റെ അനുമതിയോടു കൂടിയായിരുന്നു. യോഗത്തിൽ സന്നിഹിതരായിരുന്ന മഹാജനങ്ങളോടു് മുൻ പറഞ്ഞ ഡിപ്പാർട്ടുമെന്റുകളുടെ ഉപയോഗത്തെക്കുറിച്ചു ദിവാൻജി ദീൎഘമായി പ്രസംഗിച്ചു. ആ പ്രസംഗത്തിന്റെ സാരം താഴെ പറയുംപ്രകാരം ആകുന്നു. "ഈ പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തുവാൻ മഹാരാജാവിനെ പ്രേരിപ്പിച്ചിട്ടുള്ളതു് കരം കൂട്ടിവയ്ക്കണമെന്നുള്ള ആഗ്രഹമല്ല. കണ്ടെഴുത്തുകൊണ്ടു് വസ്തുക്കൾ തമ്മിൽ തരം തിരിക്കുവാനും അതനുസരിച്ചു് ന്യായമായ കരം ചുമത്തുവാനും സാധിക്കുന്നതാണു്. സൎവ്വേയുടെ ഉദ്ദേശ്യം വസ്തുക്കളുടെ അതിരു തിരിക്കുകയാകുന്നു. സൎവ്വെ ചെയ്യപ്പെട്ട സ്ഥലങ്ങൾ കണ്ടെഴുതി പട്ടയം പതിച്ചു കൊടുക്കുന്നതു് വസ്തു ഉടമസ്ഥന്മാൎക്കു് വലിയ രക്ഷയാകുന്നു. നാട്ടിലുള്ള നിലം പുരയിടങ്ങൾ ശരിയായ വിധത്തിൽ അളന്നു് തിട്ടപ്പെടുത്തി നികുതിയെ ക്രമീകരിച്ചു് ന്യായമായ വിധത്തിൽ ഏൎപ്പാടു ചെയ്യുന്നതുകൊണ്ടു് രാജ്യത്തിൽ കൃഷിക്കു് വൎദ്ധനയും സൎവ്വതോമുഖമായ ഐശ്വൎയ്യവും ഉണ്ടാകുന്നു." സൎവ്വെ, കണ്ടെഴുത്തു് എന്നി ഡിപ്പാൎട്ടുമെന്റുകൾകൊണ്ടു് തിരുവിതാംകൂർ നിവാസികൾക്കു്

അപരിമിതമായ ഗുണം സിദ്ധിച്ചിട്ടുണ്ടെന്നുള്ളതു് നിരാക്ഷേപമായ സംഗതിയാകുന്നു.

വിശാഖം തിരുമനസ്സിലെ കാലത്തു വേറേയും ചില കാര്യങ്ങൾ നടപ്പിൽ വന്നിട്ടുണ്ടു്. ജനങ്ങൾക്കു് വളരെ ഉപദ്രവകരമായിരുന്ന ചുങ്കങ്ങളും തീരുവകളും നിറുത്തൽ ചെയ്തു. വിരുത്തിക്കാരുടെ ബുദ്ധിമുട്ടുകളെ കഴിയുന്നിടത്തോളം കുറച്ചു. സ്റ്റാമ്പാക്ടു് എന്ന നിയമം പാസാക്കപ്പെട്ടു. ഏറ്റുമതി ഇറക്കുമതി ഇവയ്ക്കുള്ള തീരുവകൾ സമയോചിതമായി കുറച്ചു. കന്നുകാലി പ്രദർശനങ്ങൾ, കൃഷി പ്രദർശനങ്ങൾ മുതലായവയെ പ്രോത്സാഹിപ്പിച്ചു് പ്രജകൾക്കു് അവയെപ്പററിയുള്ള അറിവു വർദ്ധിപ്പിച്ചു. അനേകം പള്ളിക്കൂടങ്ങൾ സ്ഥാപിച്ചു് പ്രാഥമിക വിദ്യാഭ്യാസത്തെ പ്രചാരപ്പെടുത്തി. തെക്കൻ ഡിവിഷനിൽ കൃഷിക്കുപയോഗത്തിനായി പല മരാമത്തു വേലകളും നടത്തി.

തിരുമനസ്സിലെ രാജ്യഭാരകാലത്താണു് കൊച്ചിയും തിരുവിതാംകൂറും തമ്മിൽ നടന്നുകൊണ്ടിരുന്ന ചില വലിയ തക്കങ്ങൾ തീരുമാനിച്ചതു്. രണ്ടുരാജ്യങ്ങളും തമ്മിലുണ്ടായ തക്കത്തിനു് ഒന്നിലധികം കാരണങ്ങൾ ഉണ്ടായിരുന്നുവെങ്കിലും അവയിൽ പ്രധാനമായതു് ഇരിഞ്ഞാലക്കുട ക്ഷേത്രത്തിനെ സംബന്ധിച്ചായിരുന്നു. കൊച്ചീരാജ്യത്തിൻെറ അതിർത്തിയ്ക്കകത്തു സ്ഥിതിചെയ്യുന്ന പ്രസ്തുതക്ഷേത്രം വളരെ മുതലെടുപ്പുള്ളതാണു്. ക്ഷേത്രകാര്യങ്ങളിൽ അധിപൻ തച്ചുടയകയ്മൾ എന്നു സ്ഥാനപ്പേരുള്ള ഒരാളാണു്. തച്ചുടയകയ്മൾ സ്ഥാനത്തിലേക്കു ആൾ നിയമിക്കുന്നതു് തിരുവിതാംകൂർ മഹാരാജാവിൻെറ പരമ്പരാവകാശമാകുന്നു. അങ്ങനെയുള്ള അവകാശത്തെ ശിഥിലപ്പെടുത്തുവാനാണു് കൊച്ചീക്കാർ ഉദ്യമിച്ചതു്. എന്നാൽ

ബ്രിട്ടീഷുഗവണ്മെൻറിൽ നിന്നും ഉണ്ടായ തീൎച്ച നമ്മുടെ രാജ്യത്തേയ്ക്കു ഗുണമായിട്ടായിരുന്നു. അതിനാൽ തിരുവിതാംകൂർ നിവാസികൾക്കു വലുതായ സന്തോഷവുംകൊച്ചീക്കാൎക്കു സംതൃപ്തിയും ഉണ്ടായി. അതിൎത്തിത്തൎക്കത്തിൽ വേറെയും ചില കാൎയ്യങ്ങൾ അടങ്ങിയിരുന്നു. അവയിൽ ചിലതു് നമുക്കും മററു ചിലതു് കൊച്ചിക്കും ഗുണമായിട്ടു തീരുമാനിക്കപ്പെട്ടു. ഇടിയറമേട്ട എന്നു പറയുന്ന കുന്നുകൾ തിരുവിതാംകൂറിലേക്കു് നൽകപ്പെട്ടു. ഇളംകുന്നപ്പുഴ, അന്നമനട, പെരുമനം, ഈ മൂന്നു ദേവസ്വങ്ങളുടേയും ഉടമസ്ഥത കൊച്ചീ രാജ്യത്തിനു് സ്ഥാപിച്ചുകിട്ടി. എന്നാൽ അവയുടെ മേലന്വേഷണത്തിനുള്ള അവകാശം തിരുവിതാംകൂറിനു തന്നെ ലഭിച്ചു. കൊച്ചിയും തിരുവിതാംകൂറും തമ്മിൽ തച്ചുടയ്ക്കയ്മൾ സ്ഥാനത്തെ സംബന്ധിച്ചുവളരെ വാദപ്രതിവാദങ്ങൾ പിന്നെയും ഉണ്ടായി. എന്നാൽ ശ്രീ മൂലംതിരുനാൾ മഹാരാജാവു് തിരുമനസ്സിലെ ഭരണകാലത്തു അവകതൎക്കങ്ങൾ എല്ലാം ഭംഗിയായി അവസാനിച്ചു.

ഇനി തിരുമനസ്സിലെ കാലത്തു നടന്ന ചില വിശേഷസംഭവങ്ങളെക്കുറിച്ചു് പ്രസ്താവിക്കാം. ൧൦൮൦-ാം വൎഷം ഒക്‌ടോബർ മാസം മദ്രാസു് ഗവൎണ്ണർ തിരുവിതാംകൂറിനെ സന്ദർശിച്ചു. ആ സന്ദൎഭത്തിൽ ഗവൎണ്ണർ സായ്പു് മഹാരാജാവിൻെറ ഭരണനൈപുണ്യത്തേയും പാണ്ഡിത്യത്തേയും കുറിച്ചു വളരെ പ്രശംസിച്ചിട്ടുണ്ടു്. ൧൦൮൨-ാം വൎഷം ജനുവരിമാസത്തിൽ തിരുമനസ്സുകൊണ്ടു് ഉത്തരഇൻഡ്യയിലേക്കു എഴുന്നള്ളി. ദിവാൻ മുതലായ ചില ഉദ്യോഗസ്ഥന്മാരും അവിടത്തെ ഒരുമിച്ചു് പോയിട്ടുണ്ടായിരുന്നു. മദ്രാസിൽവച്ചു റസിഡൻറും എഴുന്നള്ളത്തോടു് ചേൎന്നു. തിരുമനസ്സുകൊണ്ടു് എഴുന്നള്ളിയ എല്ലാ സ്ഥലങ്ങളിലും അവിടുന്നു യഥായോഗ്യം സൽക്കരിക്ക

പ്പെട്ട പൌരന്മാർ മംഗളപത്രം സമർപ്പിക്കുന്നതും തിരുമനസ്സുകൊണ്ട് ഉചിതമായ മറുപടി പറയുന്നതും സാധാരണമായിരുന്നു. തിരുമനസ്സിലെ സഞ്ചാരത്തിനിടയിൽ ഇൻഡൂർരാജ്യത്തേയും കൂടി സന്ദർശിക്കണമെന്ന് അവിടത്തെ മഹാരാജാവിന്റെ അപേക്ഷയുണ്ടായിരുന്നു. സർ, ടി. മാധവരായർ കുറേക്കാലം ഇൻഡൂരിലും മന്ത്രിയായിരുന്നു. അതുകൊണ്ട് അവിടത്തെ മഹാരാജാവിന്ന് വിശാഖം തിരുമനസ്സിലെ യോഗ്യതകൾ അറിവാൻ പ്രത്യേകിച്ചും സൌകൎയ്യം ഉണ്ടായി. അവിടുന്ന് ഇൻഡൂർ മഹാരാജാവിന്റെ അഭീഷ്ടത്തെ സാധിച്ചും വെച്ച് യാത്രതുടൎന്നു. തിരുമനസ്സിലെ ഈ യാത്രയിൽ വൈസ്രായി, ഗവൎണ്ണറന്മാർ മുതലായി വളരെ മഹാന്മാർ പരിചയപ്പെടുവാൻ ഇടയായി. അവൎക്കെല്ലാപേൎക്കും അവിട്ടത്തെ നേൎക്കു അപരിമിതമായ സ്നേഹബഹുമാനങ്ങൾ ഉണ്ടായി. അതിന്റെ ശേഷം തിരുമനസ്സുകൊണ്ടു സുഖമായിനാട്ടിൽ മടങ്ങിയെത്തി.

രണ്ടുമാസം കഴിഞ്ഞപ്പോൾ അവിടത്തേക്ക് കെ. ജി. സി. എസ്സ്. ഐ. എന്ന ഉൽകൃഷ്ട ബിരുദു ലഭിച്ചു. അതു സ്വീകരിപ്പാനായി അവിടുന്നു മദ്രാസിലേക്കു വീണ്ടും എഴുന്നള്ളി. ആ സന്ദൎഭത്തിൽ അവിടുന്ന് അററിങ്ങൽ തിരുമേനികൾ മുതലായ ബന്ധുജനങ്ങളെക്കൂടെ കൊണ്ടുപോയിരുന്നു. മഹാരാജാവിന്റെ ആഗമനം പ്രമാണിച്ച് മദ്രാസിൽ വളരെ ആഘോഷങ്ങൾ ഉണ്ടായിരുന്നു. ബിരുദു കൊടുക്കുന്ന അവസരത്തിൽ ഗവൎണ്ണർ ഇങ്ങനെ പറഞ്ഞു.

“അല്ലയോ മഹാരാജാവെ! തിരുവിതാംകൂർ രാജ്യത്തിലെ ആചാരവും രാജവംശത്തിന്റെ ദായക്രമവും അനുസരിച്ച് അവിടുന്നു രാജാവായിത്തീൎന്നു. തിരുവിതാംകൂർ രാജ്യം ഏഷ്യാഖണ്ഡത്തിലുള്ള ഏററവും മനോഹരമായ പ്രദേശങ്ങളിൽ

ഒന്നാണ്. ബാല്യത്തിലേ തന്നെ പാശ്ചാത്യവിദ്യാഭ്യാസത്താൽ മനഃപരിഷ്കാരം വന്നിട്ടുള്ള അവിടുന്നു പ്രജകളെ പരിപാലിക്കുന്ന കൃത്യം വളരെ ഭംഗിയായി നിൎവഹിക്കുന്നു. അവിടത്തെ ചുമതലകൾ ശരിയായി നടത്തിയതിലുള്ള സന്തോഷത്തെ കാണിക്കുവാനാണ് ഇൻഡ്യാചക്രവൎത്തിനി തിരുമനസ്സുകൊണ്ടു അവിടത്തേക്കു ഈ ഉന്നതസ്ഥാനം നൽകിയിരിക്കുന്നതു്. ഈ സ്ഥാനത്തിൻെറ ചിഹ്നമായ മുദ്രയും ധരിച്ചു അവിടുന്നു വളരെക്കാലം ജീവിച്ചിരിക്കുവാൻ വേണ്ടി ഞാൻ സൎവശക്തനെ പ്രാൎത്ഥിക്കുന്നു.

ബ്രിട്ടീഷ് ഗവണ്മെൻറിൻെറ മൈത്രി ഉള്ളതുകൊണ്ടു അവിടുത്തെയ്ക്കു ശത്രുക്കളെ ഭയപ്പെടുവാനില്ല. അതുകൊണ്ടു പുരാതനപരിഷ്കാരത്തിൻെറ ജന്മഭൂമിയായ ഈനാട്ടിൽപാശ്ചാത്യപരിഷ്കാരത്തിൻെറ ഏതാനും അംശങ്ങൾ കൂടി നടപ്പിൽ വരുത്തുവാൻ ഞങ്ങൾ ചെയ്യുന്ന പരിശ്രമത്തിൽ അവിടുന്നും കൂടി പങ്കുകൊള്ളുമെന്നു ആശിച്ചുകൊള്ളുന്നു."

ഇങ്ങനെ ബിരുദു ദാനോത്സവം കഴിഞ്ഞു തിരുമനസ്സുകൊണ്ടു സ്വരാജ്യത്തിലേക്കു പുറപ്പെട്ടു. പോരും വഴിക്കു പാണ്ടിച്ചേരി എന്ന നഗരത്തെയും സന്ദൎശിച്ചു. ആ നഗരം ഫ്രഞ്ചുകാരുടെ വകയാണ്. മഹാരാജാവിനെ സൽക്കരിക്കുവാനായി അവിടത്തെ ഫ്രഞ്ചുഗവൎണ്ണർജനറൽ വളരെ ഒരുക്കങ്ങൾചെയ്തിരുന്നു. തിരുമനസ്സുകൊണ്ടു പാണ്ടിച്ചേരിയിൽ താമസിച്ചു് പൌരന്മാൎക്കു അമിതമായ സന്തോഷത്തെ വളൎത്തി. അനന്തരം അവിടുന്നു സകല ജനങ്ങളുടെ ആശംസകളോടുകൂടി അവിടെനിന്നും തിരിച്ചു. വഴിക്കുള്ള പ്രധാനസ്ഥലങ്ങളെല്ലാം അവിടുന്നു എഴുന്നള്ളിക്കണ്ടു. ചിദംബരം, മധുര, മുതലായ മഹാക്ഷേത്രങ്ങളിൽ ചെന്നു് പ്രാൎത്ഥിക്കുവാനും അവിടത്തേയ്ക്കു

ഭാഗ്യമുണ്ടായി. മഹാരാജാവും പരിവാരങ്ങളും യാതൊരു ബുദ്ധിമുട്ടും മനഃക്ലേശവും കൂടാതെ രാജധാനിയിൽ വന്നുചേൎന്നു.

ഇങ്ങിനെ വൎദ്ധമാനമായ യശസ്സോടുകൂടി രാജധാനിയിൽ സുഖമായി താമസിക്കുന്നകാലത്തു തിരുമനസ്സുകൊണ്ടു് പുണ്യസ്ഥലമായ രാമേശ്വരത്തു പോയി തീൎത്ഥമാടണമെന്നു് നിശ്ചയിച്ചു. അവിടുന്നു് ഉത്തരഇൻഡ്യയിൽ സഞ്ചരിച്ചിരുന്നകാലത്തു്, കാശിസ്നാനം കഴിച്ചിട്ടുണ്ടായിരുന്നു. വാരാണസിയിൽ തീൎത്ഥമാടിയാൽ അതുകൊണ്ടുള്ള പുണ്യം മുഴുവനും ലഭിക്കണമെങ്കിൽ അടുത്തകാലത്തു തന്നെ രാമേശ്വരത്തും പോയി സേതുസ്നാനം ചെയ്യേണ്ടതു് അവശ്യമെന്നാണു് ഹിന്ദുക്കളുടെ വിശ്വാസം. മഹാരാജാവിനു പൂൎവ്വാചാരക്രമങ്ങളിലും മതസംബന്ധമായ അനുഷ്ഠാനങ്ങളിലും വളരെ നിഷ്ഠയുണ്ടായിരുന്നു, അതാണു് അവിടുന്നു് സഞ്ചാരശ്രമത്തെ ലേശം വകവയ്ക്കാതെ രാമേശ്വരത്തേയ്ക്കു എഴുന്നെള്ളിയതു്. തിരുമനസ്സുകൊണ്ടു് സ്നാനാദികൎമ്മങ്ങൾ എല്ലാം ഭക്തിയോടുകൂടി നിൎവ്വഹിച്ചശേഷം അവിടെ നിന്നും പുറപ്പെട്ടു തിരുവനന്തപുരത്തു വന്നെത്തി.

ഇപ്രകാരം പ്രജകളെ പരിപാലിക്കുന്നതിലും മതകൃത്യങ്ങൾ നടത്തുന്നതിലും താല്പൎയ്യത്തോടുകൂടി അവിടുന്നു ദിവസം കഴിച്ചു. രാത്രിയും പകലും ഒരുപോലെ ജോലിചെയ്യുന്നതിൽ അവിടത്തേക്കു് അല്പമെങ്കിലും ഉദാസീനതയുണ്ടായിരുന്നില്ല. ഹജൂരിൽനിന്നു വരുന്ന കടലാസ്സുകെട്ടുകൾ അന്നന്നു രാത്രിതന്നെ നോക്കി അവശ്യമെന്നു കാണുന്ന ഭേദഗതികൾ ചെയ്തു തുല്യം ചാൎത്തുകയും പിറേറദിവസം പ്രഭാതത്തിനു മുൻപു് ദിവാൻജിയുടെ കൈയിൽ കിട്ടത്തക്കവണ്ണം അയച്ചുകൊടുക്കുകയും പതിവായിരുന്നു. അതുകൂടാതെ പരിഷ്കൃത ലോക

ത്തിൻെറ പലഭാഗങ്ങളിലുമായി അവിടത്തേയ്ക്കുണ്ടായിരുന്ന അസംഖ്യം സ്നേഹിതന്മാർക്കു ദീർഘമായ എഴുത്തുകളും എഴുതാറുണ്ടായിരുന്നു.

ഇതെല്ലാം കഴിച്ചിട്ടാണു സൂർയ്യോദയത്തോടുകൂടി തിരുമനസ്സുകൊണ്ടു സവാരി എഴുന്നെള്ളിയിരുന്നതു്. സവാരി എഴുന്നെള്ളുന്ന സ്ഥലങ്ങളിലുള്ള പ്രകൃതി വൈചിത്ര്യങ്ങളും ജനസാമാന്യത്തിൻെറ ക്ഷേമ വർത്തമാനങ്ങളും ഗ്രഹിക്കുവാൻ അവിടത്തേക്കു് അനല്പമായ താൽപ്പര്യമുണ്ടായിരുന്നു. സവാരികഴിഞ്ഞു തിരിയെ കൊട്ടാരത്തിൽ എഴുന്നള്ളിയാൽ കടവിലെഴുന്നള്ളത്തു മുതലായ നിത്യകർമ്മങ്ങൾ എല്ലാം നടത്തി അമൃതേത്തുംകഴിഞ്ഞു പതിനൊന്നു മണിയോടുകൂടി വീണ്ടും ജോലിയിൽ പ്രവേശിക്കും.

കൊട്ടാരം, മതിൽക്കകം, മുതലായ സ്ഥലങ്ങളിലെ ഭരണകാർയ്യങ്ങൾ അന്വേഷിക്കുന്നതു് ആ സമയത്താണു്. മണി രണ്ടായാൽ കാപ്പി അമൃത്തു കഴിയും. ദിവാൻജി മുതലായ ഉദ്യോഗസ്ഥന്മാരുടെ റിപ്പോർട്ടു കേൾക്കുന്നതും മുഖം കാണിക്കാൻ വരുന്നവരെ കാണുന്നതും പിന്നീടാണു്. ഈ വക കാർയ്യങ്ങൾ വൈകുന്നതുവരെ നടന്നുകൊണ്ടിരിക്കും. അതിൻെറ ശേഷം നിത്യകർമ്മങ്ങൾ അനുഷ്ഠിക്കയായി. തിരുമനസ്സുകൊണ്ടു സകല കാർയ്യങ്ങളും വളരെ കറാലായി നടത്തി വന്നു. വിശേഷ സംഭവങ്ങൾ വല്ലതും ഉണ്ടായാലും അവിടുത്തെ പതിവുജോലികൾക്കു വിഘ്നം വരുത്താറുണ്ടായിരുന്നില്ല. അങ്ങനെയുള്ള സന്ദർഭങ്ങളിൽ വിശ്രമത്തിനുള്ള സമയം വളരെ കുറയുമെന്നേയുള്ളു. അന്നന്നു ചെയ്യുന്ന കൃത്യങ്ങളെക്കുറിച്ചു ഡയറി എഴുതുന്നതിലും അവിടുത്തേക്കു വളരെ ശ്രദ്ധയായിരുന്നു.

നാടു വാഴുന്ന മഹാരാജാവു് ഇങ്ങനെ ബുദ്ധിമുട്ടി ജോലി ചെയ്യുമ്പോൾ അവിടുത്തെ ഭൃത്യന്മാർക്കു് അലസവൃത്തിയിൽ

കാലം കഴിക്കുവാൻ സാധിക്കയില്ലെന്നുള്ളതു നിശ്ചയമാണല്ലോ. അവിടത്തെ സത്യനിഷ്ഠ സൎക്കാർ ജീവനക്കാരെ സത്യവാന്മാരാക്കിത്തീൎത്തു. കൈക്കൂലി മുതലായ അഴിമതികൾ നാട്ടുവിട്ടോടി. ശുപാർശയും മററും കൊണ്ടു കാൎയ്യസാദ്ധ്യമുണ്ടാകയില്ലെന്നു് ദൂരദേശങ്ങളിൽ വസിക്കുന്ന ജനങ്ങൾക്കു് കൂടി ബോധപ്പെട്ടു. മഹാരാജാവിന്റെ നാമധേയം കേട്ടാൽ ദുഷ്ടന്മാർ നടുങ്ങുമായിരുന്നു. എന്നാൽ ദുഷ്ടന്മാരെ ശിക്ഷിക്കുന്നതുപോലെ ശിഷ്ടന്മാരെ രക്ഷിക്കുന്നതിലും അവിടത്തേയ്ക്കു സാമൎത്ഥ്യമുണ്ടായിരുന്നു. അവിടത്തെ രാജ്യഭരണം വളരെ ഊൎജ്ജിതവും പ്രജകൾക്കു് അത്യന്തം ഗുണപ്രദവും ആയിരുന്നു.

തിരുമനസ്സിലേയ്ക്കു ജ്ഞാനസമ്പാദനത്തിനുണ്ടായിരുന്ന അത്യാഗ്രഹത്തെക്കുറിച്ചു് ഇതിനു മുമ്പിൽ ഒന്നിലധികം പ്രാവശ്യം പ്രസ്താവിച്ചിട്ടുണ്ടു്. രാജ്യകാൎയ്യശ്രമങ്ങൾ പൎവ്വതപ്രായമായിരുന്നകാലങ്ങളിൽപോലും അവിടുന്നു് ഒട്ടനേകം പുസ്തകങ്ങൾ വായിക്കാറുണ്ടായിരുന്നു. പുസ്തകപാരായണത്തോടുകൂടി പുസ്തകനിൎമ്മാണവും സാഹിത്യപോഷണവും അനുക്രമമായി നടന്നു. അവിടത്തെ ആജ്ഞപ്രകാരമാണു് വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു് അക്ബർ എന്ന ആഖ്യായികയെ മലയാളത്തിൽ ഭാഷാന്തരം ചെയ്തതു്. ചെറുപ്പക്കാൎക്കു് മാതൃകാപാഠങ്ങളായിത്തീരത്തക്കവണ്ണമുള്ള മഹാന്മാരുടെ ജീവചരിത്രങ്ങളിൽ ചിലതു് അവിടുന്നുതന്നെ മലയാളത്തിൽ എഴുതീട്ടുണ്ടു്. ജ്യോതിഷത്തെക്കുറിച്ചു് അവിടുന്നു വിദ്യാവിലാസിനിയിൽ എഴുതിയിരുന്ന ഉത്തമലേഖനവും ഈ ഘട്ടത്തിൽ പ്രസ്താവയോഗ്യമാണു്.

ദരിദ്രന്മാരായ വിദ്യാൎത്ഥികൾക്കു ധനസഹായം ചെയ്തുകൊടുക്കുവാൻ തിരുമനസ്സിലേക്കു എല്ലായ്പോഴും താല്പൎയ്യമായി

രുന്നു. അവിടുത്തെ സഹായം ലഭിച്ച ചിലർ നമ്മുടെ രാജ്യത്തിൽ വലിയ ഉദ്യോഗസ്ഥന്മാരായിത്തീൎന്നിട്ടുണ്ടു്. സ്വദേശികളിൽ ബുദ്ധിയുള്ളവരെ കണ്ടുപിടിച്ചു് അവരവൎക്കു വാസനയുള്ള കലകൾ അഭ്യസിക്കുവാൻ സൌകൎയ്യമുണ്ടാക്കിക്കൊടുക്കുന്നതിൽ തിരുമനസ്സുകൊണ്ടു് അതിതൽപ്പരനായിരുന്നു. നാട്ടിലുള്ള എല്ലാ ശില്പകുശാലക്കാരുടേയും പേരുകൾ അവിടുന്നു ഡയറിയിൽ എഴുതിവച്ചിട്ടുണ്ടായിരുന്നു. അവനവന്റെ തൊഴിലിൽ അല്പമെങ്കിലും മിടുക്കനായ ഒരുവനെങ്കിലും തിരുമനസ്സിലെ അറിവിൽ പെടാതിരുന്നില്ല. ദൃഷ്ടാന്തത്തിനായി ഇവിടെ ഒരു സംഗതിമാത്രം പറയാം. ആറന്മുള എന്ന സ്ഥലത്തു വെങ്കലം മിനുസപ്പെടുത്തി കണ്ണാടിയുണ്ടാക്കുന്ന ഒരു കുടുംബക്കാർ ഉണ്ടു്. മഹാരാജാവു് ഒരിക്കൽ ശ്രീപത്മനാഭക്ഷേത്രത്തിൽ വയ്ക്കാനായി വിശേഷമായ ഒരു വിളക്കു പണിചെയ്യിച്ചു. അതിന്റെ ചില ഭാഗങ്ങൾ ആറന്മുള ശില്പിയെക്കൊണ്ടുണ്ടാക്കിക്കണമെന്നു് അവിടുന്നു് നിശ്ചയിച്ചു. അതിൻപ്രകാരം കൊട്ടാരത്തിൽനിന്നും തഹശീൽദാരുടെ പേൎക്കു കല്പന അയച്ചു. അന്നു് ആറന്മുളെ ശില്പികളിൽവച്ചു് ഏററവും സാമൎത്ഥ്യമുള്ളതു് ഒരു സ്ത്രീക്കായിരുന്നു. ഈ സ്ത്രീയുടെ പേരുപോലും രാജകല്പനയിൽ പ്രസ്താവിക്കപ്പെട്ടിരുന്നു. പ്രധാനമായ അനേകം രാജ്യകാൎയ്യങ്ങൾകൊണ്ടു് നിറഞ്ഞിരുന്ന മഹാരാജാവിന്റെ ഓൎമ്മയിൽ ദൂരെ ദിക്കിലുള്ള ഒരു പണിക്കാരിയുടെ പേരും ഉണ്ടായിരുന്നുവെന്നുള്ളതു വളരെ അതിശയം തന്നെ.

നാട്ടിൽ വ്യവസായങ്ങളെ പ്രബലപ്പെടുത്തുവാൻ അവിടുന്നു ചെയ്ത പ്രയത്നങ്ങൾ സംഖ്യാതീതങ്ങളാകുന്നു. സൎക്കാരിൽനിന്നും ഒരു കരകൌശലശാല സ്ഥാപിച്ചു. തിരുമനസ്സിലെ പ്രോത്സാഹനംകൊണ്ടു് കൊല്ലത്തു ഒരു നെയ്ത്തുശാല ആരം

ഭിച്ചു. കടലാസ്സുണ്ടാക്കുവാനായി പുനലൂർ എന്ന ദിക്കിൽ ഏർപ്പെടുത്തിയ വ്യവസായശാലയും അവിടുത്തെ നിരന്തരമായ പ്രോത്സാഹനത്തിൽനിന്നാണു് ഉത്ഭവിച്ചതു്. തിരുവനന്തപുരം പട്ടണത്തിൽ കോട്ടയ്ക്കകത്തു ഒരിക്കലും വെള്ളം വററാത്ത ഒരു സൂത്രക്കിണറു കുഴിക്കാനും അവിടുന്നു് ഏർപ്പാടുചെയ്തു. ആ ഉദ്യമം സഫലമാകാത്തതു നഗരവാസികളുടെ ഭാഗ്യദോഷമെന്നേ പറവാനുള്ളു. ഇപ്രകാരമുള്ള ഉദ്യമങ്ങൾക്കു് എല്ലാററിനും ഉപരിയായി തിരുനെൽവേലിയിൽനിന്നുംകൊല്ലംവരെ റെയിൽ നടപ്പിൽ വരുത്തുവാനും അവിടുത്തേയ്ക്കു അഗ്രഹമുണ്ടായിരുന്നു. എന്നാൽ [അതുസാധിക്കുവാൻ ഭാഗ്യമുണ്ടായതു് ശ്രീമൂലംതിരുനാൾമഹാരാജാവു് തിരുമനസ്സിലേയ്ക്കാകുന്നു,

വിശാഖം തിരുമനസ്സിലേയ്ക്കു ഇൻഡ്യാ ചക്രവർത്തിനി തിരുമനസ്സുകൊണ്ടു് കേ. ജി. സി. എസ്സ്. ഐ. എന്ന സ്ഥാനം നൽകിയതു അവിടുന്നു രാജ്യഭരണകൃത്യത്തിൽ അദ്വിതീയനായിരുന്നതിനാലാണു്. തിരുമനസ്സിലെ അസാമാന്യമായ പാണ്ഡിത്യത്തെ ആദരിച്ചു് യൂറോപ്പിലുള്ള പല സഭക്കാരും അവിടുത്തേക്കു ബിരുദുകൾ നൽകി. അതു കൂടാതെ ഫ്രാൻസു രാജ്യത്തിലെ ഗവൺമെൻറും തിരുമനസ്സിലേയ്ക്കു "അഫീഷർ ഡിലാ ഇൻസ്ട്രുക്ഷൻ പബ്ളിക്ക്" എന്ന ഉന്നതസ്ഥാനം നൽകി, ഇങ്ങനെ നാൾതോറും കൂടിക്കൂടി വരുന്ന യശസ്സോടും സ്ഥാനമാനങ്ങളോടും കൂടി, അവിടുന്നു രാജ്യഭാരംചെയ്തു.

ഇനി തിരുമനസ്സിലെ ഗൃഹവൃത്തിയെ പററി അല്പം പറയാനുണ്ടു്. അവിടുന്നു് പത്നീസമന്വിതനായി ചിരകാലം സുഖിച്ചു. ഭാഗ്യവാരാന്നിധികളായ ഈ ദമ്പതിമാർക്കു് ഒരു പുത്രനും മൂന്നു പുത്രിമാരും ജനിച്ചു അവരുടെ സന്താനങ്ങളെ ലാളിക്കുകയും അല്ലാത്ത സമയങ്ങളിൽ ഈശ്വരനെ ധ്യാനിക്കു

കയും ചെയ്തുകൊണ്ട് അരുമന അമ്മച്ചി അവർകളും വളരെ കാലം ജീവിച്ചിരുന്നു.

ജ്ഞാനം വർദ്ധിക്കുന്തോറും ഈശ്വരഭക്തിയും അധികമായി തീരുമെന്നുള്ളതിന് വിശാഖം തിരുമനസ്സിലെ ചരിത്രം ഒരു നല്ല ഉദാഹരണമാണ്. ആദ്ധ്യാത്മികമായ വിഷയങ്ങളുടെ സൂക്ഷ്മമായ ഗ്രഹണത്തിന് ധ്യാനം അപരിത്യാജ്യമെന്നു അവിടുന്ന് അറിഞ്ഞു. ഹിന്ദുമതത്തിനു സഹജമായി തീർന്നിരിക്കുന്ന കർമ്മങ്ങൾ അവിടുന്ന് സ്ഥിരോത്സാഹത്തോടും വിശ്വാസത്തോടും കൂടി അനുഷ്ഠിച്ചുവന്നു. അവിടുന്ന് രാജ്യാശ്രമമുനിയാണെന്ന് തന്നത്താൻ കല്പിക്കാറുണ്ടായിരുന്നു. ഒരു മുനിക്ക് ആശ്രമം എങ്ങനെയോ തിരുവിതാംകൂർ രാജ്യം അവിടുത്തെ ഗാഢമായ ശ്രദ്ധയ്ക്കും നിരന്തരമായ പരിശ്രമത്തിനും വിഷയമായിരുന്നു. ഈശ്വരൻ ദീർഘായുസ്സ നൽകുന്നപക്ഷം മുനിവൃത്തിയെ അവലംബിച്ച് ഈശ്വരധ്യാനൈകനിരതനായി വർത്തിക്കണമെന്നും അവിടുന്ന് ആഗ്രഹിച്ചു. എന്നാൽ അതിനു ഭാഗ്യമുണ്ടായില്ല.

൧൮൮൫-ൽ ജൂലൈ മാസത്തിൽ അവസാനത്തെ രോഗം അവിടുത്തെ ബാധിച്ചു. രണ്ടാഴ്ചവട്ടം കഴിയുന്നതിനു മുമ്പ് ബന്ധുജനങ്ങളെയും പ്രജാസമൂഹങ്ങളെയും എല്ലാം ദുഃഖാർണ്ണവത്തിൽ നിമഗ്നരാക്കി അവിടുന്ന് സ്വർഗ്ഗം പ്രാപിക്കുകയും ചെയ്തു. എന്നാൽ അവിടുത്തെ ബുദ്ധിശക്തിയും പാണ്ഡിത്യവും, സന്മാർഗ്ഗനിഷ്ഠയും, വിശാലഹൃദയത്വവും, എല്ലാറ്റിലും ഉപരിയായ പ്രജാവാത്സല്യവും ഒരിക്കലും വിസ്മൃതമായിപ്പോകുന്നതല്ല. യശശ്ശരീരനായ വിശാഖം തിരുനാൾ രാമവർമ്മ മഹാരാജാവു തിരുമനസ്സുകൊണ്ട് തിരുവിതാംകൂർ ചരിത്രത്തിൽ എല്ലാക്കാലത്തും പ്രശോഭിക്കുന്നതാണ്.

---

## ൩. ശ്രീമൂലം തിരുനാൾ മഹാരാജാവു്.

സുപ്രസിദ്ധന്മാരായ അമ്മാവന്മാരുടെ രാജ്യത്തിനും യശസ്സിനും അവകാശിയായ ശ്രീമൂലം തിരുനാൾ തിരുമനസ്സുകൊണ്ടു് ൧൦൩൩ കന്നിമാസം ൧൧-ാംനു അവതരണം ചെയ്തു. അവിടത്തെ മാതാവു് ആയില്യംതിരുമനസ്സിലേയും വിശാഖംതിരുമനസ്സിലേയും സഹോദരിയായ ലക്ഷ്മീഭായി തമ്പുരാട്ടിയും, പിതാവു ചങ്ങനാശ്ശേരി കൊട്ടാരത്തിൽ രാജരാജവൎമ്മ കോയിത്തമ്പുരാനും ആയിരുന്നു. അതിഭാഗ്യവാനായപുത്രനെ പ്രസവിച്ചു സ്വല്പം ദിവസങ്ങൾക്കകം അമ്മ പരലോകപ്രാപ്തയായി. കൊച്ചുതിരുമനസ്സിലെ ബാല്യം ആററിങ്ങൽ മൂത്തതമ്പുരാൻ തിരുമനസ്സിലേയും, ആററിങ്ങൽ ഇളയതമ്പുരാൻ തിരുമനസ്സിലേയും വാത്സല്യപൂൎണ്ണമായ സഹവാസത്താൽ അത്യന്തം സന്തോഷപൂൎണ്ണമായി കഴിഞ്ഞു. തിരുവിതാംകൂർ രാജവംശത്തിലെ കുമാരന്മാൎക്കു ലക്ഷ്മീവിലാസവും സരസ്വതീകടാക്ഷവും ജന്മസിദ്ധങ്ങളായ അവകാശങ്ങളാണല്ലോ. ജ്യേഷ്ഠാനുജന്മാർ കുട്ടിക്കാലത്തുതന്നെ പഠിപ്പിൽ വലുതായ ജാഗ്രത കാണിച്ചു. ആയിടയ്ക്കു മദ്രാസു് ഗവൎണ്ണറായിരുന്ന സർ വില്യം ഡെനിസണും അദ്ദേഹത്തിന്റെ പത്നിയും തിരുവനന്തപുരം സന്ദർശിക്കയുണ്ടായി. സായ്പിനും മദാമ്മയ്ക്കും രാജകുമാരന്മാരോടു വളരെ കൌതുകം തോന്നി. ശ്രീമൂലം തിരുനാൾ തിരുമനസ്സുകൊണ്ടു് അക്കാലത്തു ചൊടിയും ബുദ്ധിയും ഉള്ള പ്രസന്നവദനനായ ഒരു ബാലൻ ആയിരുന്നുവെന്നു മദാമ്മ പ്രസ്താവിച്ചിരിക്കുന്നു. ഗവൎണ്ണരെ കാണ്മാൻ ചെന്നപ്പോൾ അവിടുന്നു ശുഭ്രവസ്ത്രങ്ങളാണു് ധരിച്ചിരുന്നതത്രെ. ആ ശുഭ്രവസ്ത്രം അവിടത്തെ മനോഗുണത്തിന്റെയും ഭാവി യശസ്സിന്റെയും ഉത്തമലക്ഷ്യം ആയിരുന്നു.

മലയാളവും സംസ്കൃതവും അവിടുന്നു വളരെ ഭംഗിയായി പഠിച്ചു. തമിഴ്, തെലുങ്ക്, ഹിന്ദുസ്ഥാനി എന്നീ ഭാഷകളിലും തിരുമനസ്സിലേയ്ക്കു സാമാന്യപരിചയം ഉണ്ടായി. കാളേജിൽ പ്രധാനാദ്ധ്യാപകനായിരുന്ന പ്രസിദ്ധപണ്ഡിതനായ മിസ്റ്റർ റാസ്സിന്റെ മേൽനോട്ടത്തിൽ മിസ്റ്റർ രഘുനാഥരായർ ചെയ്ത പരിശ്രമം തിരുമനസ്സിലേക്കു ഇംഗ്ലീഷിലുണ്ടായിരുന്ന പ്രതിപത്തിയെ ദൃഢതരമാക്കി അവിടത്തെ വിജ്ഞാനത്തെ വിശാലമാക്കിത്തീർത്തു. ദിവാൻജിയായിരുന്ന മാധവരായരും കൊച്ചുതമ്പുരാന്റെ പഠിത്ത വിഷയത്തിൽ അത്യന്തം ശ്രദ്ധാലുവായിരുന്നു. തിരുമനസ്സിലെ ധിഷണാശക്തി ആ രാജ്യകാര്യപടുവായ പണ്ഡിതവൃദ്ധന്നു വളരെ സന്തോഷം നൽകി. കായികങ്ങളായ വ്യായാമങ്ങളും വിശേഷിച്ചു കുതിരസ്സവാരിയും അവിടത്തേയ്ക്കു വളരെ സന്തോഷമായിരുന്നു. പതിനേഴു തിരുവയസ്സുവരെ രഘുനാഥരായർ തിരുമനസ്സിലെ പഠിപ്പിച്ചു. വിശാഖം തിരുമനസ്സുകൊണ്ടു ഭാഗിനേയന്റെ പഠിപ്പു തൃപ്തികരമാകുന്നുണ്ടോ എന്നു കൂടക്കൂടെ പരീക്ഷിക്കാറുണ്ടായിരുന്നു. തിരുമനസ്സിലേയ്ക്കു യൌവനം വന്നു തുടങ്ങിയതോടുകൂടി പഠിപ്പിന്റെ വ്യാപ്തിയും വർദ്ധിച്ചു. ധനശാസ്ത്രം, രാജ്യകാര്യമീമാംസാതത്വജ്ഞാനം, ചരിത്രം, മഹാന്മാരുടെ ജീവിതവൃത്താന്തം, നിയമനിർമ്മാണത്തിന്റെ മൂലതത്വങ്ങൾ എന്നിങ്ങനെ വിശാലങ്ങളായ പലപല വിഷയങ്ങളും പഠിത്തവിഷയപ്പട്ടികയിൽ ഉൾപ്പെട്ടു. അങ്ങിനെയുള്ള ഉത്തമപദ്ധതി നിശ്ചയിച്ചതു സർ, മാധവരായർ തന്നെയായിരുന്നു. ഈ വിഷയത്തിൽ മാധവരായരുടെ ഭാഗ്യം അനന്യസാധാരണമാകുന്നു. തിരുവിതാംകൂറിലെ മൂന്നു മഹാരാജാക്കന്മാരും ബറോഡായിലെ ഇപ്പോഴ

ത്തെ മഹാരാജാവു തിരുമനസ്സുകൊണ്ടും അദ്ദേഹത്തിന്റെ ശിഷ്യസമ്പത്തിൽ പെട്ടവരാണ്.

കുറേക്കാലം കഴിഞ്ഞപ്പോൾ രഘുനാഥരായർക്ക് ജില്ലാജഡ്ജിഉദ്യോഗം ലഭിച്ചു. തിരുമനസ്സുകൊണ്ടു പിന്നീടു വിദ്യാസമ്പാദനത്തിൽ സ്വയം പരിശ്രമിച്ചുവന്നു. പന്തുകളിമുതലായ വ്യായാമങ്ങളിലും അവിടത്തേക്ക് ഒന്നിനൊന്നിനു കൂടുതൽതാല്പര്യമുണ്ടായി. അദ്ധ്യാപകന്മാരോടും കൂടെപ്പഠിക്കുന്ന കുട്ടികളോടും മററുമുള്ള പെരുമാററം കൊണ്ടാണ് വിദ്യാർത്ഥികൾക്കു ഹൃദയവികാസം വരുന്നതു്. രാജകുടുംബത്തിലെ അംഗങ്ങൾക്ക് അങ്ങിനെയുള്ള സഹവാസത്തിനു നിവൃത്തിയില്ലല്ലോ. അതുകൊണ്ടു് അന്യദേശങ്ങളിൽ സഞ്ചരിക്കുന്നതും അവിടങ്ങളിലുള്ള ജീവിതക്രമം മുതലായതു കണ്ടു് മനസ്സിലാക്കുന്നതും രാജാക്കന്മാരുടെ വിദ്യാഭ്യാസത്തിൽ വിശേഷിച്ചും ആവശ്യമാകുന്നു. ൧൦൮൦-ാമാണ്ടു് അവിടുന്നു മദ്രാസിലേയ്ക്കു എഴുന്നള്ളി. അവിടത്തെ സംഭാഷണചാതുര്യവും വിനയത്തോടുകൂടിയ ഗൌരവസ്വഭാവവും ബുദ്ധിശക്തിയും ജീവിതക്രമവും ഗവർണ്ണർക്കും മററും വളരെ സന്തോഷം നൽകി. നേപ്പിയർ പ്രഭുവിനു് അന്നുമുതൽ തിരുമനസ്സിലെ നേർക്കു് സാധാരണയിൽ കവിഞ്ഞ പ്രതിപത്തിയുണ്ടാകയും ചെയ്തു. ഉന്നതപദവിയിൽ ഇരുന്ന പല നാട്ടുകാരും അവിടത്തോടു സ്നേഹമായി. അപ്രകാരമുള്ള സൗഹാർദ്ദത്തോടുകൂടി തിരുമനസ്സുകൊണ്ടു തിരിച്ചു എഴുന്നള്ളി ജ്ഞാനസമ്പാദനത്തിൽ പരിശ്രമിച്ചുവന്നു. ഉത്തമങ്ങളായ വർത്തമാനപ്പത്രങ്ങൾ വായിച്ചു് ലോകഗതി മനസ്സിലാക്കുന്നതിലും അവിടത്തേക്കു പ്രത്യേക താല്പര്യമുണ്ടായിരുന്നു.

വിശാഖം തിരുനാൾ തിരുമനസ്സിലേയ്ക്കു മൂപ്പു കിട്ടിയപ്പോൾ അവിടത്തേയ്ക്കു യുവരാജസ്ഥാനം ലഭിച്ചു. മഹാരാജാ

വു കിരീടം ധരിച്ച അവസരത്തിൽ യുവരാജസ്ഥാനത്തിന്റെ ലക്ഷ്യമായ കിന്നരിത്തൊപ്പി പ്രിയഭാഗിനേയന്റെ ശിരസ്സിൽ തൃക്കൈകൊണ്ടുതന്നെ ചാർത്തി. അതുവരെ ശാസ്ത്രസാഹിത്യാദികളിൽകൂടി പ്രവേശിച്ചുകൊണ്ടിരുന്ന അവിടത്തെ ബുദ്ധിക്കും ശ്രദ്ധയ്ക്കും രാജ്യകാൎയ്യങ്ങളും വിഷയീഭവിച്ചുതീൎന്നു.

ആയില്യം മഹാരാജാവു തിരുമനസ്സിലെ ഭരണത്തിന്റെ അവസാനദശയിൽ ഉണ്ടായ ന്യൂനതകൾ പരിഹരിക്കാനായി മഹാരാജാവു ചെയ്തുകൊണ്ടിരുന്ന ഭേദഗതികൾ യുവരാജാവു സശ്രദ്ധം മനസ്സിലാക്കി. രാജ്യത്തിന്റെ നാനാഭാഗങ്ങളിലും സഞ്ചരിച്ചു പ്രജാസമൂഹങ്ങളുടെ സ്ഥിതിവിശേഷങ്ങൾകണ്ടു മനസ്സിലാക്കുവാൻ അവിടത്തേയ്ക്കു വളരെ കൌതുകമുണ്ടായി. അചിരേണ അവിടന്നു ബംഗളൂൎക്കും മദ്രാസിലും എഴുന്നള്ളി. ബ്രിട്ടീഷ് മലയാളത്തെയും സന്ദൎശിച്ചു.

ശ്രീമൂലംതിരുനാൾ തിരുമനസ്സിലെ ചുമതലകൾ വൎദ്ധിക്കാനുള്ള കാലം അടുത്തു. അവിടുത്തെ പ്രിയമാതുലന്റെ കാൎയ്യക്ഷമമായ രാജ്യഭാരം അഞ്ചു സംവത്സരംകൊണ്ടു അവസാനിച്ചു. ഹിന്ദുമതവിധികളും നാട്ടുനടപ്പും അനുസരിച്ചുള്ള അശൌചാദികളും ബലികൎമ്മങ്ങളുമെല്ലാംഭക്തിപ്രവൃത്തനായ ഭാഗിനേയൻ ഏററവും നിഷ്ഠയോടുകൂടി നടത്തി. കിരീടധാരണത്തിനുള്ള അവസരവും സന്നിഹിതമായി. റസിഡന്റു മുതലായ അനേകം യൂറോപ്യന്മാരാലും ഉന്നതസ്ഥാനത്തിലുള്ള ഉദ്യോഗസ്ഥന്മാരാലും സൽകുലജാതന്മാരും സമ്പന്നന്മാരും ആയ പ്രഭുക്കന്മാരാലും പരിപുഷ്ടമായിരുന്ന ആ മഹാസദസ്സിൽ വച്ചു സാക്ഷാൽ കുലശേഖരപ്പെരുമാൾ ഇപ്രകാരം അരുളിച്ചെയ്തു.

'ഇരുപത്തിഎട്ടുവയസ്സുമാത്രംപ്രായമുള്ള ഞാൻ രാജ്യഭാരത്തിൻെറ ചുമതലകൾ ഇത്രവേഗം വഹിക്കേണ്ടിവരുമെന്നു വിചാരിച്ചില്ല. മഹാന്മാരായ പൂർവികന്മാരുടെ സ്ഥാനത്തിനു ഒരു പ്രകാരത്തിലും യോഗ്യനല്ല. വിശേഷിച്ചും എൻെറ പ്രിയമാതുലന്മാരുടെ ഭരണകുശലതയാൽ സർവതോമുഖമായ പ്രാധാന്യത്തെ പ്രാപിച്ചിരിക്കുന്ന ഈ രാജ്യത്തെ ഭരിക്കാനുള്ള സാമർത്ഥ്യവും മററുയോഗ്യതകളും എനിക്കില്ലെന്നും എൻെറ മനസ്സിൽ സ്പഷ്ടമായി പതിഞ്ഞിട്ടും ഉണ്ടു്. എന്നാൽ എൻെറ യോഗ്യത എത്രതന്നെ കുറഞ്ഞിരുന്നാലും പരിതഃസ്ഥിതികൾ എനിക്കു വളരെ ധൈൎയ്യം നൽകുന്നുണ്ടു്. എനിക്കു് ഉന്മേഷം തരുന്ന പല കാൎയ്യങ്ങളും ഞാൻ കാണുന്നു. അതു സർവേശ്വരൻെറ സഹായത്താലാണു് സിദ്ധിച്ചിട്ടുള്ളതെന്നു ഞാൻ നല്ലപോലെ അറിയുകയും ചെയ്യുന്നുണ്ടു്. മഹാശയന്മാരായപൂർവികന്മാരാൽപരിപാലിക്കപ്പെട്ടതായ ഈ രാജ്യം ശുഭോദർക്കവും ഐശ്വൎയ്യസമൃദ്ധവും ആയ ഒരു പന്ഥാവിൽ എത്തിക്കഴിഞ്ഞിരിക്കുന്നു. ഇപ്പോഴത്തെ കാലം രാജ്യചരിത്രത്തിൽ അത്ഭുതപൂർവമായ ഒരു ഘട്ടമാണു്. ഭണ്ഡാരത്തിൻെറ സ്ഥിതി അത്യന്തം തൃപ്തികരമാണു്. ഭാവികാലത്തു ഉപരിയായ ഐശ്വൎയ്യമുണ്ടാകാനുള്ള അടിസ്ഥാനങ്ങൾ ഉറച്ചു കഴിഞ്ഞിരിക്കുന്നു. ആ അടിസ്ഥാനങ്ങളിന്മേൽ പ്രജാക്ഷേമത്തിനുള്ള വ്യവസ്ഥകൾ ഉറപ്പിക്കുക മാത്രമേ ഞാൻ ചെയ്യേണ്ടതായിട്ടുള്ളു. നമ്മുടെ രാജധാനിയിൽ ബ്രിട്ടീഷു ഗവണ്മെൻറിൻെറ പ്രതിനിധിയായി താമസിക്കുന്ന റസിഡൻറിൻെറ സൌഹാൎദ്ദവും സഹായവും നമുക്കു സദാ ലഭിക്കുമെന്നുള്ളതു എത്രയും ആശ്വാസജനകം തന്നെ. നമ്മുടെ വംശവും ബ്രിട്ടീഷ്സാമ്രാജ്യവും തമ്മിൽ ഉണ്ടായിട്ടുള്ള സഖ്യവും അവിടെ

നിന്നും ഇങ്ങോട്ടുള്ള സഹായങ്ങളും ആചന്ദ്രതാരം നിലനില്ക്കുന്നതും ആ മേൽകോയ്മയുടെ നേർക്ക് നമ്മുടെ വംശം എന്നന്നേയ്ക്കും സ്നേഹമായും വിശ്വാസമായും പെരുമാറുന്നതും ആണ്. പ്രിയമാതുലന്റെ വിലയേറിയതും പ്രജാക്ഷേമസാധകവും ആയ ജീവിതത്തെ ഇത്ര വേഗത്തിൽ അവസാനിപ്പിച്ച സർവ്വശക്തനായ ജഗദീശ്വരന്റെ നിശ്ചയംപോലെയല്ലാതെ ഒരു കാര്യവും നടക്കുകയില്ലെന്നു നമുക്കു നല്ലപോലെ അറിയാവുന്നതാണ്. അന്ധകാരങ്ങൾ എല്ലാം ആ സർവ്വശക്തൻ തെളിക്കും. താങ്ങി ഖേദപ്പെട്ടതാണുള്ളതെല്ലാം ലോകനിയന്താവു താങ്ങിക്കൊള്ളും. ആ പരമകാരുണികൻ ഈ ഭക്തന്റെ കർത്തവ്യങ്ങൾ ശരിയായി നടത്തുവാൻ വഴികാണിക്കണേ. ൨൫ ലക്ഷം പ്രജകളുള്ള ഈ രാജ്യത്തിനു ശ്രുതിയും ഖ്യാതിയും ഉണ്ടാകത്തക്കവണ്ണം രാജ്യഭാരം ചെയ്യാൻ അനുഗ്രഹിക്കേണമേ."

അന്നേ ദിവസം തന്നെ തിരുമനസ്സുകൊണ്ട് മൂന്നു നീട്ടുകൾ തുല്യം ചാർത്തി. അവയിൽ ഒന്നു മൂന്നരലക്ഷത്തിൽപ്പരം ഉറുപ്പികയോളം കണക്കാക്കിയിരുന്ന കരക്കുടിശ്ശികകളെ ഇളച്ചുകൊടുക്കുന്ന രാജശാസനമായിരുന്നു. ശുദ്ധജലം കിട്ടാൻ പ്രയാസമുള്ള ദിക്കുകളിൽ കിണറുകൾ കുഴിപ്പിക്കാനും നന്നാക്കാനുമായിട്ടു പ്രതിവർഷം 1500 ഉറുപ്പിക അനുവദിച്ചതു് ഏർപ്പെടുത്തുവാനായിരുന്നു രണ്ടാമത്തെ നീട്ട്. ക്ഷേത്രങ്ങളും ധർമ്മസ്ഥാപനങ്ങളും അററകുററങ്ങൾ കൂടാതെ പരിപാലിക്കാനുള്ള വ്യവസ്ഥയായിരുന്നു മൂന്നാമത്തെ ശാസനം. തിരുമനസ്സിലെ സിംഹാസനാരോഹണം പ്രജാസമൂഹങ്ങൾക്കു അത്യന്തം ആനന്ദകരമായിത്തീർന്നു. അവിടത്തെ രാജ്യഭരണം അതിദീർഘവും ജനക്ഷേമത്തിനു പര്യാപ്തവും ആയിത്തീരുമെന്നു മദ്രാസ് ഗവർണ്ണരായ സർ, എം. ഇ. ഗ്രാൻറ്ഡഫ് ആശംസിച്ചു്

എഴുതി അയച്ചു. ഗവൎണ്ണരുടെ ഈ ആശംസ അക്ഷരംപ്രതി ഫലവത്തായിത്തീൎന്നുവെന്നുള്ളതിനു രണ്ടുപക്ഷമില്ല. തിരുമനസ്സുകൊണ്ടു നാല്പതു സംവത്സരക്കാലം രാജ്യഭാരംചെയ്തു. അവിടത്തെ കരുണാവിശേഷവും രാജ്യകാൎയ്യപ്രവീണതയും സുപ്രസിദ്ധമായിത്തീൎന്നിട്ടുണ്ടു്.

തിരുമനസ്സിലെ ദിനചൎയ്യാക്രമം തന്നെ പരിശ്രമത്തിനും മിതഭോഗത്തിനും ആദൎശമായിരുന്നു. അതിരാവിലെ എണീററു ദേഹശുദ്ധി മുതലായതു കഴിച്ചയുടനെ മുഖം കാണിക്കാനുള്ള സമയമായി. വന്നിട്ടുള്ളവർ വലുതെന്നും ചെറുതെന്നും ഉള്ള വ്യത്യാസങ്ങൾ തിരുമനസ്സിലേയ്ക്കുണ്ടായിരുന്നില്ല. അധികനേരം കാത്തുനില്ക്കേണ്ട ആവശ്യവും ആൎക്കും ഉണ്ടായില്ല. ആരെങ്കിലും മുഖം കാണിക്കാൻ വന്നിട്ടുണ്ടെന്നു് അകത്തറിയിച്ചാൽ ഉടൻ തന്നെവിളിക്കാൻ കല്പിക്കും. അവരവൎക്കു യോജിച്ചമാതിരിയിലും എന്നാൽ എല്ലാവരോടും കാരുണ്യാതിരേകത്തോടുംകൂടിസംഭാഷണം ചെയ്വാൻ തിരുമനസ്സിലേയ്ക്കുണ്ടായിരുന്ന പാടവം കേവലം നിസ്തുല്യംതന്നെ. കല്പിച്ചു് അറിയാത്ത കാൎയ്യങ്ങളും വൎത്തമാനങ്ങളും എത്രയും അപൂൎവമായിരുന്നു. വലിയ ഉദ്യോഗമോ മററു പ്രഭുത്വമോ ഇല്ലാത്ത സാധാരണന്മാരുടെ ഗൃഹകാൎയ്യങ്ങൾപോലും അവിടുന്നു് സൂക്ഷ്മമായി ഗ്രഹിച്ചു. തിരുമനസ്സുകൊണ്ടു് വളരെ ദയയായിട്ടല്ലാതെ ആരോടും കല്പിക്കുമാറില്ല. എന്നാൽ എന്തുകൊണ്ടെന്നു് അറിവാൻ പാടില്ലാത്ത ഒരു ഗൌരവം സാക്ഷാൽ കുലശേഖരപ്പെരുമാളുടെസന്നിധാനത്തിന്റെ വിശേഷഗുണമായിരുന്നു. തിരുമനസ്സിലെ മുഖം കാണിക്കാൻ പോകുന്നവരെല്ലാം സന്തോഷപുളകിതാംഗന്മാരായി പൂൎവാധികമായ രാജഭക്തിയോടുകൂടിയല്ലാതെ തിരുമുമ്പിൽ നിന്നും പോന്നിട്ടില്ല.

തിരുമനസ്സിലെ രാജ്യഭാരം തുടങ്ങുന്ന കാലത്തു ദിവാൻപദത്തെ അലങ്കരിച്ചിരുന്നതു് വിഖ്യാതനായ രാമയ്യങ്കാരായിരുന്നു. വളരെക്കാലം ബ്രിട്ടീഷ് സൎവീസിൽ ഇരുന്നു സമൎത്ഥനായിത്തീൎന്നശേഷം മഹാനായശ്രീവിശാഖം തിരുമനസ്സിലെ സഹകരണത്തോടും സഹായത്തോടും കൂടി ഭരണകൃത്യങ്ങൾ അതിഭംഗിയായി നടത്തിവന്ന മന്ത്രിപുംഗവൻ തന്റെ കൃത്യങ്ങൾ എല്ലാം സശ്രദ്ധം നിർവഹിച്ചു. ഒരു രാജ്യത്തിന്റെ പുഷ്ടി കൃഷിക്കാരെയാണല്ലോ ആശ്രയിച്ചിരിക്കുന്നതു്. അവർ നല്ലനിലയിൽ ഇരുന്നില്ലെങ്കിൽ രാജ്യഭണ്ഡാരം ഒരിക്കലും നിറയുന്നതല്ല. വസ്തുക്കളിൽ അധികമായ കരം ചുമത്തുന്നതായാൽ ജനങ്ങളുടെ പരിശ്രമശീലം നശിച്ചു് അവർ വെറും മടിയന്മാരായി നിരാശപ്പെടും. അതുകൊണ്ടു് സൂൎയ്യദേവൻ ആവഹിക്കുന്ന ജലകണങ്ങൾ മേഘമായിത്തീൎന്നു് എങ്ങിനെ മഴയായി വീണ്ടും ഭൂമിയിൽവീണു് സസ്യാദികളെ പോഷിപ്പിക്കുന്നോ അതേപ്രകാരംതന്നെ ജനങ്ങളുടെ പക്കൽ നിന്നും പിരിക്കുന്ന നികുതികൾ തിരിച്ചു അവരുടെ ഗുണത്തിനായി ഉപയോഗിക്കേണ്ടതാണു്. കൂടുതൽ ആദായമുള്ള വസ്തുക്കൾക്കു കൂടുതൽ കരവും ആദായം കുറവുള്ള നിലം പുരയിടങ്ങൾക്കു കുറഞ്ഞകരവും നിശ്ചയിക്കണമെന്നായിരുന്നു സൎക്കാരിന്റെ ഉദ്ദേശം. അങ്ങിനെ വസ്തുക്കൾ തരംതിരിച്ചു കരം നിശ്ചയിക്കാനും മററുമായിട്ടാണു് കണ്ടെഴുത്തു ഡിപ്പാൎട്ടുമെന്റും സൎവേ ഡിപ്പാൎട്ടുമെന്റും സ്ഥാപിക്കപ്പെട്ടിരുന്നതു്. സൎവേ ഡിപ്പാൎട്ടുമെന്റിൽ നിന്നും വസ്തുക്കൾ അളന്നു അതിൎത്തികൾ നിൎണ്ണയിക്കയാൽ കുടിയാനവന്മാരും സൎക്കാരുമായി ആ വിഷയത്തിൽ തൎക്കങ്ങൾക്കുറഞ്ഞു. ജനങ്ങൾ തമ്മിലുള്ള തൎക്കവും മുമ്പിലത്തേതിൽ കുറവായിത്തീൎന്നു. എന്നാൽ വിരുത്തി ഏൎപ്പ്

ട്ടുകൊണ്ടു കൃഷിക്കാർക്കു വളരെ വൈഷമ്യങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. മുൻകാലങ്ങളിൽ സർക്കാരിലേയ്ക്കു വേണ്ട ചില പ്രവൃത്തികൾ ചെയ്യുന്ന ആളുകൾക്കു് അവരുടെ ജോലിയ്ക്കു പ്രതിഫലമായി നിലങ്ങളും പുരയിടങ്ങളും വിട്ടു കൊടുത്തിട്ടുണ്ടായിരുന്നു. എന്നാൽ കാലക്രമത്താൽ ആ വ്യവസ്ഥ ഇരുകക്ഷികൾക്കും വളരെ അസൌകര്യത്തിനു് ഇടയായിത്തീർന്നു. വിരുത്തി ഏർപ്പാടിന്റെ വൈഷമ്യങ്ങൾ അചിരേണ ഇല്ലാതാക്കി.

രാജാക്കന്മാരുടെ ഭരണനൈപുണ്യവും പ്രസിദ്ധിയും ഏറെക്കുറെ അവരുടെ മന്ത്രിമാരുടെ സാമർത്ഥ്യത്തെയും ആശ്രയിച്ചിരിക്കുന്നു. രാജ്യം വെട്ടിപ്പിടിച്ചു ശ്രീപത്മനാഭസ്വാമിയ്ക്കായി സമർപ്പിച്ച മാർത്താണ്ഡവർമ്മ മഹാരാജാവിനു രാമയ്യൻ ദളവയുടെ സ്വാമിഭക്തിയും ഭരണകുശലതയും സഹായമായിരുന്നു. ടിപ്പുസുൽത്താന്റെ പടഹധ്വനിയെ ഗണിക്കാതെ രാജ്യത്തെ പരിപാലിച്ചു് ബ്രിട്ടീഷുകാരുടെ ബന്ധുത്വത്തെ ഉറപ്പിച്ച കാർത്തികതിരുനാൾ മഹാരാജാവിന്റെ വലതുകൈയായി രാജാ കേശവദാസൻ വിളങ്ങി. ആയില്യംതിരുനാൾ തിരുമനസ്സിലേയ്ക്കു മാധവരായരും, ശേഷയ്യാശാസ്ത്രിയും ദിവാൻജിമാരായിരുന്നു. ശ്രീവിശാഖംതിരുനാൾ മഹാരാജാവിന്റെ ഭരണപാടവത്തിനു രാമയ്യങ്കാരുടെ ഉപദേശസഹകരണങ്ങൾ പ്രയോജകീഭവിച്ചു. എന്നാൽ ശ്രീമൂലം തിരുനാൾ മഹാരാജാവു് തിരുമനസ്സിലെ ദീർഘമായ രാജ്യഭാരകാലത്തു അതിസമർത്ഥന്മാരായ അനേകം മന്ത്രിവര്യന്മാർ അവിടത്തെ കല്പനകൾ ശിരസാവഹിച്ചു രാജ്യകാര്യങ്ങൾ നിർവ്വഹിച്ചു. രാമരായർ, ശങ്കരസുബ്ബയ്യർ, കൃഷ്ണസ്വാമിരായർ, വി. പി. മാധവരായർ, ഗോപാലാചാരി, രാജഗോപാലാചാരി, കൃഷ്ണൻനായർ, രാഘവയ്യാ എന്നീ മന്ത്രിമാർ രാജഭക്തിക്കും ഭരണസാമർത്ഥ്യത്തിനും കേൾവികേട്ടവരാണു്.

ഗുണദോഷങ്ങൾ സമ്മിശ്രമായിട്ടല്ലാതെ ഒരു മനുഷ്യനിലും കാണുകയില്ല. എന്നാൽ ഗുണം ദോഷത്തെക്കാൾ കൂടുതലാകുമ്പോളാണു് ഒരാളെ മഹാൻ എന്നു വ്യവഹരിക്കുന്നതു്. തിരുമനസ്സിലെ കണിശവും കാൎയ്യശക്തിയും രാജ്യാഭിമാനവും പ്രജാസമൂഹങ്ങളോടുള്ള വാത്സല്യവും എല്ലാ മന്ത്രിമാരും സമ്മതിച്ചിട്ടുള്ളതാണു്. ദിവാൻജിമാരെ യഥായോഗ്യം ബഹുമാനിക്കുവാൻ അവിടുന്നു സദാ ജാഗരൂകനായിരുന്നു. അവിശ്വാസമോ, മുഷിച്ചിലോ തിരുമനസ്സിലേയ്ക്കു ആരോടും ഉണ്ടായിരുന്നില്ല. എങ്കിലും അവിടത്തെ സൂക്ഷ്മജ്ഞാനവും കാൎയ്യപരിചയവും കൃത്യനിഷ്ഠയും അവൎക്കു എല്ലാപ്പോഴും ശങ്കയുണ്ടാക്കിത്തീൎത്തു. ചില ദിവാൻജിമാർ റിപ്പോൎട്ടുസമയത്തു തിരുമനസ്സിലെ ചോദ്യങ്ങൾക്കു ശരിയായ മറുപടി പറവാൻ നിവൃത്തിയില്ലാതെ കുഴങ്ങാറുണ്ടായിരുന്നു. അവർ എല്ലാപ്പോഴും മഹാരാജാവിനെ കാണപ്പെട്ട ദൈവമായിട്ടാണു് വിചാരിച്ചുവന്നതു്. അതുപോലെതന്നെ സമൎത്ഥന്മാരായ അനേകം ബ്രിട്ടീഷ് റസിഡന്റന്മാരും അവിടത്തെ ഭരണസാമൎത്ഥ്യത്തെക്കുറിച്ചു മനഃപൂൎവ്വം പ്രശംസിച്ചിട്ടുണ്ടു്. ഗവൎണ്ണറന്മാരും വൈസ്രായിമാരും ആദ്യാവസാനം തിരുമനസ്സിലെ ബഹുമാനിച്ചുവന്നു.

തിരുവിതാംകൂർരാജ്യം ഇന്നു ഭാരതഖണ്ഡത്തിലെ ഏതദ്ദേശീയരാജ്യങ്ങളുടെ മുന്നണിയിലാണു് സ്ഥിതിചെയ്യുന്നതെന്നുള്ളതിൽ രണ്ടുപക്ഷമുണ്ടാവാൻ തരമില്ല. ഇവിടത്തെ ഭരണസമ്പ്രദായം ഗുണപൌഷ്കല്യത്താൽ പരിപൂൎണ്ണമെന്നോ ഇനിയാതൊരു പരിഷ്കാരത്തിനും നിവൃത്തിയില്ലെന്നോ പറയുന്നില്ല. ഗവൺമെന്റു് എന്നതു മനുഷ്യനിൎമ്മിതമായ ഒരു മഹാസ്ഥാപനമാകുന്നു. ആ സ്ഥിതിക്കു എല്ലാ രാജ്യങ്ങളിലും കുറവും കുററവും ഉണ്ടായിരിക്കും. എന്നാൽ നീതിയായും ന്യായ

മായും പെരുമാറുന്ന രാജവംശങ്ങളുടെ ഇടയിൽ തിരുവിതാംകൂർ രാജവംശത്തിനു എല്ലാംകൊണ്ടും ഉൽകൃഷ്ടസ്ഥാനം സിദ്ധിച്ചിരിക്കുന്നു. അങ്ങിനെയുള്ള മഹിമ ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ ഭരണദശയിൽ അനുസ്യൂതമായി പ്രശോഭിച്ചു.

ദിവാൻ രാമയ്യങ്കാർ ൧൦൭൦-ാമാണ്ടു ഉദ്യോഗം രാജിവെച്ചു മദ്രാസിനുപോയി. ആ ഒഴിവിൽ ദിവാൻജിയായി നിയമിക്കപ്പെട്ടതു സീനിയർ ദിവാൻപേഷ്കാരായിരുന്ന രാമരായർ ആയിരുന്നു. ഗുണവാനായ അദ്ദേഹം പേഷ്കാരായിരിക്കുമ്പോൾ തന്നെ റോഡുകളും തോടുകളും കൃഷിക്കുപയോഗമുള്ള മരാമത്തുകളും ഉണ്ടാക്കുന്നതിൽ ശ്രദ്ധകാണിച്ചിട്ടുണ്ടു്. വമ്പന്മാരുടെ പിന്നിലായി വരുന്നതു പ്രസിദ്ധിക്കു ബാധകമായിത്തീരാറുണ്ടു്. രാമരായർ ജനഹിതൈകതല്പരനായിരുന്നുവെന്നുള്ളതിനു നിയമസഭയുടെ സ്ഥാപനം തന്നെ ഉത്തമമായ തെളിവാകുന്നു. രാജ്യഭരണം ശരിയായി നടക്കുന്നതു നിയമങ്ങളുടെ ഗുണം കൊണ്ടാണല്ലൊ. പൂർവാചാരങ്ങൾ എത്രതന്നെ നല്ലതായിരുന്നാലും കാലാനുകൂലങ്ങളായ പരിഷ്ക്കാരങ്ങൾ കൂടാതെ ഭരണകൃത്യം നടത്താൻ നിവൃത്തിയില്ല. സർക്കാർ ഉദ്യോഗസ്ഥന്മാർ തമ്മിൽ ആലോചിച്ചു നടപ്പിൽ വരുത്തുന്ന വ്യവസ്ഥകൾ എല്ലായ്പോഴും ശരിയാണെന്നു വരുന്നതല്ലല്ലോ. നേരേമറിച്ചു പൊതുജനപ്രതിനിധികളുടെ ആലോചന സർക്കാരിലേയ്ക്കും ഗുണകരമായി വരുന്നതുമാണു്. അതുകൊണ്ടു് നിയമസഭ സ്ഥാപിക്കണമെന്നു മഹാരാജാവിനും ദിവാൻജിയ്ക്കും താല്പര്യമുണ്ടായതു് ഏററവും ഉചിതമായെന്നു തന്നെ പറയേണ്ടിയിരിക്കുന്നു. നിയമസഭ സ്ഥാപിച്ചതു് ൧൦൭൩-ാമാണ്ടു മീനമാസത്തിലായിരുന്നു. അന്നു് സഭയിൽ ആകെ എട്ടു സാമാജിക

ന്മാരേ ഉണ്ടായിരുന്നൊള്ളൂ. അതിൽ ൬ പേർ ഉദ്യോഗസ്ഥ
ന്മാരും ൨ പേർ അനുദ്യോഗസ്ഥന്മാരും ആയിരുന്നു. സഭായോ
ഗത്തിൽ അദ്ധ്യക്ഷൻ ദിവാൻജിതന്നെ ആയിരുന്നു. നിയമ
സംബന്ധമായി സഭയിൽ അംഗീകരിക്കപ്പെടുന്ന പ്രമേയങ്ങൾ
കൊട്ടാരത്തിൽ അറിയിക്കുകയും തിരുമനസ്സുകൊണ്ടു കല്പിച്ചനു
വദിച്ചാൽ അതു നിയമമായിത്തീരുകയും ചെയ്തു. നിയമസഭ
യുടെ ആദ്യത്തെ യോഗം കൂടിയതു ൧൦൬൪ ചിങ്ങമാസത്തിൽ
ആയിരുന്നു.

രാമരായരുടെ ഉദ്യോഗകാലത്തു ജനങ്ങൾക്കു സമാധാന
വും ശ്രേയസ്സും വൎദ്ധിച്ചു. ഉപദ്രവകരങ്ങളായ പല തീരുവ
കൾ നിറുത്തി. കരക്കുടിശ്ശികകൾ പലതും ഇളച്ചുകൊടുത്തു.
വെറും ഓലയിൽ എഴുതുന്ന പ്രമാണങ്ങൾ കോടതികളിൽ തെ
ളിവിനായി ഹാജരാക്കുമ്പോൾ സൎക്കാരിൽനിന്നും ഈടാക്കിവന്ന
അക്രമമായ പ്രായശ്ചിത്തം നിറുത്തൽചെയ്തു. അടിയറകൾ
കുറച്ചു. കുടിയാനവന്മാർ നിസ്സന്തതിയായി മരിച്ചുപോയാൽ
ആ അവകാശം സൎക്കാരിൽനിന്നും കരസ്ഥമാക്കി വസ്തുക്കൾ
പണ്ടാരപ്പാട്ടമായി പതിച്ചുകൊടുക്കുന്ന പതിവിനെ നിറുത്തി.
ജന്മിമാൎക്കു തന്നിമിത്തം ഉണ്ടായിക്കൊണ്ടിരുന്ന നഷ്ടങ്ങൾ
ഇല്ലാതാക്കി. നെൽക്കരത്തിന്റെ ഉപദ്രവം കുറയ്ക്കാൻ വേണ്ട
വ്യവസ്ഥചെയ്തു. കായലുകൾ നികത്തി കൃഷിചെയ്യുന്നവൎക്കു
അഞ്ചു സംവത്സരം കരം കൊടുക്കേണ്ടതില്ലെന്നും അഞ്ചുവൎഷം
കഴിഞ്ഞാൽ ഏക്കർ ഒന്നിനു് പത്തുപണം വീതം വസൂലാക്കി
യാൽ മതിയെന്നും തീരുമാനിച്ചു. കൎശനങ്ങളായ കരങ്ങൾ
ജനസാമാന്യത്തിനു ദുസ്സഹമാണെന്നും ആഹാരാദികൾക്കു്
ഉപയോഗമുള്ള സസ്യധാന്യാദികൾ നട്ടുണ്ടാക്കുവാൻ പ്രജക
ളെ ഉത്സാഹിപ്പിക്കേണ്ടതു ഗവൺമെന്റിന്റെ പ്രധാന ചുമത

ലയാണെന്നും മഹാരാജാവും മന്ത്രിയും അറിഞ്ഞു. കരകൌശലങ്ങൾ യഥായോഗ്യം പ്രോത്സാഹിപ്പിക്കപ്പെട്ടു. ഭാരതീയവിജ്ഞാനത്തിന്റെ അധിഷ്ഠാനമായ സംസ്കൃതഭാഷ പഠിപ്പിക്കവാൻ ഒരു പാഠശാല സ്ഥാപിച്ചു. ആശുപത്രികൾ വർദ്ധിപ്പിച്ചു. ഗോവസൂരിപ്രയോഗത്തെ പ്രചാരപ്പെടുത്തി. അനേകം റോഡുകളും തോടുകളും വെട്ടിച്ചു. കൊല്ലംവരെ റയിൽവേ നടപ്പാക്കണമെന്നും അക്കാലത്തു ആലോചനയുണ്ടായി. രാമരായർ ൧൦൬൭-ൽ പെൻഷൻ പററി പിരിഞ്ഞു. അദ്ദേഹത്തിന്റെ ഉദ്യോഗകാലത്തിൽ പ്രജകൾക്കു അസംഖ്യം ഗുണങ്ങൾ സിദ്ധിച്ചിട്ടുണ്ടു്. ദിവാൻജിയുടെ ഭരണരീതിയെപ്പററി പത്രങ്ങളിൽ പല ആക്ഷേപങ്ങളും പ്രസിദ്ധീകരിക്കാനിടയായിട്ടുണ്ടു്. എന്നാൽ മഹാരാജാവു് തിരുമനസ്സുകൊണ്ടു് അദ്ദേഹത്തിന്റെ നേക്കു വിശ്വാസത്തോടും സ്നേഹത്തോടും കൂടി തന്നെ പെരുമാറിവന്നു. ബ്രിട്ടീഷുഗവമ്മെൻറും രാമരായർ അവർകളുടെ സാമർത്ഥ്യത്തിനും രാജഭക്തിയ്ക്കും പല സാക്ഷ്യപത്രങ്ങൾ നൽകീട്ടുണ്ടു്. അങ്ങിനെയുള്ള ദിവാൻജി തന്നെ, താൻ നടപ്പിൽ വരുത്തീട്ടുള്ള പരിഷ്കാരങ്ങൾ എല്ലാം തിരുമനസ്സിലെ ഉപദേശപ്രകാരമാണെന്നു പലതവണ രേഖപ്പെടുത്തിട്ടുള്ള സ്ഥിതിക്കു തിരുമനസ്സിലെ ഭരണസാമർത്ഥ്യം അത്യുൽകൃഷ്ടമായിരുന്നുവെന്നുള്ളതു് നിരാക്ഷേപമായ വസ്തുതയാണല്ലോ.

രാമരായക്കു പകരം ദിവാൻജിയായി നിയമിക്കപ്പെട്ടതു സീനിയർ ദിവാൻ പേഷ്കാരായ ശങ്കരസുബ്ബയ്യരാകുന്നു. അദ്ദേഹമാകട്ടെ വളരെ താഴ്ന്ന ഉദ്യോഗങ്ങൾ പലതും പടിപടിയായി കടന്നു് പരിശ്രമശീലത്താൽ അതിസമർത്ഥനായി ഭരണസാമർത്ഥ്യത്താലും രാജഭക്തിയാലും രാജപ്രീതി സമ്പാദിച്ച ഒരു

മഹാനായിരുന്നു. ദേശീയവിദ്യാഭ്യാസത്തിനു തിരുവിതാംകൂറിൽ പ്രചാരം വരുത്തുന്നതിനു അദ്ദേഹം ഒട്ടധികം ശ്രമപ്പെട്ടിട്ടുണ്ട്. സർ, ടി. മാധവരായരുടെ കാലത്തു വിദ്യാഭ്യാസഡിപ്പാർട്ടുമെൻറു പരിഷ്കരിക്കാനായിനിയമിക്കപ്പെട്ടതു് അദ്ദേഹമായിരുന്നു. ശ്രീമൂലംതിരുനാൾ മഹാരാജാവു് തിരുമനസ്സുകൊണ്ടും വിദ്യാഭ്യാസപ്രചാരണത്തിൽ ബദ്ധദീക്ഷനായി. ഗ്രാൻറുപള്ളിക്കൂടങ്ങൾക്കു കൂടുതലായ സഹായധനങ്ങളും മററു പല സഹായങ്ങളും ലഭിച്ചു. അദ്ധ്യാപകന്മാരെ പഠിപ്പിക്കുന്നതിനായി നാർമ്മൽസ്കൂൾ ഏർപ്പെടുത്തി. നിയമകല അഭ്യസിപ്പിക്കുവാനായി ലാക്കാളേജിനെ പരിഷ്കരിച്ചു. സ്ത്രീകൾക്കു ഉന്നതവിദ്യാഭ്യാസത്തിനു ഒരു കാളേജ് ഏർപ്പെടുത്തി. കരകൌശലശാലയെ പുഷ്ടിപ്പെടുത്തി. പ്രാചീനശിലാലിഖിതങ്ങൾ കണ്ടുപിടിച്ചു പരസ്യം ചെയ്യാനുള്ള ജോലി ഒരു പ്രത്യേകവകുപ്പിൽ വ്യവസ്ഥാപിതമാക്കി. ആരോഗ്യരക്ഷയ്ക്കുള്ള ഏർപ്പാടുകൾ ക്രമപ്പെടുത്തി. സാനിട്ടറി വകുപ്പ് സ്ഥാപിച്ചു. നഗരങ്ങളുടെ ഉത്തമഭരണത്തിനു നഗരപരിഷ്കരണ സഭകൾ ഉണ്ടായി. ആയുർവേദം ജനങ്ങൾക്കു ഉപകാരമാക്കിത്തീർക്കാൻ പല വ്യവസ്ഥകളും ചെയ്തു് അതിനു് ഒരു പ്രത്യേക ഉദ്യോഗസ്ഥനെയും നിയമിച്ചു.

ശങ്കരസുബ്ബയ്യരുടെ കാലത്തുണ്ടായ പ്രധാന അനുഗ്രഹങ്ങളിൽ ഒന്നു് പേച്ചിപ്പാറ അണയാകുന്നു. ദക്ഷിണതിരുവിതാംകൂർ പണ്ടുപണ്ടുതന്നെ നെൽകൃഷിക്കു പ്രസിദ്ധമാണു്. എന്നാൽ ഉത്തരതിരുവിതാംകൂറിലേപ്പോലെ അവിടെ ജലസൌകര്യങ്ങൾ ഇല്ല. വെള്ളമില്ലാതെ, നിലങ്ങൾ കരിഞ്ഞുപോകയാൽ കൂടക്കൂടെ ക്ഷാമങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. സർക്കാരിൽ നിന്നും പലപ്പോഴും കരം ഇളച്ചുകൊടുക്കേണ്ടതായും വന്നു

കൂടി. കോതയാററിലെ വെള്ളം അണകെട്ടി തടഞ്ഞുനിറുത്തി ചാൽവച്ചു കൊണ്ടുപോയി നിലങ്ങളിൽ വിടണമെന്നുള്ള അഗ്രഹം മുൻകാലങ്ങളിലെ രാജാക്കന്മാൎക്കും ഉണ്ടായിട്ടുണ്ട്. പാണ്ടിയൻഅണ അങ്ങിനെയാണുണ്ടായതു്. എന്നാൽ വലുതായ ഒരു സംഖ്യ ചിലവുചെയ്തു് ഉറപ്പുള്ള അണ കെട്ടിയാലല്ലാതെ ജലസംഭരണം സാദ്ധ്യമാകയില്ലെന്നു വിദഗ്ദ്ധന്മാരായ എൻജിനീയറന്മാർ അഭിപ്രായപ്പെട്ടു. മഹാരാജാവു് തിരുമനസ്സുകൊണ്ടു് അണകെട്ടുവാൻ അനുവാദം നൽകി. ദിവാൻജി അക്കാൎയ്യത്തിൽ ശ്രദ്ധയോടും ഉത്സാഹത്തോടുംകൂടി പ്രവൎത്തിച്ചു. പെരിയാററിലെ വെള്ളം കൊണ്ടുപോയി ബ്രിട്ടീഷുഗവമ്മെൻറു മധുരജില്ലയിലെ കൃഷിയെ പോഷിപ്പിക്കുന്ന സ്ഥിതിക്കു കോതയാററിലെ വെള്ളം സമീപദിക്കുകളിൽ കൃഷിക്കുപയോഗമില്ലാതെ വിട്ടിരുന്നെങ്കിൽ അതു സൎക്കാരിൻെറ ദേശാഭിമാനത്തിനു കുറവായിത്തീരുമായിരുന്നു. അന്നദാതാവായ ശ്രീമൂലംതിരുനാൾ മഹാരാജാവിൻെറ പ്രജാവാത്സല്യത്തിനു ഉത്തമലക്ഷ്യമായി കോതയാററണ എന്നും പരിശോഭിക്കുന്നതാണു്.

ശങ്കരസുബ്ബയ്യർ അതിസമൎത്ഥനായ ദിവാൻജിയായിരുന്നു. എങ്കിലും അദ്ദേഹത്തിൻെറ ഭരണസാമൎത്ഥ്യത്തിനുള്ള പ്രധാന കാരണം തിരുമനസ്സിലെ ഗുണദോഷജ്ഞാനവും അനുഗ്രഹവും തന്നെ. പ്രധാനങ്ങളായ പല പരിഷ്കാരങ്ങളുടേയും ജന്മഹേതു തിരുമനസ്സുകൊണ്ടാണെന്നു ദിവാൻജിതന്നെ പലപ്പൊഴും സമ്മതിച്ചിട്ടുണ്ടു്. അങ്ങിനെയുള്ള അഭിപ്രായത്തെ ബ്രിട്ടീഷ് ഗവമ്മെൻറുകാർ സന്തോഷത്തോടുകൂടി അംഗീകരിച്ചിട്ടും ഉണ്ടു്. ശങ്കരസുബ്ബയ്യർ നീതിമാനാണെന്നുള്ള ബോധം സകല ജനങ്ങൾക്കും ഉണ്ടായിരുന്നു. സീനിയർ പേഷ്കാരന്മാരായ രാമരായരെയും ശങ്കരസുബ്ബയ്യരെയും ദിവാൻജിമാരായി നിയമി

ച്ചതു് രാജ്യഭരണക്ലേശത്തെ ലഘുവാക്കിത്തീർക്കാൻ കാരണമായതിൽ വച്ചു് തിരുമനസ്സിലേയ്ക്കു വളരെ ചാരിതാൎത്ഥ്യവും ഉണ്ടായി. ദിവാൻജിയുടെ സാമൎത്ഥ്യാദിഗുണങ്ങളെ ആദരിച്ചു ബ്രിട്ടിഷ് ഗവൎമ്മെന്റു അദ്ദേഹത്തിനു സി. ഐ. ഇ. എന്ന സ്ഥാനം നൽകി. ദിവാൻജിമാൎക്കു താമസിക്കുവാനുള്ള ഭക്തിവിലാസം പണിയിച്ചതു അദ്ദേഹത്തിന്റെ ഭരണകാലത്താകുന്നു.

1073 മീനമാസത്തിൽ ശങ്കരസുബ്ബയ്യർ ഉദ്യോഗമൊഴികയാൽ ഹൈക്കോടതിയിൽ ചീഫ് ജസ്റ്റിസ്സായിരുന്ന കൃഷ്ണസ്വാമിറായർ അവർകൾക്കു് കല്പിച്ചു നീട്ടുകൊടുത്തു. അദ്ദേഹം കാൎയ്യസാരജ്ഞനും സത്യസന്ധനും ധൎമ്മതല്പരനും ആയിരുന്നു. ഭിന്നകക്ഷികളുടെ വാദപ്രതിവാദങ്ങൾ കേട്ടും റിക്കാർട്ടുകൾ നോക്കിയും ദേഷ്യമോ ധൃതഗതിയോ കൂടാതെ വളരെക്കാലം വിധിയെഴുതിശീലിച്ച യോഗ്യനായ ഒരു ന്യായാധിപനിൽ സാഹസങ്ങൾ ഒന്നുംതന്നെ ഉണ്ടായിരിക്കയില്ലല്ലൊ. മഹാരാജാവും ദിവാൻജിയും വലുതായ പരസ്പരവിശ്വാസത്തോടുകൂടി രാജ്യകാൎയ്യങ്ങൾ നടത്തി: ബ്രിട്ടീഷുഗവൎമ്മെന്റിൽനിന്നും തിരുമനസ്സിലേയ്ക്കുള്ള ആചാരവെടികൾ പത്തൊൻപതിൽനിന്നും ഇരുപത്തൊന്നാക്കി. രാജവംശത്തിൽ സന്താനങ്ങളില്ലാതെ വരികയാൽ മാവേലിക്കരെ കൊട്ടാരത്തിൽനിന്നും രണ്ടുരാജകുമാരിമാരെ ദത്തെടുത്തു വംശത്തെ രക്ഷിക്കുന്നതിൽ തിരുമനസ്സിലേയ്ക്കു പ്രത്യേകമായ ശ്രദ്ധയുണ്ടായി. ആ മഹോത്സവം സംബന്ധിച്ചുള്ള പ്രധാന കാൎയ്യങ്ങൾ നടത്തുവാനുള്ള ഭാഗ്യം കൃഷ്ണസ്വാമിറായർ അവർകൾക്കാണു സിദ്ധിച്ചതു്. അതുപോലെ തന്നെ ഇദംപ്രഥമമായി ഇൻഡ്യാ വൈസറായി തിരുവിതാംകൂറിനെ സന്ദൎശിച്ചതും അന്നാകുന്നു.

ജാർജ്ജ് സപ്തമൻ തിരുമനസ്സിലെയ്ക്കു ചക്രവർത്തിസ്ഥാനം ലബ്ധമായതിനെ പ്രഖ്യാപനം ചെയ്യാനായി ഡൽഹി പട്ടണത്തിൽ നടന്ന മഹായോഗത്തിൽ തിരുമനസ്സുകൊണ്ടും എഴുന്നള്ളീട്ടുണ്ടായിരുന്നു. ആ സന്ദർഭത്തിൽ തിരുമനസ്സിലെയ്ക്കു കെ. ജി. സി. എസ്സ്. ഐ. എന്ന ഉന്നതബിരുദ് ലഭിച്ചു. "ഡെൽഹി ഡർബാർ ദിവസം" തിരുവിതാംകൂറിന്റെ നാനാഭാഗങ്ങളിലും യഥോചിതം ആഘോഷിക്കപ്പെട്ടു. വൈസ്രായി മുതലായ ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാരാലും പ്രതാപവാന്മാരായ ഏതദ്ദേശീയരാജാക്കന്മാരാലും എന്നുവേണ്ട ഭാരതീയ ജനസമൂഹങ്ങളാൽ ആദരണീയനായി സ്വരാജ്യത്തിൽ തിരികെ എഴുന്നള്ളിയ മഹാരാജാവിനെ പ്രജാസമൂഹങ്ങൾ ഭക്തിയോടും സന്തോഷത്തോടുംകൂടി എതിരേററു. കൃഷ്ണസ്വാമിരായർ ദിവാൻപദത്തെ അലങ്കരിച്ചകാലം മുഴുവനും രാജ്യഭാരം സമാധാനമായി കഴിഞ്ഞു. അദ്ദേഹത്തിന്റെ ഉദ്യോഗജീവിതം കാര്യക്ഷമമായിരുന്നുവെന്നുള്ളതിൽ പക്ഷഭേദം ഉണ്ടാവാൻ തരമില്ല. മന്ത്രിയുടെ സ്വാമിഭക്തിയെയും കാര്യജ്ഞാനത്തെയും പരിശ്രമത്തെയും പ്രശാന്തമായ ഭരണനൈപുണ്യത്തെയും ഹാർദ്ദമായി അനുമോദിച്ചു തിരുമനസ്സുകൊണ്ടുതന്നെ രേഖപ്പെടുത്തിട്ടുണ്ട്.

കൃഷ്ണസ്വാമിരായർ അവർകൾ ഉദ്യോഗമൊഴിഞ്ഞപ്പോൾ, പകരം ആൾ നിയമിക്കുന്ന വിഷയത്തിൽ പല സംഗതികളും ആലോചിക്കേണ്ടതായി വന്നു. ഒടുവിൽ മൈസൂർ രാജ്യത്തിൽ ഉദ്യോഗമായിരുന്ന വി. പി. മാധവരായരെയാണ് നിയമിച്ചത്. മാധവരായർ സമർത്ഥനും ധീരനും വിശാലഹൃദയനും ആണെന്ന് ചെറുപ്പത്തിലേ തന്നെ പ്രസിദ്ധി നേടി. മൈസൂറിൽ പല വലിയ ഉദ്യോഗങ്ങളിൽ ഇരുന്ന്

അദ്ദേഹം ഭരണകാൎയ്യങ്ങളിൽ അതിനിപുണനായിത്തീൎന്നു. തിരുവിതാംകൂറിലേക്കു പോരുന്ന കാലത്തു അദ്ദേഹം അവിടെ സീനിയർ കൌൺസില്ലറും റവന്യൂ കമ്മിഷണറും ആയിരുന്നു. ആ തരത്തിലുള്ള ഒരുദ്യോഗസ്ഥനെ ദിവാൻജിയായി നിയമിക്കണമെന്നു് തിരുമനസ്സുകൊണ്ടു് നിശ്ചയിച്ചതു വിവേകപൂൎവ്വമായ ഒരു തീരുമാനമാണെന്നു് സകല ജനങ്ങളും കൊണ്ടാടാനിടയായി. പുതിയ ദിവാൻജി ആകൃതികൊണ്ടും പ്രകൃതികൊണ്ടും പൂജ്യനായിരുന്നു. അദ്ദേഹത്തിന്റെ ജീവിതക്രമംതന്നെ രാജയോഗ്യമായ വിധത്തിൽ അത്ര ആഡംബരമായിട്ടാണു് കഴിഞ്ഞതു്. നിസ്സാരകാൎയ്യങ്ങൾ അദ്ദേഹത്തിന്റെ ശ്രദ്ധയെ ആകൎഷിച്ചില്ല. മാധവരായർ അവർകൾ യോഗ്യന്മാരായ ഉദ്യോഗസ്ഥന്മാരെ വിശ്വസിച്ചു് കാൎയ്യങ്ങൾ അവരെ ഭരമേല്പിച്ചു് മേൽനോട്ടംകൊണ്ടു തൃപ്തിപ്പെട്ടു. ഉന്നതമായ സ്ഥാനവും വലുതായ ശമ്പളവും സാരവത്തായ അധികാരബലവും ഉള്ള ഒരു മന്ത്രി നിസ്സാരകാൎയ്യങ്ങളിൽ അനാവശ്യമായി പ്രവേശിക്കുന്നതു പൊതുജനങ്ങൾക്കു വലിയ നഷ്ടമെന്നായിരുന്നു അദ്ദേഹത്തിന്റെ മതം. യാഥാസ്ഥിതികത്വവും ഉൽപ്പതിഷ്ണുത്വവും രാജാവിൽ യോജിച്ചതുപോലെ മന്ത്രിവൎയ്യനിലും ശോഭിച്ചു. അദ്ദേഹം പറഞ്ഞ ന്യായമായ കാൎയ്യങ്ങൾ തിരുമനസ്സുകൊണ്ടു് അംഗീകരിച്ചു. ഈ രാജ്യത്തിനു യോജിക്കാത്ത പ്രമേയങ്ങൾ മഹാരാജാവു് ദിവാൻജിയെ പറഞ്ഞു മനസ്സിലാക്കി പിൻവലിപ്പിച്ചു. പ്രജാക്ഷേമത്തിനാവശ്യമായ പരിഷ്കാരങ്ങളിൽ മന്ത്രിയ്ക്കു രാജപ്രോത്സാഹനം ലഭിച്ചു. മാധവരായരുടെ കാലത്തുണ്ടായ വ്യവസ്ഥകളിൽ ഏററവും പ്രധാനമായിട്ടുള്ളവ ശ്രീമൂലം പ്രജാസഭ സ്ഥാപിച്ചതും നെൽക്കരം നിറുത്തൽ ചെയ്തതും ആകുന്നു.

പണ്ടത്തെ കാലത്തുണ്ടായിരുന്ന ആചാരങ്ങളും ജീവിതക്രമങ്ങളും ഭരണനയങ്ങളും ആധുനിക പരിഷ്കാരത്തിന്റെ മുന്നണിയിൽ നില്ക്കുന്ന തിരുവിതാംകൂർ രാജ്യത്തിന്റെ അഭിവൃദ്ധിയ്ക്കു പൎയ്യാപ്തമല്ലാതെ ചമഞ്ഞു. വിദ്യാഭ്യാസം വൎദ്ധിച്ചു ജനങ്ങളെ സ്വാതന്ത്ര്യപ്രിയന്മാരാക്കിത്തീൎത്തു. സൎക്കാരിൽ നിന്നും ചെയ്യുന്നതു എല്ലാം ഉത്തമമെന്നു മുൻകാലത്തുള്ളവർ വിശ്വസിച്ചു. എന്നാൽ വൎത്തമാനപ്പത്രങ്ങളും ഗ്രന്ഥശാലകളും വൎദ്ധിക്കുകയും അന്യരാജ്യങ്ങളുമായി തിരുവിതാംകൂർകാൎക്കു പരിചയം സിദ്ധിക്കുകയും ചെയ്തപ്പോൾ രാജ്യഭരണക്രമത്തെപ്പററി ചിന്തിക്കുന്ന സ്വഭാവം പ്രജാസമൂഹങ്ങളിൽ ദൃഢമായിത്തീൎന്നു. ജനങ്ങളുടെ ആവശ്യങ്ങളും അഭിലാഷങ്ങളും സൂക്ഷ്മമായി അറിയുന്നതുകൊണ്ടു രാജ്യഭരണം ലഘുവായി ഭവിക്കുമെന്നു അധികൃതന്മാർ വിശ്വസിച്ചു. പ്രജാസഭാസ്ഥാപനം, തിരുമനസ്സുകൊണ്ടു കല്പിച്ചനുവദിച്ചു. സഭയുടെ പ്രഥമസമ്മേളനത്തിൽ അതിന്റെ ജനയിതാവായ ദിവാൻജിതന്നെ അദ്ധ്യക്ഷപീഠത്തെ അലങ്കരിക്കുകയും ചെയ്തു. തിരുവനന്തപുരത്തും അവാരം മുഴുവൻ പലമാതിരി ആഘോഷങ്ങൾ നടന്നു. രാജ്യത്തിന്റെ സമസ്തഭാഗങ്ങളിൽ നിന്നും യോഗ്യന്മാരായ മെമ്പറന്മാർ വന്നു നീതിരഹിതമല്ലാത്ത ധൈൎയ്യത്തോടും ഗണനീയമായ കാൎയ്യഗൌരവത്തോടും കൂടി നാട്ടുകാരുടെ ഐശ്വൎയ്യത്തിനു വേണ്ട വ്യവസ്ഥകൾ ചെയ്തുകൊടുക്കണമെന്നു നിവേദനം ചെയ്തു. ദിവാൻജി ഉചിതമായ മറുപടികൾ പറഞ്ഞു. സാധിക്കാവുന്നതെല്ലാം സാധിച്ചുകൊടുക്കാമെന്നു വാഗ്ദത്തം ചെയ്തു. അങ്ങിനെയുള്ള ഏൎപ്പാടുകൾക്കു കാരണഭൂതന്മാരായ മെമ്പറന്മാരെ നാട്ടുകാർ ബഹുമാനിച്ചു. അതുകൊണ്ടു് നാളതുവരെ പൊതുക്കാൎയ്യങ്ങളിൽ ശ്രദ്ധിച്ചിട്ടില്ലാത്ത പലരും പൊതുക്കാൎയ്യ

പ്രസക്തിയുണ്ടായി പ്രജാസഭമുഖേന രാജ്യത്തിനു ഒട്ടേറെ ഗുണങ്ങൾ സിദ്ധിച്ചിട്ടുണ്ടെന്നുള്ളതു നിർവിവാദമായ ഒരു വസ്തുതയാകുന്നു. ശ്രീമൂലം പ്രജാസഭയിൽ നടക്കുന്ന കാര്യങ്ങൾ അറിഞ്ഞു ഉചിതമായി പ്രവർത്തിക്കാൻ ശ്രീമൂലം തിരുനാൾ മഹാരാജാവു് താല്പര്യം പ്രദർശിപ്പിച്ചു.

നെല്ക്കരം നിറുത്തിയതും ജനക്ഷേമത്തിന് അത്യന്തം ഉപയോഗപ്രദമായി. പ്രാചീനകാലങ്ങളിൽ ഭൂനികുതി നെല്ലായിട്ടാണു് ക്ലിപ്തപ്പെടുത്തിയിരുന്നതു്. അതു സംബന്ധിച്ചുള്ള നിയമങ്ങൾ നീതിയ്ക്കു ചേർന്നവയായിരുന്നു. എന്നാൽ കീഴ്ജീവനക്കാരുടെ ക്രമക്കേടുകൾ നിമിത്തം കൃഷിക്കാർക്കു വളരെ സങ്കടത്തിനും നഷ്ടത്തിനും ഇടവന്നു. വ്യാജമായ അളവുകൾ പലടത്തും നിറഞ്ഞു. സർക്കാർ സ്ഥലങ്ങളിൽ നെല്ലുകൊണ്ടു ചെന്നു് അളവു കൊടുക്കുന്നതു വളരെ കഷ്ടപ്പാടായി. നെല്ലിനു പകരം പണം കൊടുക്കാമെന്നുവെച്ചാൽ കമ്പോളനിരക്കിൽ കൂടുതലായ തുകകൾ കൊടുക്കണമെന്നു് സർക്കാർ ജീവനക്കാർ ശാഠ്യം പിടിച്ചു. മാധവരായരുടെ പരിഷ്കാരം ഏററവും ബുദ്ധിപൂർവ്വവും ന്യായവും ആയിരുന്നു. ഒരു പറ നെല്ലിനു പതിനൊന്നു ചക്രം കൊടുത്താൽ മതിയെന്നു വന്നപ്പോൾ നാട്ടുകാർക്കു വളരെ ആശ്വാസമായി. സർ, ടി. മാധവരായരുടെ സ്മരണയ്ക്കു ചെമ്പുപ്രതിമയുണ്ടായിട്ടുണ്ടു്. എന്നാൽ വി. പി. മാധവരായരുടെ പ്രതിമ ജനസാമാന്യത്തിന്റെ മനസ്സിൽ ഇന്നും വിളങ്ങുന്നു. ഇങ്ങിനെ ഗുണവാന്മാരായ മഹാരാജാക്കന്മാരെയും ജനക്ഷേമതല്പരന്മാരായ മന്ത്രിമാരെയും തിരുവിതാംകൂർ രാജ്യവാസികൾ അന്നപ്രാശനം മുതൽ അനുസ്മരിച്ചുവരുന്നു. വളരെക്കാലമായി കുഴഞ്ഞുകിടന്ന സർക്കാർ കണക്കുകൾ ശരിപ്പെടുത്തിയതും മാധവരായരുടെ വിജയങ്ങളിൽ പ്രധാനമായ ഒന്നാകുന്നു.

പുറമേനിന്നും ഒരു ദിവാൻജിയെ നിയമിച്ചതോടുകൂടി പിന്നത്തെ ദിവാൻജിയും വെളിയിൽനിന്നുതന്നെ വരാനിടയായി. ബ്രിട്ടീഷിൽ ജില്ലാജഡ്ജിയായിരുന്ന ഗോപാലാചാര്യർ അവർകളാണ് മാധവരായരുടെ അടുത്ത പിൻഗാമിയായതു്. അദ്ദേഹം ബുദ്ധിമാനായിരുന്നുവെങ്കിലും ജനങ്ങളോടു പെരുമാറുന്നതിനാവശ്യമുള്ള കൌശലങ്ങളിൽ അപരിചിതനായിരുന്നു. ജനപ്രതിനിധികളുടെ അഭിപ്രായം പല കാര്യത്തിലും അദ്ദേഹത്തിനു സ്വീകാര്യമായില്ല. ശ്രീമൂലംപ്രജാസഭതന്നെ ഉപദ്രവമാണെന്നു ദിവാൻജിക്ക് അഭിപ്രായമുണ്ടായതായും പറയപ്പെട്ടിരിക്കുന്നു. ഏതായാലും പൊതുജനങ്ങൾ ഉണർന്ന് ബഹളംകൂട്ടി. മഹാരാജാവ് തിരുമനസ്സുകൊണ്ട് പ്രജാസഭ വേണമെന്നുതന്നെ തീരുമാനിക്കുകയും ചെയ്തു.

ഗോപാലാചാരി അധികം താമസിക്കാതെ ഉദ്യോഗം ഒഴിഞ്ഞു. ബുദ്ധിസാമർത്ഥ്യവും, നയവും, ഭരണപരിചയവും, ബ്രിട്ടീഷ് ഗവണ്മെൻറിൻെറ വിശ്വാസവും, ധാരാളമുള്ള മിസ്റ്റർ രാജഗോപാലാചാരി ദിവാൻ പദത്തെ പ്രാപിക്കുകയും ചെയ്തു. മിസ്റ്റർ രാജഗോപാലാചരി മുമ്പ് കൊച്ചീരാജ്യത്തിലെ ദിവാൻജിയായിരുന്നു. അന്ന് അവിടെ പലപരിഷ്കാരങ്ങൾ നടപ്പിൽ വരുത്തീട്ടും ഉണ്ടു്. എന്നാൽ പരിഷ്കാരവിഭവങ്ങളുടെ ഇടയിൽ വളന്ന് മഹാവിദ്വാന്മാരായ മന്ത്രിമാരുടെ സാമർത്ഥ്യം കണ്ടറിഞ്ഞു് രാജ്യകാര്യപടുവായിത്തീന്നിരുന്ന മഹാരാജാവു്, ദിവാൻജിയുടെ ഉത്സാഹത്തെ അനുകൂലിച്ചുവെങ്കിലും സന്ദിഗ്ദ്ധകാര്യങ്ങളിൽ ഉദാസീനനായിവത്തിച്ചു. ദിവാൻജി തിരുമനസ്സിലെ ഹിതമറിഞ്ഞു കാര്യങ്ങൾ നടത്തി. ശ്രീപത്മനാഭക്ഷേത്രത്തിലെ ഉത്സവങ്ങളിലും പള്ളിക്കെട്ടു മുതലായ അടിയന്തിരങ്ങളിലും രാജഗോപാലാചാര്യർ അതിശ്രദ്ധാലുവായി

വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിലേയ്ക്കു ആവശ്യമുള്ള പണം അനുവദിച്ചു. വലുതായ മരാമത്തുകൾ നടത്തിച്ചു. കൃഷിഡിപ്പാർട്ടുമെൻറിനെ പരിഷ്ക്കരിച്ചു് പാശ്ചാത്യ ശാസ്ത്രത്തിൽ വിദഗ്ദ്ധനായ ഒരു ഉദ്യോഗസ്ഥനെ അതിൻെറ മേലാവാക്കി. കോതയാററണയ്ക്കു ചിലവായ പണങ്ങളുടെ കണക്കുകൾ ശരിപ്പെടുത്തി. പേച്ചിപ്പാറ വെള്ളം ധാരാളം ലഭിക്കാവുന്ന സ്ഥലങ്ങളിലുള്ള കുളങ്ങൾ ലേലത്തിൽ വിററു നിലങ്ങളാക്കാൻ ജനങ്ങളെ ഉത്സാഹിപ്പിച്ചു. വളരെക്കാലമായി നടന്നുകൊണ്ടിരുന്ന കണ്ടെഴുത്തിനെ അവസാനിപ്പിച്ചു. ഭണ്ഡാരത്തിൽ മുതൽകൂട്ടി. സക്കാർഭൂമി കുടികൾക്കു പതിച്ചുകൊടുക്കുമ്പോൾ നിശ്ചയിക്കുന്ന തറവിലയും കരവും വദ്ധിപ്പിച്ചു. ദേവസ്വം വക മുതലുകളുടെയും വരവുകളുടെയും കണക്കുകൾ റവന കണക്കുകളുമായി കുഴഞ്ഞു കിടന്നതിനെ വേർതിരിച്ചു. ഉദ്യോഗസ്ഥന്മാക്കു ശമ്പളക്കൂടുതലും കൂടുതൽ അധികാരങ്ങളും കൊടുത്തു. നഗരശുചീകരണസഭകൾ വദ്ധിപ്പിച്ചു. അധഃകൃതവർഗ്ഗക്കാരുടെ വൈഷമ്യങ്ങൾക്കു ഏതാണ്ടു കുറവുവരുത്തി. അദ്ദേഹത്തിൻെറ ഭരണം ഊർജ്ജസ്വലമായിരുന്നു എന്നുള്ളതിനു സംശയമില്ല. അങ്ങിനെയുള്ള ഒരു ഉദ്യോഗസ്ഥനു ബ്രിട്ടീഷുസവീസ്സിൽ വലിയ വലിയ ഉദ്യോഗവും സ്ഥാനമാനവും ലഭിച്ചതു നമ്മുടെ നാട്ടുകാക്കു പൊതുവെ അഭിമാനഹേതുവായിത്തീന്നു. മദ്രാസ് നിയമസഭയുടെ അദ്ധ്യക്ഷനായി ശോഭിച്ച മിസ്റ്റർ ആചാര്യക്കു തിരുവിതാംകൂർ നിയമസഭയിലും ശ്രീമൂലം പ്രജാസഭയിലും ലഭിച്ച വളരെക്കാലത്തെ പരിചയം ഉപയോഗപ്രദമായിത്തീന്നു. ശ്രീമൂലം തിരുനാൾ തിരുമനസ്സിലെ അനുമോദനത്തെ അദ്ദേഹം സർവ്വോപരിയായി ഗണിച്ചു.

മിസ്റ്റർ രാജഗോപാലാചാരി ബ്രിട്ടീഷുസവീസ്സിലേയ്ക്കുമടങ്ങിയയുടൻ ഹൈക്കോടതി ഒന്നാംജഡ്ജിയായിരുന്ന കൃഷ്ണൻ

നായർ അവർകളാണു് ആ സ്ഥാനത്തിൽ നിയമിക്കപ്പെട്ടതു്. ഉന്നതപരീക്ഷകളിൽ വിജയവും, സ്വാതന്ത്ര്യസിദ്ധമായ ബുദ്ധിശക്തിയും, ഭാരതമഹാജനസഭയിലും മദ്രാസ്സ് നിയമനിർമ്മാണസഭയിലും സാമാജികനായിരുന്നു സമ്പാദിച്ച അറിവും, തിരുവിതാംകൂറിൽ തന്നെ ജഡ്ജിയായിരുന്നതു് കൊണ്ടുണ്ടായ കാര്യജ്ഞതയും സർവ്വോപരിയായ രാജഭക്തിയും കൊണ്ടു് അദ്ദേഹം തിരുമനസ്സിലെ വിശ്വസ്തമന്ത്രിയായിത്തീർന്നു. മിസ്റ്റർ കൃഷ്ണൻനായർ പ്രജാഹിതത്തിൽ അതിതല്പരനായിരുന്നു. അദ്ദേഹത്തിൻെറ ഉദ്യോഗകാലത്തിൽ സർക്കാരിൻെറ സകല ശക്തികളും പ്രയോഗിച്ചു ബ്രിട്ടീഷുകാർക്കു മഹായുദ്ധത്തിൽ വിജയസിദ്ധിയുണ്ടാവാൻ തിരുവിതാംകൂറിൽനിന്നും വളരെ പണവും സാമാനങ്ങളും അയച്ചു. അതെല്ലാം ശ്രമസാദ്ധ്യമായിരുന്നു. എന്നിട്ടും ന്യായമായ മാർഗ്ഗങ്ങളിൽ പണമുണ്ടാക്കിയും ചെലവുകൾ കഴിയുന്നത്ര ചുരുക്കിയും പരിഷ്കൃതമായ രാജ്യഭാരരീതികളും ജനങ്ങളുടെ ആവശ്യങ്ങൾക്കു വൈകല്യം വരുത്താതെയും ഭരണകൃത്യങ്ങൾ നടത്താൻ അദ്ദേഹത്തിനു സാധിച്ചു. കൃഷ്ണൻനായർ അവർകൾ പൌരാവകാശങ്ങളുടെ അടിസ്ഥാനം ബലപ്പെടുത്തുവാൻ യത്നിച്ചു. നിയമനിർമ്മാണസഭയുടെ അധികാരങ്ങൾ വർദ്ധിപ്പിച്ചു് സാമാജികന്മാരുടെ സംഖ്യയും കൂട്ടി.

ദിവാൻ ബഹദൂർ കൃഷ്ണൻനായർ ബഹളങ്ങൾ കൂടാതെ വിവേകപൂർവ്വം കാര്യങ്ങൾ നിർവ്വഹിച്ചതിനാൽ മഹായുദ്ധത്താൽ ലോകമാസകലം ഭയങ്കരങ്ങളായ വിപ്ലവങ്ങൾ ഉണ്ടായിരുന്നിട്ടും തിരുവിതാംകൂറിലെ പ്രജകൾ സമാധാനമായി കാലം കഴിച്ചു. ആയവ്യയങ്ങൾ എല്ലാം ശ്രദ്ധയോടുകൂടി നടത്തി. ബ്രിട്ടീഷുഗവണ്മെൻറുമായി എഴുത്തുകുത്തു നടത്തി തേയിലത്തീരുവയിൽ ഒരു ഗണ്യമായ ഭാഗത്തിനു നമ്മുടെ രാജ്യത്തിനുള്ള അവ

കാശ് സ്ഥാപിച്ചു. തിരുമനസ്സിലെ ഷഷ്ട്യബ്ദപൂൎത്തി അടിയന്തിരം ചുമതലപ്പെട്ടു ആ മഹോത്സവം ഭംഗിയായി നടത്തിക്കുവാനുള്ള ഭാഗ്യവും അദ്ദേഹത്തിനാണുണ്ടായതു്. പെൻഷൻ വാങ്ങി പിരിഞ്ഞതിന്റെ ശേഷം അദ്ദേഹം മദ്രാസ്സ് നിയമസഭയിൽ ഒരു സാമാജികനായി തിരിഞ്ഞെടുക്കപ്പെട്ടു. ആ മഹാൻ ഇന്നു മദ്രാസ് ഗവൎണ്ണരുടെ ഭരണകാൎയ്യ സഭയിലെ മെമ്പറായി ചക്രവൎത്തി തിരുമനസ്സിലെയും പൊതുജനങ്ങളേയും സേവിക്കുന്നു. അതു തിരുവിതാംകൂർകാൎക്കു വലുതായ അഭിമാനത്തിനു കാരണമാണു്.

കൃഷ്ണൻനായർ അവർകൾക്കു പകരം നിയമിക്കപ്പെട്ടതു അനന്തപ്പൂർ കളക്ടരായിരുന്ന മിസ്റ്റർ ടി. രാഘവയ്യായാകുന്നു. അദ്ദേഹവും ഭരണശേഷിയും മഹാരാജാവിനോട് അപരിമിതമായ ഭക്തിയും ഉള്ള ഒരു മന്ത്രിവൎയ്യനായിരുന്നു. മിസ്റ്റർ രാഘവയ്യാ അന്യരുടെ തൃപ്തിക്കും സന്തോഷത്തിനുമായി സമ്പ്രദായം കാണിക്കുന്നയാളായിരുന്നില്ല. മഹാരാജാവ് തിരുമനസ്സുകൊണ്ടു് ന്യായമായ സംഗതികളിൽ എല്ലാം അദ്ദേഹത്തിനു പിൻബലം നൾകി. പൊതു ജനങ്ങളുടെ അഭിപ്രായഗതിയെ ആദരിച്ചും നീതിയെ പുരസ്കരിച്ചുംചെയ്ത വ്യവസ്ഥകൾകൊണ്ടു ജനങ്ങൾക്കു ദിവാൻജിയുടെ നേൎക്കു കാലക്രമത്തിൽ സന്തോഷമായിത്തുടങ്ങി.

മിസ്റ്റർ രാഘവയ്യ സദ്വൃത്തനും സ്ഥിരപരിശ്രമിയും വിശ്വസ്തനും ആണെന്നു തിരുമനസ്സുകൊണ്ടു നല്ലപോലെ അറിഞ്ഞു. ഗവൺമെൻറിന്റെ അവകാശങ്ങളും ആദായത്തിനുള്ള മാൎഗ്ഗങ്ങളും അദ്ദേഹം യഥായോഗ്യം പരിപാലിച്ചു. മിസ്റ്റർ രാഘവയ്യാ തിരുവിതാംകൂറിൽ നടത്തിയ പ്രധാന പരിഷ്കാരം

നിയമസഭയുടെ പുനസ്സംഘടനമാകുന്നു. സാമാജികന്മാരുടെ സംഖ്യ അൻപതായി വൎദ്ധിപ്പിച്ചു് സഭയുടെ അധികാരങ്ങളും കൂട്ടി. രാജ്യകാൎയ്യങ്ങൾ വേണ്ടുംവണ്ണം നടത്തുവാൻ നിയമസഭ ഒരു സഹായമായിത്തീൎന്നു. അതിൻെറ ആദ്ധ്യക്ഷസ്ഥാനം വഹിക്കുന്നതു ദിവാൻജിക്കു വളരെ സന്തോഷാവഹമായ ചുമതലയായിത്തീൎന്നു. ജനപ്രതിനിധികളുടെ അഭിപ്രായങ്ങൾ ആദരിക്കുന്നതിലും സഭയിൽ പാസ്സാക്കുന്ന നിശ്ചയങ്ങൾ നിവൃത്തിയുള്ളിടത്തോളം അംഗീകരിച്ചു നടപ്പിൽ വരുത്തുന്നതിലും മിസ്റ്റർ രാഘവയ്യൎക്കു പ്രത്യേകം ശ്രദ്ധയായിരുന്നു. ദിവാൻജിയുടെ ഭരണസാമൎത്ഥ്യത്തെ ബഹുമാനിച്ചു് ബ്രിട്ടീഷ് ഗവൺമെൻററിൽ നിന്നും അദ്ദേഹത്തിനു സി. എസ്സ്. ഐ. എന്ന സ്ഥാനം നൽകിയതു തിരുമനസ്സിലേയ്ക്കു അത്യന്തം സന്തോഷമായിത്തീൎന്നു.

ഇപ്രകാരം നാല്പതുസംവത്സരത്തോളം കാലം രാജ്യഭാരം ചെയ്ത മഹാരാജാവു് കാൎത്തികതിരുനാൾ മഹാരാജാവിനെപ്പോലെ പ്രജകളുടെ ഭക്തിപ്രകൎഷത്തിനും അത്യധികമായ സ്നേഹാദരങ്ങൾക്കും പാത്രവാനായിത്തീൎന്നു. അവിടത്തെ മനസ്സിൽ സദാ കരുണാരസം കളിയാടി. തിരുമനസ്സിലേയ്ക്കു ദിനചൎയ്യകളിലുണ്ടായിരുന്ന നിഷ്ഠ അത്ഭുതകരമായിട്ടുള്ളതാണു്. സമയത്തെക്കുറിച്ചുള്ള നിഷ്ഠ തിരുമനസ്സിലെപ്പോലെ ആൎക്കും സാധിച്ചിട്ടില്ല. നാലുമണിയ്ക്കു സവാരി എഴുന്നള്ളുന്നതു ഒരു ദിവസമെങ്കിലും തെററിയിരുന്നില്ല. കോട്ടയ്ക്കകത്തും പുത്തൻ കച്ചേരിയിലും ഉള്ള നാഴികമണികൾ തെററായ സമയം കാണിച്ചു എന്നു വന്നാലും തിരുമനസ്സിലെ സവാരി എഴുന്നള്ളത്തിൻെറ സമയത്തെ ആസ്പദമാക്കി മണി ക്ലിപ്തപ്പെടുത്താ

മായിരുന്നു. തിരിച്ചു എഴുന്നള്ളി കഴിഞ്ഞാൽ വീണ്ടും ദേഹശുദ്ധിവരുത്തി മതില്ക്കകത്തെഴുന്നള്ളി ശ്രീപത്മനാഭനെ സേവിച്ചശേഷം അമൃതേത്തു കഴിക്കും.

ഇപ്രകാരമുള്ള ദിനചര്യയ്ക്കു തിരുമനസ്സുകൊണ്ടു ഒരിക്കലും വ്യത്യാസം വരുത്തീട്ടില്ല. മോട്ടാർ വണ്ടിയിൽ കയറി സഞ്ചരിക്കുന്നതു കാലത്തിനു അനുകൂലം തന്നെ. എന്നാൽ രാജയോഗ്യമായ ആഡംബരത്തോടും തുറപ്പു മുതലായ അകമ്പടിയോടും കൂടി സാക്ഷാൽ കുലശേഖരപ്പെരുമാൾ തിരുമനസ്സുകൊണ്ട് സവാരി എഴുന്നള്ളുന്ന കാഴ്ച ഏററവും ആനന്ദപ്രദമായിരുന്നു. തിരുമനസ്സിലെപോലെ സഞ്ചാര പ്രിയന്മാരായ മഹാരാജാക്കന്മാർ തിരുവിതാംകൂറിൽ ഉണ്ടായിട്ടില്ലെന്നു തന്നെ പറയാം. മദ്രാസ്സിലും ബാംബെയിലും കല്ക്കട്ടായിലും എന്നുവേണ്ട ബ്രിട്ടീഷ് ഇൻഡ്യയിലെ മിക്ക പ്രധാന പട്ടണങ്ങളിലും. ബംഗളൂർ ഊട്ടി മുതലായ സുഖവാസസ്ഥലങ്ങളിലും അവിടുന്നു എഴുന്നള്ളിത്താമസിച്ചിട്ടുണ്ട്. ഈ രാജ്യത്തിലുള്ള പ്രധാന സ്ഥലങ്ങൾ എല്ലാം തിരുമനസ്സുകൊണ്ടു പലതവണ തൃക്കൺ പാർത്തിട്ടുണ്ട്. പൊന്നുതമ്പുരാന്റെ ആഗമനം ദിഗ്വാസികൾ വലിയ ഉത്സവമായി കൊണ്ടാടിവന്നു. വഞ്ചിരാജ്യവാസികളെപ്പോലെ രാജഭക്തിയുള്ള ജനങ്ങൾ ലോകത്തിൽ വേറെ എവിടെയെങ്കിലും ഉണ്ടോ എന്നു സംശയമാണ്. അനന്തകോടിപുണ്യം കൊണ്ടല്ലാതെ തിരുവിതാംകൂർ രാജ്യം ഭരിക്കാനുള്ള മഹാഭാഗ്യം ലഭിക്കുന്നതുമല്ല.

തിരുമനസ്സിലെ സുദീർഘമായ രാജ്യഭാരദശയിൽ അനേകം മഹാന്മാർ ഈ രാജ്യത്തെ സന്ദർശിച്ചിട്ടുണ്ട്. ബറോഡാ, കൊച്ചി, കാശി, ഭോർ, ദേവാസ്, വെങ്കിടഗിരി മുത

ലായ ഏതദ്ദേശീയ രാജാക്കന്മാർ തിരുവനന്തപുരത്തുവന്നു തിരുമനസ്സിലെ സൌഹാൎദ്ദമയമായ ആതിഥ്യം സ്വീകരിച്ചിട്ടുണ്ടു്. അതുപോലെ തിരുമനസ്സുകൊണ്ടും പല നാട്ടുരാജ്യങ്ങളിലും എഴുന്നള്ളീട്ടുണ്ടു്, ധൎമ്മരാജാവിന്റെ ദർശനം മഹാഭാഗ്യമെന്നാത്രെ ഭാരതീയർ ആബാലവൃദ്ധം വിചാരിച്ചുവന്നതു്. അന്യദേശങ്ങളിൽ സഞ്ചരിക്കുന്ന കാലങ്ങളിൽ കല്പിച്ചു് അസംഖ്യം മംഗളപത്രങ്ങൾ സ്വീകരിച്ചു. അതു അവിടുത്തെ കാരുണ്യവിശേഷത്തിനു ഉത്തമ ലക്ഷ്യമായി ജനങ്ങൾ വിചാരിച്ചു.

മദ്രാസ് ഗവൎണ്ണറന്മാർ എല്ലാപേരും തിരുമനസ്സിലെ അതിഥികളായി തിരുവനന്തപുരത്തു വന്നു താമസിച്ചിട്ടുണ്ടു്. ലോകമാസകലം സഞ്ചരിച്ചു് രാജ്യങ്ങളുടെ സ്ഥിതിഭേദങ്ങളെല്ലാം ധരിച്ചിരുന്ന കഴ്സൺ പ്രഭുവിനു പോലും തിരുവിതാംകൂർ രാജ്യം അതിമനോഹരമായ ഒരു പ്രദേശമെന്നും ഇവിടത്തെ സൽക്കാരവിഭവങ്ങൾ അനന്യസാധാരണമെന്നും തോന്നി. തിരുമനസ്സിലെ സ്വഭാവഗുണത്തേയും, വംശശുദ്ധിയേയും കൃത്യബോധത്തെയും ജാതിമത ഭേദമെന്യേ പ്രജാസമൂഹത്തോടുള്ള ആൎജ്ജവത്തെയും കുറിച്ചു. വൈസ്രായി അവർകൾ വ്യക്തമായിരേഖപ്പെടുത്തുകയും പരസ്യമായി പ്രസംഗിക്കുകയുംചെയ്തു. മദ്രാസ് ഗവൎണ്ണരായിരുന്ന എല്ലാമഹാന്മാരും തിരുമനസ്സിലെ ആശയശുദ്ധിയേയും ഭരണനൈപുണിയേയും അടിക്കടി പ്രശംസിക്കാറുണ്ടായിരുന്നു. അംപ്തിൽ പ്രഭു ഇങ്ങിനെയാണു് അഭിപ്രായപ്പെട്ടിട്ടുള്ളതു്.

“തിരുമനസ്സിലെ സ്വഭാവത്തിൽ യാഥാസ്ഥിതികത്വവും പരിഷ്കൃതാശയങ്ങളും ഒരേ സമയത്തു യോജിച്ചിരിക്കുന്നു. അത്യുൽകൃഷ്ടമായിരിക്കുന്ന ബ്രിട്ടീഷ് സാമ്രാജ്യത്തിനു അഭിവൃ

ദ്ധിയുണ്ടായതും ഇങ്ങനെയുള്ള മഹാഗുണങ്ങളുടെ സംയോഗത്താലാണു്. ഇംഗ്ലണ്ടിലെ ഐശ്വര്യത്തിനു കാരണമായിത്തീൎന്നിട്ടുള്ള ശക്തികൾ തിരുവിതാംകൂറിലും പ്രവൎത്തിക്കുന്നതായി ഞാൻ കാണുന്നു. തിരുവിതാംകൂറും ഇംഗ്ലണ്ടും പ്രത്യേകവും വിദൂരവും ആയ ഭൂവിഭാഗങ്ങളിലാണു് സ്ഥിതിചെയ്യുന്നതു്. രണ്ടു രാജ്യങ്ങളിലും അധിവസിക്കുന്ന ജനങ്ങൾ ഭാഷകൊണ്ടും മതം കൊണ്ടും ആചാരാദികൾകൊണ്ടും വ്യത്യാസപ്പെട്ടിരിക്കുന്നു. എന്നാൽ ഉന്നതിയ്ക്കായി പ്രവൎത്തിക്കുന്ന പ്രേരണാശക്തികൾ രണ്ടിടത്തും ഒരു പോലെയിരിക്കുന്നു..................പുരാതനവും സുപ്രസിദ്ധവും ആയ ഒരു രാജകുടുംബത്തിൽ ജനിച്ച മഹാനുഭാവനായ മഹാരാജാവിനാലാണു് ഈ മനോഹരമായ രാജ്യം ഭരിക്കപ്പെട്ടുവരുന്നതു. ഉത്തമങ്ങളായ മാൎഗ്ഗങ്ങളിൽ കൂടി ജനങ്ങൾക്കു ഐശ്വര്യം വരുത്താനായിട്ടാണു് ഈ രാജശേഖരന്റെ നിരന്തര പ്രയത്നം, മഹാരാജാവിന്റെ ആശയും ആചാരവും സൎവ്വോൽകൃഷ്ടമാണു്.

ഈ പദ്ധതികളിൽകൂടി ഈ നാട്ടിലെ യുവജനങ്ങൾ സഞ്ചരിക്കുന്നപക്ഷം തിരുവിതാംകൂറിനു സകലൈശ്വര്യങ്ങളും ഭവിക്കും"

മഹാരാജാവു് തിരുമനസ്സിലെ നല്ലപോലെ അറിയാൻ ഇടയായിട്ടുള്ളവൎക്കെല്ലാം അവിടത്തെ ബുദ്ധിയും കാൎയ്യക്ഷമതയും സമചിത്തതയും ബോദ്ധ്യപ്പെട്ടിട്ടുണ്ടു്. റസിഡൻറന്മാരും ദിവാൻജിമാരും പലപ്പോഴും ചെയ്തിട്ടുള്ള പ്രശംസകൾ അവരുടെ നിരവധിയായ ബഹുമാനത്തെ സ്പഷ്ടമാക്കുന്നു. അവിടത്തെ രാജ്യഭാരം തിരുവിതാംകൂർ നിവാസികൾക്കു വിലയേറിയ അനുഗ്രഹമായി ഭവിച്ചു. കൃഷിയ്ക്കും കൈത്തൊഴിലിനും വളരെ സഹായം ലഭിച്ചു. വ്യവസായങ്ങൾക്കു് പലപ്രകാരേണ പ്രോത്സാ

ഹനമുണ്ടായി. പരസ്പരസഹായസംഘങ്ങൾ ഉത്ഭവിച്ചു. റയിൽ
വണ്ടിനടപ്പിൽവന്നു. നാട്ടുഭാഷാപള്ളിക്കൂടങ്ങൾ രാജ്യമൊട്ടുക്കു
നിറഞ്ഞു. നാട്ടുകാൎക്കു സന്തോഷംവരുമ്പോൾ തിരുമനസ്സുകൊ
ണ്ടും സന്തോഷിച്ചു. വൈഷമ്യം വരുമ്പോൾ സങ്കടപ്പെട്ടു. ബോ
വർയുദ്ധത്തിലും ജൎമ്മൻയുദ്ധത്തിലും ഇംഗ്ലീഷുകാൎക്കുവിജയമുണ്ടാ
കണമെന്നു മനസ്സലിഞ്ഞു പ്രാൎത്ഥിച്ചതുകൂടാതെ ഈ രാജ്യത്തി
ന്റെ സ്ഥിതിക്കനുകൂലമായ എല്ലാം സഹായങ്ങളും ചെയ്തു. മാ
ൎത്താണ്ഡവൎമ്മ മഹാരാജാവു് നാടുനീങ്ങിയ കാലത്തു കാൎത്തിക
തിരുനാൾ തിരുമനസ്സിലെ അടുക്കൽ വിളിച്ചു് ഇംഗ്ലീഷുകാരു
ടെ ബന്ധുത്വത്തെ പരിപാലിക്കണമെന്നു് അരുളിച്ചെയ്തവിവരം
ചരിത്രപ്രസിദ്ധമാണല്ലോ. ആ ഉപദേശത്തെ മൂലം തിരുനാൾ
മഹാരാജാവു് നൂററൻപതു സംവത്സരത്തെ പലിശകൂടി വളരെ
വളരെ വൎദ്ധിച്ച മുതൽപോലെ ആദരിച്ചു. വിക്ടോറിയാ ചക്ര
വൎത്തിനി തിരുമനസ്സുകൊണ്ടു തിരുവിതാംകൂർ രാജവംശത്തി
ന്റെ മഹത്വങ്ങൾ നല്ലപോലെ അറിഞ്ഞിരുന്നു. മഹാരാജാവു
തിരുമനസ്സിലേയ്ക്കു ലഭിച്ച ബഹുമതികൾ ആ ചിരകാലമൈ
ത്രിയ്ക്കു മതിയായ തെളിവായിട്ടുണ്ടു്.

മഹാരാജാവിന്റെ സമബുദ്ധിയോടുകൂടിയ ഭരണത്താൽ
പരിപോഷിതമായ വിദ്യാഭ്യാസപ്രചരണം സമുദായപരിഷ്കര
ണത്തിനും കാരണമായിത്തീൎന്നു. ഓരോ ജാതിക്കാർ പ്രത്യേകം
പ്രത്യേകം സംഘങ്ങൾ കൂടുകയും സ്വസമുദായത്തിന്റെ അഭ്യു
ന്നതിക്കായി യത്നം തുടങ്ങുകയും ചെയ്തു. ദായക്രമങ്ങൾക്കും
ആചാരങ്ങൾക്കും പല പല ഭേദഗതികൾ ഉണ്ടായി. നിയ
മങ്ങൾ നൂതനമായി രൂപീകരിച്ചു. സഭകളും വൎത്തമാനപത്ര
ങ്ങളും ഉൽകൃഷ്ടാശയങ്ങളെ പ്രചാരപ്പെടുത്തി. എന്നാൽ എ
ല്ലാ ജാതിക്കാൎക്കും സമസ്തപ്രജകൾക്കും പൊതുവായി സ്വര

ക്ഷാധികാരിയായി പ്രശോഭിച്ച ശ്രീമൂലംതിരുനാൾ തിരുമനസ്സുകൊണ്ടു് അപാരമായ ഭരണസാമൎത്ഥ്യത്താൽ വൎഗ്ഗവ്യത്യാസങ്ങളെല്ലാം വിഗണിച്ചു് നീതിപൂൎവ്വം രാജ്യഭാരംചെയ്തു. ജനങ്ങളുടെ ക്ഷേമം നാൾതോറും വളൎന്നു.

തിരുമനസ്സുകൊണ്ടു രാജ്യഭാരം ഏൽക്കുന്ന കാലത്തു് രാജകുടുംബത്തിൽ അഞ്ചു തമ്പുരാക്കന്മാർ ഉണ്ടായിരുന്നു. അവരിൽ എല്ലാരിലും മൂപ്പു ആററിങ്ങൽ മൂത്തതമ്പുരാൻ തിരുമനസ്സുകൊണ്ടായിരുന്നു. വിദുഷിയായ അവിടത്തെ പള്ളിക്കെട്ടു കഴിച്ചു കേരളവൎമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു സാഹിത്യലോകത്തിലെ ചക്രവൎത്തിയായിവിളങ്ങി. ആററുങ്ങൽ ഇളയതമ്പുരാൻതിരുമനസ്സുകൊണ്ടുംഗുണവതിയായിരുന്നു. ആ തിരുമേനിയുടെ പുത്രന്മാരായി കേരളവൎമ്മ രേവതി തിരുനാൾ തിരുമനസ്സുകൊണ്ടും രാമവൎമ്മ ചതയം തിരുനാൾ തിരുമനസ്സുകൊണ്ടും മാൎത്താണ്ഡവൎമ്മ അശ്വതിതിരുനാൾ തിരുമനസ്സുകൊണ്ടുംഇങ്ങിനെ തേജോമയന്മാരായ മൂന്നു രാജാക്കന്മാർ ഉണ്ടായിരുന്നു. എന്നാൽ തിരുമനസ്സിലെ സ്നേഹസന്തോഷങ്ങൾക്കു അക്ഷയപാത്രങ്ങളായിരുന്നആ തിരുമേനികൾ എല്ലാവരുടേയും ചരമംകണ്ടു് വ്യസനിക്കുവാനുള്ള ദുൎവ്വിധി മഹാരാജാവിനുണ്ടായി. എങ്കിലും ഭക്തിശിരോമണിയായ തിരുമനസ്സുകൊണ്ടു് ക്ലേശഭാരങ്ങളെല്ലാം ശ്രീപത്മനാഭങ്കൽ സമൎപ്പിച്ചു് സൽകൎമ്മാദികളെല്ലാം ജാഗ്രതയോടെ നടത്തി. ആററുങ്ങൽമൂത്ത തമ്പുരാൻ തിരുമനസ്സിലേയും ആററുങ്ങൽ ഇളയതമ്പുരാൻ തിരുമനസ്സിലേയും ഐശ്വൎയ്യത്താൽ വഞ്ചിരാജവംശത്തിനു വീണ്ടും പ്രതിഷ്ഠയുണ്ടായി. മൂത്തതമ്പുരാൻ തിരുമനസ്സിലെ അനന്തപുരത്തു കൊട്ടാരത്തിൽരാമവൎമ്മ വലിയകോയിത്തമ്പുരാൻ

തിരുമനസ്സുകൊണ്ടും ഇളയതമ്പുരാൻ തിരുമനസ്സിലെ കിളിമാനൂർ രവിവർമ്മ കൊച്ചുകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടും പള്ളിക്കെട്ടു കഴിച്ചു. പള്ളിക്കെട്ടുകൾ രണ്ടും സകലവിധമായ ആഡംബരപ്രൌഢിയോടും കൂടിനടത്തപ്പെട്ടു. രാജ്യവാസികൾ പരമാനന്ദതുന്ദിലന്മാരായി. അനപത്യതാമാകുന്ന അന്ധകാരത്തിൽ പരിതപിച്ചുകൊണ്ടിരുന്ന രാജവംശം ഭാവിയുടെ ഗർഭത്തിൽ സ്ഥിതി ചെയ്ത രാജകുമാരന്മാരെക്കൊണ്ടും രാജകുമാരിമാരെക്കൊണ്ടും തെളിഞ്ഞു പാരിജാതദ്വിതയത്തിലുള്ള സ്വർണ്ണകുസുമങ്ങൾ കണ്ടു് വൃദ്ധനായ രാജർഷിയുടെകണ്ണുകൾ കുളുത്തു. ൧൦൮൮ തുലാമാസത്തിൽ ശ്രീ ചിത്തിരതിരുനാൾ തിരുമനസ്സുകൊണ്ടു് അവതരണം ചെയ്തു.

ശ്രീ ചിത്തിരതിരുനാൾ തിരുമനസ്സുകൊണ്ടു് കൌമാരദശയിൽ തന്നെ ജനസമുദായത്തിന്റെ അമൃതവർഷം ചെയ്യുന്നതു കണ്ടു് അവിടുത്തേയ്ക്കു വലുതായ ആശ്വാസവും അമിതമായ സന്തോഷവും ഉണ്ടായി. ജൂണിയർ മഹാറാണി തിരുമനസ്സുകൊണ്ടു് കാർത്തികതിരുനാൾ തമ്പുരാട്ടി തിരുമനസ്സിലെയും ഉത്രാടംതിരുനാൾ കൊച്ചുതമ്പുരാൻ തിരുമനസ്സിലെയും പ്രസവിച്ചു. സീനിയർറാണി തിരുമനസ്സുകൊണ്ടു് ലളിതാംബാഭായി തമ്പുരാട്ടി തിരുമനസ്സിലെ പ്രസവിച്ചു് ഈ ചേരരാജ്യത്തിന്റെ ധർമ്മസംവർദ്ധിനിയായി പ്രശോഭിച്ചു. അങ്ങിനെയുള്ള വംശശ്രേയസ്സും നാനാജാതിമതസ്ഥരായ പ്രജാസമൂഹങ്ങളുടെ സ്ഥിരപ്രവൃദ്ധമായ ഐശ്വര്യവും കണ്ടു സന്തുഷ്ടനായ ശ്രീമൂലംതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു് ൧൦൯൯-ാമാണ്ടു് കർക്കടകമാസത്തിൽ സ്വർഗ്ഗാരോഹണം ചെയ്തു. രണശൂരന്മാരും

ഭരണനിപുണന്മാരും സകലകലാവല്ലഭന്മാരും സർവ്വോപരി പ്രജാവത്സലന്മാരും ആയ മഹാരാജാക്കന്മാരുടെ തിരുനാമധേയങ്ങൾ കൊണ്ടു വിളങ്ങുന്ന തിരുവിതാംകൂർ ചരിത്രത്തിൽ ശ്രീമൂലംതിരുനാൾ തിരുമനസ്സിലെ ജീവത്പ്രതിമ എല്ലാക്കാലവും കനകശോഭമായി ഉജ്ജ്വലിക്കുന്നതാണു്.

ശുഭം.

---

21 NOV 1953

MUL
097738